കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ- 680581
https://www.kila.ac.in

KERALA KNOWLEDGE ECONOMY MISSION

K-DISC
Kerala Development and Innovation Strategic Council

വിജ്ഞാന കേരളം ജനകീയ കാമ്പയിൻ

കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ- 680581 | https://www.kila.ac.in
ജനുവരി 2025

KERALA KNOWLEDGE ECONOMY MISSION

K-DISC
Kerala Development and Innovation Strategic Council

വിജ്ഞാന കേരളം ജനകീയ കാമ്പയിൻ

കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ്, തൃശ്ശൂർ- 680581

https://www. kila. ac. in

ജനുവരി 2025

വിജ്ഞാന കേരളം ജനകീയ കാമ്പയിൻ
പരിശീലന മൊഡ്യൂൾ

ചീഫ് എഡിറ്റോറിയൽ അഡ്വൈസർ
ഡോ. ടി.എം. തോമസ് ഐസക്
അഡ്വൈസർ, വിജ്ഞാന കേരളം ജനകീയ കാമ്പയിൻ

ചീഫ് എഡിറ്റർ
നിസാമുദ്ദീൻ എ. ഐഎഎസ്
ഡയറക്ടർ ജനറൽ, കില
മിഷൻ ഡയറക്ടർ, MGNREGS

എഡിറ്റേഴ്സ്
ഡോ. പി.വി. ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്
ഡോ. പി.എസ്. ശ്രീകല
ഡയറക്ടർ, കേരള നോളജ് ഇക്കണോമി മിഷൻ
ഡോ. കെ. രാജേഷ്
സീനിയർ അർബൻ ഫെല്ലോ, കില

പ്രോഗ്രാം കോർഡിനേറ്റർ
റിമ ജോസ്

രചനയിൽ സഹായിച്ചവർ
മുഹമ്മദ് സിയാദ്
സിബി അക്ബർ അലി പി.ടി.
ദീപ്തി സി.ജെ.
ഷഗ്ന നാഥ്
നിപിൻ രാജ്
അനീഷ് എം.ജി.
മഹേഷ് എം.എസ്.
വൈശാഖ് ആർ.എ.
അനൂപ് മാർക്കോസ് മാണി
ഹരികുമാർ ബി.
ഡോ. റാണി ആർ നായർ
അജിത്കുമാർ ആർ.
ഡോ. വിവേക് ജേക്കബ് ഏബ്രഹാം
ഡോ. തോംസൺ കെ അലക്സ്
രണനാഥൻ
വൈശാഖ് ആർ.എ.
പ്രിജിത്ത് പി.കെ.
നിതിൻ ചന്ദ്രൻ
ഷൈമി ഇ.പി.
സാബു ബാല
അജീഷ് കെ.എ.

ലേഔട്ട് & കവർ
അഭിരാം കെ.ടി.കെ

പ്രസാധനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680581
ഫോൺ: +914872207000, 2200244, 2207087 (ഓഫീസ്)
ഇമെയിൽ: info@kila.ac.in വെബ്സൈറ്റ്: www.kila.ac.in

അച്ചടി
കോപ്പറേറ്റീവ് പ്രസ്സ് മുളങ്കുന്നത്തുകാവ്

ജനുവരി 2025

Vijnjana Keralam Janakeeya Campaign
Parisheelana Module

Chief Editorial Advisor
Dr. T.M. Thomas Isaac
Advisor, Vijnjana Keralam Janakeeya Campaign

Chief Editor
Nizamudeen A. IAS
Director General, KILA
Mission Director, MGNREGS

Editors
Dr. P.V. Unnikrishnan
Member Secretary, K-Disc
Dr. P.S. Sreekala
Director- Kerala Knowledge Economy Mission
Dr. K Rajesh
Senior Urban Fellow, KILA

Program Coordinator
Rima Jose

Contributors
Mohammed Siyad
Sibi Akbar Ali P.T.
Deepthi C.J.
Shaghna Nath
Nipin Raj
Aneesh M.G.
Mahesh M.S.
Vysakh R.A.
Anoop Markose Mani
Harikumar B
Dr. Rani R Nair
Ajith Kumar R
Dr. Vivek Jacob Abraham
Dr. Thompson K Alex
Rananathan
Vaishakh R.A.
Prijith P.K.
Nitin Chandran
Shaimi E.P.
Sabu Bala
Ajeesh K.A.

Layout & Cover
Abhiram K.T.K

Published by

Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur – 680581
Phone: +914872207000, 2200244, 2207087 (Office)
Email: info@kila.ac.in Website: www.kila.ac.in

Printed at
Cooperative Press Mulamkunnathukavu

January 2025

വിജ്ഞാന കേരളം ജനകീയ കാമ്പയിൻ

കൈപ്പുസ്തകം

കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

സന്ദേശം

നം. 18/പ്രസ്/സി.എം.ഒ/25

തിരുവനന്തപുരം
03 ജനുവരി, 2025

കേരള വികസന മാതൃകയെ പുതിയ തലങ്ങളിലേക്ക് ഉയർത്താനുള്ള ഗൗരവമായ ഇടപെടലുകളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തിവരുന്നത്. അതിൽ പ്രധാനമാണ് ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂലമായ പരിവർത്തനം. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കേരളം ആർജ്ജിച്ച വൈജ്ഞാനിക അടിത്തറയെ തൊഴിൽശേഷിയാക്കി പരിവർത്തിപ്പിക്കുക എന്നത് വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ നിർമ്മിതിയിൽ പ്രധാനമാണ്. ഈ ലക്ഷ്യത്തോടെയാണ് കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തിക്കുന്നത്. ഡി.ഡബ്ല്യു.എം.എസ് പ്ലാറ്റ്ഫോം വഴി വിജ്ഞാന തൊഴിലുകളുടെ സൃഷ്ടിക്ക് കെ.കെ.ഇ.എം. 2021 മുതൽ നടത്തുന്ന ശ്രമങ്ങളെ വിപുലപ്പെടുത്തുന്നതിനാണ് വിജ്ഞാന കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ കാമ്പയിന്റെ വിജയത്തിന് കേരള സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തവും സഹകരണവും അനിവാര്യമാണ്.

വിജ്ഞാന തൊഴിൽ സൃഷ്ടിക്കായി വിപുലമായ ജനകീയ കാമ്പയിനാണ് ആലോചിച്ചിട്ടുള്ളത്. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, സന്നദ്ധപ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ ഉള്ളവർ ഈ കാമ്പയിനിൽ പങ്കാളികളാകും. വിജ്ഞാന കേരളസൃഷ്ടിക്കായി സംഘടിപ്പിക്കുന്ന വിപുലമായ പരിശീലന പരിപാടികൾക്ക് ഈ കൈപ്പുസ്തകം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

കേരള സർക്കാർ

എം.ബി. രാജേഷ്
തദ്ദേശസ്വയംഭരണവും എക്സൈസും
പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി

തിരുവനന്തപുരം
31.12.2024

സന്ദേശം

കേരള വികസന മാതൃക ലോക ശ്രദ്ധ നേടിയ ഒന്നാണ്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ കേരളം ആർജ്ജിച്ച നേട്ടങ്ങളാണ് പിന്നീട് കേരള വികസന മാതൃകയുടെ സൃഷ്ടിക്ക് ആധാരമായി വർത്തിച്ചത്. കേരളം പിൻതുടർന്ന വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മാതൃകയും ഇന്ന് ഇന്ത്യയൊട്ടാകെ പിൻതുടരുന്ന ഒന്നായി മാറിക്കഴിഞ്ഞു.

ഈ വികസന നേട്ടങ്ങൾക്കിടയിലും വിദ്യാസമ്പന്നർക്കിടയിലെ ഉയർന്ന തൊഴിലില്ലായ്മ ഒരു വികസന പ്രശ്നമായി തുടരുന്നു. കേരളത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള നോളജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം) രൂപീകരിക്കപ്പെട്ടത്. വിജ്ഞാന തൊഴിൽമേഖലയെ വികസിപ്പിച്ച് കേരളത്തിലെ വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നത് നോളജ് ഇക്കോണമി മിഷന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

DWMS എന്ന ജോബ് പോർട്ടൽ വികസിപ്പിച്ചും, തദ്ദേശസ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി അംബാസഡർമാരെ നിയമിച്ചും തൊഴിൽരഹിതരെ തൊഴിൽദാതാക്കളുമായി ബന്ധിപ്പിക്കാനുള്ള വലിയ ശ്രമം കെ.കെ.ഇ.എം കഴിഞ്ഞ 3 വർഷം നടത്തി. 17.5 ലക്ഷം തൊഴിലന്വേഷകർ DWMS പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്തു. തൊഴിൽ തേടുന്നവരെയും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൊണ്ട് തൊഴിൽ സഭകൾ നടത്തിയിരുന്നു. തൊഴിൽ - സംരംഭ പ്രവർത്തനങ്ങൾ പ്രാദേശിക അജണ്ടയായി മാറ്റുന്നതിന് ഇത് സഹായകമായി. ഇനി വേണ്ടത് രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരെ ജോബ് സ്റ്റേഷനുകൾ വഴിയും, തൊഴിൽ മേളകൾ വഴിയും തൊഴിലിലേക്ക് എത്തിക്കാനുള്ള ശ്രമമാണ്. വിജ്ഞാന കേരളം എന്ന ബൃഹത്തായ കാമ്പയിനിലൂടെ ഈ ദൗത്യം പൂർത്തികരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

വിജ്ഞാനകേരളം കാമ്പയിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സംസ്ഥാന ജില്ലാ പ്രാദേശിക തല സന്നദ്ധ പ്രവർത്തകർക്ക് വിപുലമായ പരിശീലനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഈ കൈപ്പുസ്തകം തയ്യാറാക്കിയ കില, കെ.കെ.ഇ.എം പ്രവർത്തകരെ അഭിനന്ദിക്കുന്നു. വിജ്ഞാനകേരളം കാമ്പയിൻ വലിയ വിജയമാക്കാൻ എല്ലാവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

എം.ബി. രാജേഷ്

ഡോ. പി.വി. ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്

സന്ദേശം

"വിജ്ഞാന കേരളം" പദ്ധതിയുടെ സമാരംഭം കേരളത്തിന്റെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ പരിവർത്തന യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. കേരള നോളജ് ഇക്കണോമി മിഷന്റെ (KKEM) പ്രവർത്തിക്കുന്ന ഈ പദ്ധതിയിലൂടെ നൂതന പ്രക്രിയകൾ, സാങ്കേതിക വിദ്യ എന്നിവ ഉപയോഗപ്പെടുത്തി പ്രാപ്തവും, കഴിവുറ്റതും, നൈപുണ്യവും, ശാക്തീകരണവുമുള്ള ഒരു തൊഴിൽമേഖല സൃഷ്ടിക്കാനുള്ള സംസ്ഥാനത്തിന്റെ പുരോഗമന കാഴ്ച്ചപ്പാട് പ്രകടമാക്കുന്നു.

സുസ്ഥിരവും വിജ്ഞാനാധിഷ്ഠിതവുമായ ഭാവി കെട്ടിപ്പടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രൊഫഷണലുകൾ, കമ്മ്യൂണിറ്റി അംബാസിഡർമാർ, റിസോഴ്സ് പേഴ്സണുകൾ എന്നിവരുടെ ഏകോപിതമായ ശ്രമങ്ങളുടെ സമന്വയമാണ് "വിജ്ഞാന കേരളം" പ്രതിഫലിപ്പിക്കുന്നത്. തന്ത്രപരമായ ഇടപെടലുകളിലൂടെയും എല്ലാവരുടെയും പങ്കാളിത്തത്തിലൂടെയും, സുസ്ഥിരവും ജ്ഞാനാധിഷ്ഠിതവുമായ ഭാവിയെ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിനും ഈ പദ്ധതി സജ്ജമാണ്.

അഭിമാനത്തോടെയും ശുഭാപ്തിവിശ്വാസത്തോടെയും ഈ ഉദ്യമത്തിന്റെ വിജയത്തിന് ഞാൻ ആശംസകൾ നേരുന്നു. "വിജ്ഞാനകേരളം" പുരോഗതിയുടെ പ്രകാശഗോപുരമായി വർത്തിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്, പരിവർത്തനപരമായ വളർച്ചയെ പ്രചോദിപ്പിക്കും, ഈ ദർശനപരമായ പരിപാടിക്ക് സംഭാവന നൽകിയ എല്ലാവരെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അവരുടെ പ്രതിബദ്ധതയും പ്രയത്നവും കേരളത്തിന്റെ ഉജ്വലമായ ഭാവി രൂപപ്പെടുത്തുന്നതിനുള്ള പ്രചോദനമായിരിക്കും.

ഡോ. പി.വി. ഉണ്ണികൃഷ്ണൻ

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ, കേരള നോളജ് ഇക്കണോമി മിഷൻ

സന്ദേശം

നവകേരളം വിജ്ഞാന സമൂഹമായിരിക്കണം എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. സമ്പൂർണ സാക്ഷരതയും അധികാരവികേന്ദ്രീകരണത്തിലെ ജനകീയാസൂത്രണ മാതൃകയും കുടുംബശ്രീ സംവിധാനവും സൃഷ്ടിച്ച കേരളത്തിന് വിജ്ഞാന സമൂഹത്തിലേക്കുള്ള പരിവർത്തനം അസാധ്യമായ ഒന്നല്ല.

വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ അധിഷ്ഠിതമായ സമൂഹനിർമ്മിതിക്ക് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കേണ്ടത് അനിവാര്യമാണ്. ജീവിക്കാൻ ഏതെങ്കിലുമൊരു തൊഴിൽ എന്നതിനപ്പുറം ഓരോരുത്തർക്കും അവരുടെ വിദ്യാഭ്യാസയോഗ്യതയ്ക്കും അഭിരുചിക്കും അനുസൃതമായ തൊഴിൽ ലഭ്യമാവണം. ഇതിന് അനുയോജ്യമായ അന്തരീക്ഷമൊരുക്കാൻ സർക്കാർ രൂപീകരിച്ച പദ്ധതിയാണ് നോളെജ് ഇക്കോണമി മിഷൻ.

തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും തൊഴിലിന് അനിവാര്യമായ നൈപുണ്യം ആർജ്ജിക്കാൻ സഹായിക്കുന്ന പരിശീലന ഏജൻസികളെയും ഏകോപിപ്പിക്കുന്ന സംവിധാനമായാണ് മിഷൻ പ്രവർത്തിക്കുന്നത്. ഇതിനായി രൂപപ്പെടുത്തിയ ഡിജിറ്റൽ വർക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പോർട്ടലിൽ, 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന പദ്ധതിയിലൂടെ പതിനേഴലക്ഷത്തോളം തൊഴിൽ അന്വേഷകരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ രജിസ്റ്റർ ചെയ്യിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാർശ്വവൽകൃതർക്കും സ്ത്രീകൾക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാകണം എന്ന ഉദ്ദേശ്യത്തോടെ വ്യത്യസ്ത ഉപപദ്ധതികളും മിഷൻ നടപ്പിലാക്കുന്നുണ്ട്. അതത് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ പട്ടിക ജാതി - പട്ടിക വർഗ്ഗക്കാർക്കും ഭിന്നശേഷിക്കാർക്കും ട്രാൻസ് ജൻഡർ വ്യക്തികൾക്കും മത്സ്യതൊഴിലാളി വിഭാഗത്തിലുള്ളവർക്കും പ്രത്യേകപദ്ധതികൾ നിലവിലുണ്ട്. ഒരുലക്ഷത്തിലധികം പേർക്ക് തൊഴിൽ ലഭ്യമായി.

തളിപ്പറമ്പ് വർക്കല, കളമശ്ശേരി, ഒറ്റപ്പാലം എന്നീ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ അതത് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ മിഷന്റെ പ്രവർത്ത

നങ്ങൾ ജനകീയമായി നടന്നുവരുന്നു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്ന് തുക വകയിരുത്തിക്കൊണ്ട് പ്രത്യേക പ്രോജക്ടുകൾ നൈപുണ്യ പരിശീലനത്തിനും തൊഴിൽ മേളയ്ക്കുമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, വിജ്ഞാന പത്തനംതിട്ട, വിജ്ഞാന ആലപ്പുഴ എന്നിവ ജില്ലകൾ കേന്ദ്രീകരിച്ചും നിലവിലുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഫെസിലിറ്റേഷൻ സെന്റർ, ബ്ലോക്ക്-മുനിസിപ്പൽ- കോർപറേഷൻ കേന്ദ്രീകരിച്ച് ജോബ് സ്റ്റേഷനുകൾ എന്നിവ തൊഴിൽ അന്വേഷകർക്ക് സഹായകമായി പ്രവർത്തിക്കുന്നു.

ഇത്തരം പ്രവർത്തനങ്ങളുടെ മാതൃക പിന്തുടർന്നുകൊണ്ട് സംസ്ഥാനവ്യാപകമായി ജനകീയസ്വഭാവത്തോടെ പദ്ധതികൾ വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായി വിജ്ഞാനകേരളം എന്ന പേരിൽ സന്നദ്ധ പ്രവർത്തനത്തിലും പങ്കാളിത്ത സ്വഭാവത്തിലും അധിഷ്ഠിതമായ പുതിയൊരു സംരംഭത്തിലേക്ക് നോളെജ് ഇക്കോണമി മിഷൻ കടക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകും.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വ്യവസായിക രംഗത്തെയും വിദഗ്ധരും തൊഴിലന്വേഷകരെ തൊഴിൽ സജ്ജരാക്കാനുള്ള പ്രവർത്തനത്തിൽ സന്നദ്ധസ്വഭാവത്തോടെ സഹകരിക്കും കൂടാതെ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച്, ജോലിക്ക് വേണ്ടി പരിശീലനം എന്ന ഉദ്ദേശ്യത്തോടെയുള്ള നൈപുണ്യ പരിശീലന പരിപാടികളും നടക്കും.

പതിനായിരക്കണക്കിന് സന്നദ്ധപ്രവർത്തകരും ലക്ഷക്കണക്കിന് തൊഴിലന്വേഷകരും ഭാഗഭാക്കാകുന്ന ഈ സംരംഭം കേരളം സൃഷ്ടിക്കുന്ന മറ്റൊരു മാതൃകയായിരിക്കും. വികസനം ജനപങ്കാളിത്തത്തിലൂടെ എന്നല്ല, ജനങ്ങളുടെ നേതൃത്വത്തിൽ യഥാർഥ്യമാകുന്ന സ്ഥിതിയിലേക്ക് കേരളം നീങ്ങുകയാണ്. കേരളത്തെ വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുകയെന്ന ലക്ഷ്യം നമുക്കെല്ലാവർക്കും ഒറ്റമനസ്സോടെ ഏറ്റെടുക്കാം.

ഡോ. പി.എസ്. ശ്രീകല



നിസാമുദ്ദീൻ എ. ഐഎഎസ്
ഡയറക്ടർ ജനറൽ, കില
മിഷൻ ഡയറക്ടർ, MGNREGS

സന്ദേശം

വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളാണ് വിജ്ഞാന അടിത്തറയുള്ള കേരളം സൃഷ്ടിക്കുന്നതിന് നമ്മെ സഹായിച്ചത്. വിദ്യാഭ്യാസപരമായി ഏറെ മുൻപിൽ നിൽക്കുമ്പോഴും അഭ്യസ്ത വിദ്യർക്കിടയിലെ ഉയർന്ന തൊഴിലില്ലായ്മ കേരള വികസനത്തിലെ ഒരു പ്രതിസന്ധിയായി തുടരുന്നു.

ഈ പരിമിതി മറികടക്കുന്നതിന് വിജ്ഞാന അധിഷ്ഠിതമായ തൊഴിലുകൾ സൃഷ്ടിക്കുക എന്നതാണ് പോംവഴി ഈ ലക്ഷ്യത്തോടെയാണ് കെ.കെ.ഇ.എം അതിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ 3 വർഷമായി നടത്തി വരുന്നത്.

വിജ്ഞാന തൊഴിൽ സൃഷ്ടിക്കുള്ള കെ.കെ.ഇ.എം. പ്രവർത്തനങ്ങൾ കുറെകൂടി ജനകീയമായി സംഘടിപ്പിക്കുന്നതിനാണ് കേരള സർക്കാർ വിജ്ഞാന കേരളം പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

എ. നിസാമുദ്ദിൻ ഐഎഎസ്

കേരള സർക്കാർ

ഡോ. ടി.എം. തോമസ് ഐസക്

അഡ്വൈസർ, വിജ്ഞാന കേരളം ജനകീയ കാമ്പയിൻ

ജനകീയാസൂത്രണത്തിന്റെ മാതൃകയിൽ വീണ്ടും ഒരു വികസന ജനകീയ യജ്ഞം. അതാണ് വിജ്ഞാന കേരളം ജനകീയ കാമ്പയിൻ. 50000 സന്നദ്ധപ്രവർത്തകർ, 20000-30000 പ്രൊഫഷണൽ മെന്റർമാർ, 15000 ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് ഇതിൽ അണിനിരക്കുന്നത്.

5 ലക്ഷം അവസാന വർഷ വിദ്യാർത്ഥികൾക്ക് തൊഴിലിനോടു ബന്ധപ്പെടുത്തി നൈപുണി പരിശീലനം നൽകുക. 10 ലക്ഷം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിന്ന് ഗണ്യമായൊരു വിഭാഗത്തിന് ചിട്ടയായ തൊഴിൽമേളകളിലൂടെ തൊഴിൽ നൽകുക. ഇവയാണ് ലക്ഷ്യം.

ഇതിന് എന്തിനാണ് ജനകീയപ്രസ്ഥാനം? തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ നൈപുണി പരിശീലനത്തിനും തൊഴിൽമേളകൾക്കും യുവതി-യുവാക്കൾ സ്വയം സന്നദ്ധരാവില്ലേ? ഇല്ല എന്നതാണ് കഴിഞ്ഞ മൂന്നര വർഷക്കാലത്തെ അനുഭവം. മെന്റർമാരുടെ പിന്തുണയില്ലാതെ വിപുലമായ നൈപുണി പരിശീലനം സാധ്യമല്ല. അതുപോലെതന്നെ തൊഴിലന്വേഷകരെ അനുയോജ്യമായ തൊഴിലുകളുമായി ബന്ധപ്പെടുത്തുവാനും ആത്മവിശ്വാസത്തോടെ അഭിമുഖങ്ങളിൽ പങ്കെടുക്കുന്നതിനും വലിയതോതിലുള്ള ജനകീയ ഇടപെടൽ അനിവാര്യമാണ്.

എത്രനാൾ ഇത്തരമൊരു ജനകീയപ്രസ്ഥാനം വേണ്ടിവരും? ഇപ്പോഴത്തെ നാല് വർഷ വിദ്യാർത്ഥികൾ അവസാനവർഷം എത്തുമ്പോഴേക്കും നൈപുണി പരിശീലനം സ്ഥാപനങ്ങളിൽ വ്യവസ്ഥാപിതമായിക്കഴിഞ്ഞിരിക്കും. അതുപോലെതന്നെ തൊഴിലന്വേഷകരുടെ ഇന്നത്തെ ബാക്ക് ലോഗ് ഗണ്യമായി ഇല്ലാതായിക്കഴിഞ്ഞാൽ തൊഴിൽമേളകൾ അടക്കമുള്ള പ്രവർത്തനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തന മണ്ഡലത്തിന്റെ ഭാഗമാകും. ചുരുക്കത്തിൽ കാമ്പയിന്റെ വിജയത്തോടെ പ്രസ്ഥാനമെന്ന നിലയിലുള്ള പ്രവർത്തനങ്ങൾ അവസാനിക്കും.

എന്തുകൊണ്ടാണ് തൊഴിൽ നൽകാനുള്ള ഈ പ്രസ്ഥാനത്തെ വിജ്ഞാന കേരളം ജനകീയ കാമ്പയിൻ എന്നു വിളിക്കുന്നത്? കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ്. അവരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള തൊഴിലുകൾ എങ്ങനെ കേരളത്തിൽ സൃഷ്ടിക്കാം? ഈ ചോദ്യത്തിനുള്ള ഉത്തരമായിട്ടാണ് 2021-22-ലെ ബജറ്റിൽ വിജ്ഞാനസമ്പദ്ഘടന എന്ന ലക്ഷ്യം മുന്നോട്ടുവച്ചത്.

അവതാരിക

സമ്പദ്ഘടനയുടെ സാങ്കേതികാടിത്തറയെ ഏറ്റവും ആധുനികമായ ശാസ്ത്രസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ നവീകരിക്കുമ്പോഴാണ് വിജ്ഞാനസമ്പദ്ഘടനയാവുക. ഇത്തരമൊരു സമ്പദ്ഘടന സൃഷ്ടിക്കുന്നതിനുള്ള പശ്ചാത്തലസൗകര്യങ്ങളും ഉന്നതവിദ്യാഭ്യാസ പുനസംഘടനയും എല്ലാവരെയും ഉൾച്ചേർക്കുന്നതിനുള്ള സമീപനവും കേരള സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതോടൊപ്പം അനിവാര്യമായി നടക്കേണ്ടുന്ന ഒരു പ്രക്രിയയാണ് നൈപുണി പരിശീലനവും ജോലിക്ക് തൊഴിലന്വേഷകരെ പ്രാപ്തരാക്കലും. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കേരള നോളഡ്ജ് ഇക്കണോമി മിഷന്റെ മുൻകൈയിൽ എല്ലാ സർക്കാർ ഏജൻസികളെയും ഒരുമിച്ച് അണിനിരത്തിക്കൊണ്ടുള്ള ജനകീയപ്രസ്ഥാനമാണ് വിജ്ഞാന കേരളം ജനകീയ കാമ്പയിൻ.

സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ മുതലുള്ള പുരോഗമനപ്രസ്ഥാനങ്ങളുടെ ജനകീയ ഇടപെടലുകൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും മറ്റുപല മൂന്നാംലോകരാജ്യങ്ങളിൽനിന്നും വേറിട്ടൊരു വികസനാനുഭവം കേരളത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. ഈ പാരമ്പര്യത്തെ മുന്നോട്ടു കൊണ്ടുപോകുവാനും പുതിയ വികസനവെല്ലുവിളികളെ തരണംചെയ്യുവാനുമാകണം. അങ്ങനെ വേറിട്ടൊരു ലോകം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങളുടെ ഭാഗമാണ് വിജ്ഞാനകേരളം ജനകീയ കാമ്പയിൻ. ഈ കൈപ്പുസ്തകം കാമ്പയിനെക്കുറിച്ച് മനസിലാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും സഹായകരമാകുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ഡോ. ടി.എം. തോമസ് ഐസക്

ഉള്ളടക്കം

അധ്യായം 1 ..... **17**

കേരളം : ഇനി എന്ത്? **17**

കേരള വികസനത്തിലെ പ്രഥമഘട്ടം: ക്ഷേമനേട്ടങ്ങൾ 17

പുനർവിതരണ വികസനതന്ത്രം 19

കേരളം നേരിടുന്ന വെല്ലുവിളികൾ 20

സേവന-പരമ്പരാഗത മേഖലകളിലെ പ്രശ്നങ്ങൾ - ജനകീയാസൂത്രണം 21

പശ്ചാത്തല പിന്നാക്കാവസ്ഥ - കിഫ്ബി 21

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ - വിജ്ഞാനസമ്പദ്ഘടന 23

നൈപുണിവികസനം - കെ-ഡിസ്കും കെകെഇഎമ്മും 25

വിജ്ഞാനസമ്പദ്ഘടനയും വിജ്ഞാനസമൂഹവും 25

അധ്യായം 2 ..... **27**

വിജ്ഞാനകേരളം ജനകീയകാമ്പയിനിലേക്ക് **27**

ക്യൂറേഷൻ (curation), കൗൺസിലിങ് സേവനങ്ങൾ 30

ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ പദ്ധതികൾ 31

ഒരു ദിശാമാറ്റം 32

തളിപ്പറമ്പ് മണ്ഡലത്തിലെ അനുഭവങ്ങൾ 35

വിജ്ഞാന ആലപ്പുഴ 36

വിജ്ഞാനകേരളം കാമ്പയിൻ 36

അധ്യായം 3 ..... **37**

തൊഴിൽമേളകളിൽ തൊഴിലന്വേഷകരെ അണിനിരത്തൽ **37**

മൊബിലൈസേഷൻ കാമ്പയിന്റെ ലക്ഷ്യങ്ങൾ 37

തൊഴിൽമേളകൾ 38

ജില്ലാതല സംഘടനാസംവിധാനം 39

മൊബിലൈസേഷനും തൊഴിൽമേളയ്ക്കും വേണ്ടിയുള്ള സംഘടനാസംവിധാനം 41

ജോബ് സ്റ്റേഷനുകളും ചുമതലകളും 42

ഫെസിലിറ്റേഷൻ സെന്ററുകളും ചുമതലകളും 44

കമ്മ്യൂണിറ്റി അംബാസിഡർമാർ 44

പരിശീലനം 44

കൗൺസിലിങ്ങും ലഘുനൈപുണിപരിശീലനവും 45

അധ്യായം 4 ..... **47**

നൈപുണിപരിശീലനകാമ്പയിൻ 2025 ..... **47**

ഓരോ വിദ്യാർത്ഥിക്കും കോഴ്സുകളുടെ ഒരു മെനു 47

മോട്ടിവേറ്റേഴ്സ് 48

പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ 49

സംഘടന 50

അന്തർദേശീയ കേരള സ്കിൽ കോൺഗ്രസ് 51

പൈലറ്റ് പ്രൊജക്ട് 51

അധ്യായം 5 ..... **53**
ഉപസംഹാരം **53**
ജനകീയ കാമ്പയിനിന്റെ വൈപുല്യം 53
വിശാലയോജിപ്പ് 54
പ്രചാരണം 55
അടിയന്തര പ്രവർത്തനങ്ങൾ 55
അനുബന്ധങ്ങൾ **57**

അധ്യായം 1

കേരളം: ഇനി എന്ത്?

വിജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനമാണ് കേരളത്തിന്റെ വികസനത്തിന്റെ അടുത്തഘട്ടം. സമ്പദ്ഘടനയുടെ സാങ്കേതികാടിത്തറയിലെ സമൂലമായ നവീകരണവും വിജ്ഞാനസാന്ദ്രമായ വ്യവസായങ്ങളിലും സേവനങ്ങളിലുമുള്ള ഊന്നലുമാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത.

ഇതിനായി കേരളസർക്കാർ പ്രധാനപ്പെട്ട മൂന്നു മുൻകൈകൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ പശ്ചാത്തല പിന്നാക്കാവസ്ഥ ദൂരീകരിക്കുന്നതിനുള്ള കിഫ്ബി നിക്ഷേപമാണ് ആദ്യത്തേത്. വിജ്ഞാനോല്പാദനത്തിലും നൂതനവിദ്യകളിലും ഊന്നിക്കൊണ്ടുള്ള ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുനഃസംഘാടനമാണ് രണ്ടാമത്തേത്. വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും നൈപുണി വികസിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ജനകീയപ്രസ്ഥാനമായ 'വിജ്ഞാനകേരളം ജനകീയ കാമ്പയിൻ' ആണ് മൂന്നാമത്തേത്. കേരള നോളജ് ഇക്കോണമി മിഷനും (കെകെഇഎം) കെ-ഡിസ്കുമാണ് ഇതിനായി രൂപം നല്കിയിട്ടുള്ള ഏജൻസികൾ.

കേരള വികസനത്തിലെ പ്രഥമഘട്ടം: ക്ഷേമനേട്ടങ്ങൾ

പുനർവിതരണത്തിൽ ഊന്നിക്കൊണ്ടുള്ള സാമ്പത്തികവളർച്ചയെന്ന വികസനതന്ത്രമാണ് സ്വാതന്ത്ര്യാനന്തരകാലത്ത് കേരളം സ്വീകരിച്ചത്. ഇതിന്റെ ഗുണഫലവും കേരളത്തിലെ ജനങ്ങൾക്കുണ്ടായി. മറ്റു സംസ്ഥാനങ്ങളിലെ സാധാരണക്കാർക്ക് അപ്രാപ്യമായ ഉയർന്ന ജീവിതഗുണനിലവാരം കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ചു. ചിലർ ഈ വികസനാനുഭവത്തെ കേരള വികസനമാതൃക എന്നും വിശേഷിപ്പിക്കാറുണ്ട്.

ഏറ്റവും അവസാനം ലഭ്യമായ 2024-ലെ കണക്കു പ്രകാരം കേരളത്തിലെ മാനവവികസന സൂചിക 0.814 ആണ്. ദേശീയ സ്കോർ 0.699 ആണ്. കേരളത്തിന്റെ സ്ഥാനം ഇന്ത്യയിൽ ഒന്നാമത്തേതാണ്. ലോകത്ത് ഇന്ത്യയുടെ സ്ഥാനം താഴത്ത് 132-ാമത്തേതാണ്. കേരളത്തെ പ്രത്യേകമെടുത്ത് താരതമ്യപ്പെടുത്തുകയാണെങ്കിൽ ഒരു ഇടത്തരം വികസ്വരരാജ്യത്തിന്റെ 60-നും 75-നും ഇടയ്ക്കുവരും.

മാനവവികസന സൂചികയെന്നാൽ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പ

ത്തികനില എന്നിവയെ പ്രതിനിധീകരിച്ച് (i) പൗരരുടെ ജീവിതായുസ്സ്, (ii) ഒരു കുട്ടിയുടെ ശരാശരി സ്കൂൾ വിദ്യാഭ്യാസ വർഷങ്ങൾ, (iii) പ്രതിശീർഷവരുമാനം എന്നിവയ്ക്ക് തുല്യപ്രാധാന്യം നൽകി നിർമ്മിക്കുന്ന സൂചികയാണ്. 2024-ലെ മാനവവികസന സൂചികയിൽ വിവിധ സംസ്ഥാനങ്ങളുടെ സ്ഥാനം ചിത്രം 1.1-ൽ രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 1.1

മാനവവികസന സൂചികയിൽ വിവിധ സംസ്ഥാനങ്ങളുടെ സ്കോറുകൾ

കേരളത്തിലെ ശിശുമരണനിരക്ക് 6 ആണ് - അമേരിക്കയിലേതിനും താഴെ. ഇന്ത്യയുടേത് 25.8 ആണ്. മാതൃമരണനിരക്ക് ഒരുലക്ഷത്തിന് 19 ആണ് - ഇന്ത്യയിൽ ശരാശരി 99 ആണ്. കേരളത്തിലെ ജീവിതായുസ്സ് 73.9 ആണ് - ശരാശരി ഇന്ത്യക്കാരുടെ ജീവിതായുസാകട്ടെ 67.74 ആണ്. നീതി ആയോഗിന്റെ കണക്കു പ്രകാരം ആരോഗ്യസൂചികയിൽ ഇന്ത്യയിൽ ഏറ്റവും ഉയർന്നുനിൽക്കുന്ന സംസ്ഥാനം കേരളമാണ്.

കേരളം സമ്പൂർണ്ണസാക്ഷരത കൈവരിച്ച സംസ്ഥാനമാണ് (96.2%). ഇന്ത്യയിൽ ഇപ്പോഴും 76.32% (2022) ആണ് സാക്ഷരതാനിരക്ക്. കേരളത്തിലെ മുഴുവൻ കുട്ടികളും സ്കൂളിൽ ചേരുന്നു. ഇന്ത്യയിലും

ഏതാണ്ട് ഈ സ്ഥിതി കൈവരിച്ചിട്ടുണ്ട്. പക്ഷേ, ഇന്ത്യയിലെ കൊഴിഞ്ഞുപോക്ക് (12.6%) കേരളത്തിലെ നിരക്കിനേക്കാൾ വളരെ ഉയർന്നതാണ്. അതുകൊണ്ട് കേരളത്തിലെ കുട്ടിയുടെ ശരാശരി പഠന വർഷം 11.5 ആയിരിക്കുമ്പോൾ ഇന്ത്യയിലേത് 8.3 ആണ്. പെൺകുട്ടികളുടെ കാര്യത്തിലാണ് പ്രകടമായ വ്യത്യാസം. കേരളത്തിൽ ഇത് 11.2 ആയിരിക്കുമ്പോൾ ഇന്ത്യയിലേത് 7.9 ആണ്. നീതി ആയോഗിന്റെ സ്കൂൾ എഡ്യുക്കേഷൻ ക്വാളിറ്റി ഇൻഡക്സ് പ്രകാരം 76.63% പെർഫോർമെൻസ് സ്കോറോടുകൂടി കേരളമാണ് ഒന്നാംസ്ഥാനത്ത്.

ഏകദേശം 5 ലക്ഷം ഒഴികെ ഏതാണ്ട് എല്ലാ കുടുംബങ്ങൾക്കും ഇന്ന് കേരളത്തിൽ നല്ല വീടുകളുണ്ട്. മൂന്നു നേരം ഭക്ഷണം കഴിക്കുന്നവരുടെ ശതമാനം കേരളത്തിൽ 98 ആണ്. അതേസമയം ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, യുപി, എംപി തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇത് 40 ശതമാനത്തിൽ താഴെയാണ്. എല്ലാവർക്കും വീടും ശുദ്ധജലവും നൽകാനുള്ള പദ്ധതി നടപ്പായിവരുന്നു. കേരളത്തിൽ ഇന്ന് ഏതാണ്ട് സാർവ്വത്രിക വയോജനപെൻഷൻ ഉണ്ടെന്നും പറയാം.

പുനർവിതരണ വികസനതന്ത്രം

എങ്ങനെയാണ് ഈ അപൂർവ്വമായ നേട്ടങ്ങൾ നമുക്കു കൈവരിക്കാൻ കഴിഞ്ഞത്? മൂന്നു സുപ്രധാന പ്രസ്ഥാനങ്ങളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത്. ഒന്നാമത്തേത്, 19-ാം നൂറ്റാണ്ടിൽ ആരംഭിക്കുന്ന വിവിധങ്ങളായ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും നൽകിയ ഊന്നലാണ്. തിരു-കൊച്ചി പ്രദേശത്ത് രാജഭരണകാലത്തുപോലും പുതിയ നയങ്ങളുടെ ചാലകശക്തികളായി ഇവർ വർത്തിച്ചു. ദേശീയപ്രസ്ഥാനവും സ്വാതന്ത്ര്യാനന്തരകാലത്ത് രാഷ്ട്രീയപ്രസ്ഥാനങ്ങളും ഈ പാരമ്പര്യത്തെ മുന്നോട്ടുകൊണ്ടുപോയി. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ നാം നൽകിയ ഊന്നൽ പൊതുവിഭവങ്ങളുടെ പുനർവിതരണമായിരുന്നു.

രണ്ടാമത്തേത്, കർഷകപ്രസ്ഥാനങ്ങളുടെ സമരങ്ങളിലൂടെ രൂപംകൊണ്ട ഭൂപരിഷ്കരണമാണ്. ഇതുമൂലം 33 ലക്ഷം പേർക്ക് ഭൂമി ലഭിച്ചു. 10 ശതമാനത്തിൽ താഴെ ജന്മിമാരുടെ കൈവശമുണ്ടായിരുന്ന ഭൂമി 60% കുടുംബങ്ങൾക്കിടയിൽ പുനർവിതരണം ചെയ്യപ്പെട്ടു. ഭൂപരിഷ്കരണം സ്വത്തിന്റെ പുനർവിതരണമായിരുന്നു.

മൂന്നാമത്തേത്, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളാണ്. അവരുടെ സമ്മർദ്ദവും സർക്കാരുകൾ മിനിമംകൂലിനിയമങ്ങളിലൂടെയും ക്ഷേമനിധികളിലൂടെയും മറ്റും നൽകിയ പിന്തുണയും കൂലിവർദ്ധനയിലേക്കു നയിച്ചു. 2022-23-ൽ കേരളത്തിലെ ഗ്രാമീണമേഖലയിലെ കർഷകത്തൊഴിലാളിക്ക് 764 രൂപ കൂലി ലഭിച്ചപ്പോൾ രാജ്യത്തെ ശരാശരി കൂലി 346 രൂപയായിരുന്നു. മദ്ധ്യപ്രദേശിലും ഗുജറാത്തിലും അത് 230-240 രൂപയാണ്. ഇത് ഫലത്തിൽ വരുമാനത്തിന്റെ പുനർവിതരണമാണ്.

ഈ ക്ഷേമകേരളസൃഷ്ടിയുടെ ആദ്യഘട്ടത്തിൽ പുനർവിതരണതന്ത്രം സാമ്പത്തികവളർച്ചയെ പ്രതികൂലമായി ബാധിക്കുമോയെന്ന ആശങ്ക പലരും പ്രകടിപ്പിച്ചിട്ടുണ്ട്. മാനവവിഭവ വികസനത്തിൽ നാം നൽകിയ ഊന്നൽ മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും (പ്രത്യേകിച്ച് ഗൾഫിൽ) ഉണ്ടായ തൊഴിൽസാധ്യതകൾ പ്രയോജനപ്പെടുത്താൻ നമ്മെ സഹായിച്ചു. വിദേശപണവരുമാനം ഗണ്യമായി ഉയർന്നു. അത് നമ്മുടെ ഉപഭോഗത്തെയും സമ്പാദ്യത്തെയും ഉയർത്തി. ഇതിന്റെയൊക്കെ ഫലമായി സാമ്പത്തികവളർച്ചയുടെ വേഗവും ഉയർന്നു. 1957-ൽ സംസ്ഥാനം രൂപവത്കൃതമായപ്പോൾ ദേശീയശരാശരിയേക്കാൾ 25% താഴ്ന്നതായിരുന്നു നമ്മുടെ പ്രതിശീർഷവരുമാനം. എന്നാൽ ഇന്ന് ദേശീയശരാശരിയേക്കാൾ 60% ഉയർന്നതാണ് നമ്മുടെ പ്രതിശീർഷവരുമാനം. ചിത്രം 1.2-ൽനിന്ന് ഇതു വളരെ വ്യക്തമായി മനസിലാക്കാം.



ചിത്രം 1.2
പ്രതിശീർഷവരുമാനം

അങ്ങനെ നോക്കുമ്പോൾ എന്തിനാണ് പുതിയൊരു ഘട്ടത്തെക്കുറിച്ച് ചിന്തിക്കുന്നതെന്ന ചോദ്യം ന്യായമാണ്. ക്ഷേമവും സാമ്പത്തികവളർച്ചയും ഇപ്പോൾത്തന്നെ ഉണ്ടല്ലോ. ഇതുപോലെതന്നെ മുന്നോട്ടു പോയാൽ പോരേ?

കേരളം നേരിടുന്ന വെല്ലുവിളികൾ

കേരളം കൈവരിച്ച ക്ഷേമനേട്ടങ്ങളും സാമ്പത്തികവളർച്ചയും പുതിയ വികസനവെല്ലുവിളികൾക്കു രൂപം നൽകിയിരിക്കുന്നു. ഒരർത്ഥത്തിൽ നമ്മുടെ വിജയത്തിന്റെ ഫലങ്ങളാണ് ഈ വെല്ലുവിളികളെന്നു പറയാം. അവ മറികടക്കുന്നതിനു വികസനതന്ത്രത്തിൽ ചില മാറ്റങ്ങൾ വേണ്ടതുണ്ട്. എന്തൊക്കെയാണ് ഈ വെല്ലുവിളികൾ?

1. സേവനമേഖലകളിലെ രണ്ടാംതലമുറപ്രശ്നങ്ങളും കാർഷിക-ചെറുകിട മേഖലകളിലെ താഴ്ന്ന ഉല്പാദനക്ഷമതയും.

2. പശ്ചാത്തലസൗകര്യമേഖലയിലെ പിന്നാക്കാവസ്ഥ.
3. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ.

സേവന-പരമ്പരാഗത മേഖലകളിലെ പ്രശ്നങ്ങൾ - ജനകീയാസൂത്രണം

ജീവിതായുസ്സിന്റെ വർദ്ധനയും ജീവിതശൈലിയും പുതിയ ജീവിതശൈലീരോഗങ്ങളെ മുൻപന്തിയിലേക്കു കൊണ്ടുവന്നിരിക്കുന്നു. കേരളത്തിലെ രോഗാതുരത വർദ്ധിക്കുകയാണ്. പ്രായമുള്ളവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഭിന്നശേഷിക്കാരെ ഉൾച്ചേർക്കേണ്ടതുണ്ട്. ആരോഗ്യമേഖലയിലെ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തിയേ തീരൂ.

ഇതുപോലെതന്നെ, വീട്ടിൽ ഇപ്പോൾ ഒന്നോ രണ്ടോ കുട്ടികൾ മാത്രമേയുള്ളൂ. അവർക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകാനാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. ഇതിനുള്ള മികച്ച സൗകര്യങ്ങൾ സ്കൂളുകളിൽ ഉണ്ടാവണം. സ്കൂളുകളിലെ വിദ്യാഭ്യാസനിലവാരവും ഉയരണം. ഇതുപോലെ മറ്റ് ഓരോ സേവനങ്ങളും.

ഭൂപരിഷ്കരണത്തിനുശേഷവും ഭൂമിയുടെ ഉല്പാദനക്ഷമതയിൽ ഗണ്യമായ വർദ്ധനയുണ്ടായില്ല. 80-കളുടെ അവസാനത്തോടെ കാർഷികവളർച്ചയിൽ ഒരു കുതിപ്പുണ്ടായെങ്കിലും ആഗോളവൽക്കരണപരിഷ്കാരങ്ങൾ അവയെ തകർത്തു. പരമ്പരാഗത കുടിൽവ്യവസായങ്ങൾ പ്രതിസന്ധിയിലാണ്. തൊഴിലവസരങ്ങൾ കുറയുന്നു.

ഇതിനുള്ള ഉത്തരം ജനപങ്കാളിത്തവികസനമാണ്. അധികാരവും പണവും ഉദ്യോഗസ്ഥരെയും താഴേക്കു വിന്യസിപ്പിക്കുക. അതുവഴി പ്രാദേശികസർക്കാരുകളെ ശക്തിപ്പെടുത്തുക. പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പ്രാദേശികാസൂത്രണത്തിലൂടെ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുക. ഇവ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അധികാരവികേന്ദ്രീകരണത്തിനുള്ള രാഷ്ട്രീയ ഇച്ഛ സൃഷ്ടിക്കുന്നതിനും ഒരു ജനകീയപ്രസ്ഥാനത്തിനു രൂപം നൽകി. അതിന്റെ പേരാണ് ജനകീയാസൂത്രണം.

എന്തെല്ലാം കുറവുകളുണ്ടെങ്കിലും പ്രാദേശികസർക്കാരുകൾ കേരളത്തിന്റെ കരുത്തായി മാറിയിട്ടുണ്ട്. പ്രകൃതിദുരന്തവേളകളിലും കോവിഡുകാലത്തും ഏറ്റവും ദോഷൈകദൃക്കുകൾക്കുപോലും ഇതു ബോധ്യപ്പെട്ടു. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം, ഗ്രാമീണറോഡുകൾ, ദാരിദ്ര്യനിർമ്മാർജ്ജനം തുടങ്ങിയവയിൽ നാടകീയ പുരോഗതിയുണ്ടായി. കുടുംബശ്രീ സ്ത്രീശാക്തീകരണത്തിന്റെയും ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെയും വിജയഗാഥയായി. എന്നാൽ ഉല്പാദമേഖലകളിൽ വേണ്ടത്ര ചലനം സൃഷ്ടിച്ചില്ല. അതുപോലെ പട്ടികവർഗ്ഗമേഖലയിലും. ഇത്തരത്തിലുള്ള ദൗർബല്യങ്ങൾ തിരുത്തേണ്ടതുണ്ട്. എങ്കിലും ഒരുകാര്യം ഇന്നു തീർച്ചയാണ്. അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുകതന്നെയാണ് വേണ്ടത്.

പശ്ചാത്തല പിന്നാക്കാവസ്ഥ - കിഫ്ബി

പശ്ചാത്തലപിന്നാക്കാവസ്ഥ ദൂരീകരിച്ചുകൊണ്ടേ കേരളത്തിലെ നിക്ഷേപാന്തരീക്ഷം ശക്തിപ്പെടുത്താനാകൂ. ട്രെയിൻ ആയാലും മോട്ടോർ വാഹനങ്ങൾ ആയാലും മറ്റു സംസ്ഥാനങ്ങളിൽ ഓടുന്നതിന്റെ പകുതി വേഗത്തിലേ കേരളത്തിൽ ഓടിക്കാൻ കഴിയൂ. നമുക്ക് ഒരു കിലോമീറ്റർ പോലും 400 കെവി ട്രാൻസ്മിഷൻ ലൈൻ ഇല്ല. ജലപാത ക്ഷയിച്ച് ഇല്ലാതായി. കൊച്ചി തുറമുഖം തുത്തുക്കുടിയോടും മംഗലാപുരത്തിനോടും തോറ്റു. ഐറ്റി മാറ്റിനിർത്തിയാൽ വ്യവസായപാർക്കുകൾ ഇന്നും മുഖ്യമായി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് കാലഘട്ടത്തിലേതാണ്. ഇവയൊക്കെ അടിയന്തരമായി ദേശീയനിലവാരത്തിനപ്പുറത്തേക്ക് എത്തിക്കണം.

എന്തുകൊണ്ട് ഇങ്ങനെ വന്നു? ബജറ്റുകളിലെ ഊന്നൽ സാമൂഹ്യക്ഷേമ മേഖലകൾക്കായതുകൊണ്ട്

പശ്ചാത്തലസൗകര്യങ്ങൾക്കുള്ള മൂലധനച്ചെലവിന് മതിയാ പണം ലഭിക്കാത്ത സാഹചര്യമാണ് കേരളത്തിലുള്ളത്. ചിത്രം 1.3-ൽ കഴിഞ്ഞ രണ്ടു ദശകങ്ങളിലെ സർക്കാർമൂലധനച്ചെലവിൽ കേരളത്തെയും മറ്റു സംസ്ഥാനങ്ങളെയും താരതമ്യപ്പെടുത്തിയിരിക്കുന്നു. കേരളത്തിന്റെ മൂലധനച്ചെലവ് ജിഡിപിയുടെ ശതമാനമായി കണക്കാക്കിയാൽ സംസ്ഥാനശരാശരിയുടെ പകുതിയിൽ താഴെയാണെന്നു കാണാം. മൂലധനച്ചെലവിലുണ്ടായ ചരിത്രപരമായ ഈ വിടവ് മറികടക്കണമെങ്കിൽ ബജറ്റിനു പുറത്ത് വലിയതോതിൽ പശ്ചാത്തലസൗകര്യമേഖലയിൽ നിക്ഷേപം നടത്തുകയേ മാർഗ്ഗമുള്ളൂ. അതിനുള്ള ഉപാധിയാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി).



ചിത്രം 1.3

മൂലധനച്ചെലവ് ഇന്ത്യയും (സംസ്ഥാനങ്ങളുടെ ശരാശരി) കേരളവും

കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ആന്വിറ്റി മാതൃകയിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്താറുണ്ട്. റോഡോ പാലമോ പോലുള്ള നിർമ്മാണപ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾത്തന്നെ പതിനഞ്ചോ ഇരുപതോ വർഷങ്ങൾകൊണ്ട് പൂർണ്ണതുക നൽകിത്തീർക്കുകയുള്ളൂ എന്നു വ്യക്തമാക്കിയിരിക്കും. കരാറുകർ വായ്പ എടുത്തു പണിതുകൊള്ളണം. ഈ വായ്പയുടെ പലിശകൂടി കണക്കാക്കിയാണു കരാറുകാർ ടെണ്ടറിൽ തുക കോട്ട് ചെയ്യുക.

കിഫ്ബിയും ഒരു ആന്വിറ്റി മാതൃകയിലുള്ള പരിപാടിയാണ്. ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച ഏതാണ്ട് 80,000 കോടിയോളം രൂപ വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ ചുമതലപ്പെടുത്തുന്നു. ഇതിനു ആന്വിറ്റി പേയ്മെന്റ് ആയി കിഫ്ബിക്ക് മോട്ടോർ വാഹനനികുതിയുടെ പകുതിയും പെട്രോൾ സെസ്സ് തുകയും നൽകുമെന്ന് സർക്കാർ നിയമംമൂലം ഉറപ്പു നൽകുന്നു. കിഫ്ബി ഒരു വമ്പൻ ആന്വിറ്റി സ്കീം മാത്രമാണ്.

പക്ഷേ, കിഫ്ബിയെക്കുറിച്ച് സിഎജിയും യൂണിയൻസർക്കാരും വലിയ വിമർശനങ്ങൾ ഉയർത്തിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കിഫ്ബിയെടുത്ത വായ്പകൾ സർക്കാരിന്റെ അർഹമായ വായ്പയിൽനിന്നു വെട്ടിക്കുറച്ച് ധനപ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ഈ മാനദണ്ഡം സാധാരണഗതിയിലുള്ള ആന്വിറ്റി സ്കീമുകൾക്കോ യൂണിയൻസർക്കാരിന്റെ ബജറ്റിനു പുറത്തുള്ള വായ്പകൾക്കോ ബാധകമാക്കിയിട്ടില്ല. എന്നാൽ കിഫ്ബിയുടെ കാര്യത്തിൽ മുൻകാലപ്രാബല്യത്തോടെ പുതിയ നയം നടപ്പാക്കുകയാണ്.

ഈ നിലപാടിനെ കേരളസർക്കാർ കോടതിയിൽ ചോദ്യം ചെയ്തിരിക്കുകയാണ്. അതോടൊപ്പം കിഫ്ബിയെക്കുറിച്ച് കേന്ദ്രസർക്കാർ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങളെ മറികടക്കാനുള്ള പരിഷ്കാരങ്ങളും കേരളം കൂട്ടായി ചർച്ച ചെയ്യേണ്ടതുണ്ട്. കേരളത്തിന്റെ പശ്ചാത്തലപിന്നാക്കാവസ്ഥ എത്രയും പെട്ടെന്നു പരിഹരിക്കേണ്ടത് നമ്മുടെയെല്ലാവരുടെയും ആവശ്യമാണ്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ - വിജ്ഞാനസമ്പദ്ഘടന

കേരളം നേരിടുന്ന മൂന്നാമത്തെ വെല്ലുവിളി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ്. ദീർഘനാളായി കേരളത്തിലെ തൊഴിലില്ലായ്മ ദേശീയശരാശരിയുടെ 2-3 മടങ്ങായിരുന്നു. എന്നാൽ 1990-കൾ മുതൽ കേരളത്തിലെ തൊഴിലില്ലായ്മ 4-5 മടങ്ങായി ഉയർന്നു. സ്ത്രീകൾക്കിടയിലാണ് തൊഴിലില്ലായ്മ ഏറ്റവും രൂക്ഷം. തൊഴിലന്വേഷകരായ സ്ത്രീകളുടെ 25-35 ശതമാനം പേർക്ക് തൊഴിൽ ലഭിക്കുന്നില്ല. ഏതായാലും ശുഭസൂചകമായ ഒരു കാര്യമുണ്ട്. കേരളത്തിലെ തൊഴിലില്ലായ്മ ദേശീയശരാശരിയുടെ 4-5 മടങ്ങ് ആയിരുന്നത് സമീപകാലത്ത് രണ്ടുമടങ്ങായി കുറഞ്ഞിട്ടുണ്ട്.

ഇത് ഏറ്റവും രൂക്ഷമായിരിക്കുന്നത് 15-നും 29-നും ഇടയ്ക്കു പ്രായമുള്ള യുവാക്കളിലാണ്. ദേശീയശരാശരി 10.2 ശതമാനം ആയിരിക്കുമ്പോൾ കേരളത്തിലെ യുവാക്കളുടെ തൊഴിലില്ലായ്മ 30 ശതമാനമാണ്. കേരളമാണ് ഏറ്റവും ഉയർന്ന യുവതൊഴിലില്ലായ്മ ഉള്ള സംസ്ഥാനം.



ചിത്രം 1.4

സംസ്ഥാനങ്ങളിലെ യുവജനങ്ങളുടെ (15-29 വയസിനിടയിൽ) തൊഴിലില്ലായ്മാനിരക്ക്

യുവജനങ്ങളുടെ രൂക്ഷമമായ തൊഴിലില്ലായ്മമൂലം ചെറുപ്പക്കാർ പഠനംതന്നെ വിദേശത്താക്കുന്ന പ്രതിഭാസവും കേരളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഈ വെല്ലുവിളിയെ നമ്മൾ അടിയന്തരമായി നേരിട്ടേപറ്റൂ. അല്ലെങ്കിൽ ഇത് വലിയൊരു സാമൂഹിക പ്രതിസന്ധിയായിതന്നെ ഉരുണ്ടുകൂടാം.

കേരളത്തിൽ തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നില്ലായെന്നല്ല. കേരളത്തിൽ 30 ലക്ഷം അതിഥി ത്തൊഴിലാളികളാണു തൊഴിലെടുക്കുന്നത്. അത്തരം തൊഴിലുകൾ കേരളത്തിലെ അഭ്യസ്തവിദ്യർക്കു സ്വീകാര്യമല്ല. എങ്ങനെയാണ് കേരളത്തിലെ അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ നല്ല വരുമാനമുള്ള ഉദ്യോഗങ്ങൾ കേരളത്തിൽത്തന്നെ സൃഷ്ടിക്കാൻ കഴിയുക? ഈ ചോദ്യത്തിന് ഉത്തരമായിട്ടാണ് 2021-22-ലെ ബജറ്റിൽ വിജ്ഞാനസമ്പദ്ഘടന എന്ന സങ്കല്പം മുന്നോട്ടുവച്ചത്.

വിജ്ഞാനസമ്പദ്ഘടനയെന്നാൽ സമ്പദ്ഘടനയുടെ സാങ്കേതികാടിത്തറയെ ഏറ്റവും ആധുനികമായ ശാസ്ത്രസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ നവീകരിക്കുകയെന്നാണ് അർത്ഥം.

1. നമ്മുടെ കൃഷിയിലും ചെറുകിട, പരമ്പരാഗത വ്യവസായങ്ങളിലും ഇത്തരമൊരു മാറ്റം അനിവാര്യമാണ്. അതിലൂടെ മാത്രമേ അഭ്യസ്തവിദ്യർ ഇത്തരം ജോലികളിൽ ഏർപ്പെടാൻ തയ്യാറാകൂ.
2. ഉയർന്ന ഉല്പാദനക്ഷമതയുള്ളതും പാരിസ്ഥിതികപ്രശ്നങ്ങൾ ഏറ്റവും കുറവുള്ളതും അഭ്യസ്തവിദ്യർക്ക് അനുയോജ്യവുമായ വിജ്ഞാനസാന്ദ്രമായ ഐറ്റി, ബിറ്റി തുടങ്ങിയ വ്യവസായമേഖലകളിലേക്കും നൈപുണി പ്രധാനമായ ഹാർഡ് വെയർ, ലൈറ്റ് എഞ്ചിനീയറിങ് മേഖലകളിലേക്കും ടൂറിസം പോലുള്ള സേവനമേഖലയിലേക്കും കോർപ്പറേറ്റ് നിക്ഷേപമടക്കം ആകർഷിക്കണം.
3. ന്യൂനതസാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കി അഭ്യസ്തവിദ്യർക്കിടയിൽ നിന്നുതന്നെ സ്റ്റാർട്ട് അപ്പുകളും ചെറുകിട ഇടത്തരം വ്യവസായങ്ങളും വൈജ്ഞാനിക വ്യവസായങ്ങളും ഉയർന്നുവരാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം.

ഇത്തരമൊരു സാങ്കേതികനവീകരണത്തിലൂടെ അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ നമുക്കു സൃഷ്ടിക്കാനാകും. ഇതിനുള്ള നയപരമായ തീരുമാനങ്ങളും നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിൽ ഏറ്റവും പ്രധാനം ഉന്നതവിദ്യാഭ്യാസമേഖലയുടെ സമഗ്രമായ പുനഃസംഘാടനമാണ്. വികസനത്തിന്റെ ഒന്നാംഘട്ടത്തിൽ പ്രാഥമികചാലകശക്തി (prime mover) സ്കൂൾവിദ്യാഭ്യാസം ആയിരുന്നെങ്കിൽ വികസനത്തിന്റെ രണ്ടാംഘട്ടത്തിൽ അത് പുത്തൻ ആശയരൂപവത്ക്കരണത്തിൽ ഊന്നിയ ഉന്നതവിദ്യാഭ്യാസം ആയിരിക്കും.

പുത്തനാശയരൂപവത്ക്കരണത്തിൽ ഊന്നിയ ഉന്നതവിദ്യാഭ്യാസമേഖല - രണ്ടാംവികസനഘട്ടത്തിന്റെ ചാലകശക്തി

ഉന്നതവിദ്യാഭ്യാസമേഖലയുടെ പുനഃസംഘാടനത്തിന്റെ ഭാഗമായി കോളെജുകളിലെയും സർവ്വകലാശാലകളിലെയും പശ്ചാത്തലസൗകര്യങ്ങൾ സ്കൂളുകളിൽ ചെയ്തതുപോലെ ഉയർത്തുന്നതിനു കിഫ്ബി വഴി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം, നാലുവർഷ ബിരുദത്തിന്റെ ഭാഗമായി പഠനത്തിലും ഉള്ളടക്കത്തിലും രീതികളിലും മാറ്റം വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സമീപകാലത്ത് കേരളത്തിലെ കൂടുതൽ കോളെജുകളും സർവ്വകലാശാലകളും ദേശീയ ഗുണനില വാരറാങ്കിങ്ങിൽ മുന്നിലേക്ക് ഉയർന്നുവന്നത് ശുഭോദർക്കമാണ്.

ഉന്നതവിദ്യാഭ്യാസം വിജ്ഞാനം പകർന്നുനൽകിയാൽ മാത്രം പോരാ. പുതിയ വിജ്ഞാനം ഉല്പാദിപ്പിക്കുകയും വേണം. ഇതു പ്രോത്സാഹിപ്പിക്കാൻ പുതിയ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു മുൻകൈയെടുത്തിട്ടുണ്ട്. പോസ്റ്റ് ഡോക്ടറൽ സ്കോളർഷിപ്പുകളുടെ എണ്ണം ഗണ്യമായി

വർദ്ധിപ്പിച്ചു. ഉന്നതവിദ്യാഭ്യാസകൗൺസിലും വിദ്യാഭ്യാസവകുപ്പുമാണ് ഇത്തരം പരിഷ്കാരങ്ങൾക്കു മുൻകൈയെടുത്തുകൊണ്ടിരിക്കുന്നത്.

അതുപോലെതന്നെ പ്രധാനമാണ് പുതിയ വിജ്ഞാനത്തെ നൂതനവിദ്യകളോ ഉല്പന്നങ്ങളോ സംഘാടനരീതികളോ ആയി രൂപാന്തരപ്പെടുത്തുക എന്നുള്ളതും. കേരളത്തിലെ രണ്ടാംതലമുറവികസന പ്രശ്നങ്ങൾ പരിഹരിക്കാൻ പുത്തനാശയരൂപവത്ക്കരണത്തിനായി ഇങ്ങനെയുള്ള നൂതനരീതികളെ ആസ്പദമാക്കി ആരംഭിക്കുന്ന സ്ഥാപനങ്ങളെയാണ് സ്റ്റാർട്ട് അപ്പ് എന്നു വിളിക്കുന്നത്. അവയ്ക്ക് ആ മേഖലയിലെ മറ്റു സ്ഥാപനങ്ങളെക്കാൾ മത്സരശേഷി ഉണ്ടാകും. ഇത്തരത്തിൽ നൂതനവിജ്ഞാനത്തെ ഉല്പാദന-സേവനമേഖലകളിലേക്കു സന്നിവേശിപ്പിക്കുന്നത് വിജ്ഞാനസമ്പദ്ഘടനയുടെ സൃഷ്ടിയിൽ പ്രധാനപ്പെട്ട കാര്യമാണ്. ഇന്നവേഷൻ അന്തരീക്ഷസൃഷ്ടിയിൽ ദേശീയതലത്തിൽത്തന്നെ ഒന്നാം റാങ്കിലേക്ക് കേരളം ഉയർന്നിട്ടുണ്ട്.

നൈപുണിവികസനം - കെ-ഡിസ്കും കെകെഇഎമ്മും

മേൽപ്പറഞ്ഞവയോടൊപ്പം മറ്റൊരു സുപ്രധാന കാര്യമാണ്, പഠിക്കുന്ന വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും നൈപുണിപരിശീലനം നൽകി അവരെ ജോലിക്കു പ്രാപ്തരാക്കി ജോലി വാങ്ങി നൽകുകയെന്നുള്ളത്. ഇന്ന് കോളെജുകളിൽ പഠിപ്പിക്കുന്ന ബിരുദ-ബിരുദാനന്തര കോഴ്സുകൾ പ്രത്യേകിച്ച് ഒരു ജോലിക്കും ആരെയും പ്രാപ്തരാക്കുന്നില്ല. ഇതിന് അവരുടെ അടിസ്ഥാനവിഷയങ്ങളോടൊപ്പം തൊഴിലുമായും ഉത്പാദനപ്രക്രിയയുമായും ബന്ധപ്പെടുത്തിക്കൊണ്ടുള്ള നൈപുണിവികസന പരിശീലന പരിപാടി ആവശ്യമാണ്. പോളിടെക്നിക്കുകളിലും ഐറ്റിഐകളിലും പഠിക്കുന്ന കുട്ടികൾക്കുപോലും വ്യവസായങ്ങൾ ആവശ്യപ്പെടുന്ന കൃത്യമായ നൈപുണിയിലുള്ള പരിശീലനമോ ഇന്റേൺഷിപ്പോ ആവശ്യമാണ്. ഈയൊരു ധർമ്മം നിർവ്വഹിക്കുന്നതിനാണ് കെ-ഡിസ്കിനു കീഴിൽ കേരള നോളജ് ഇക്കോണമി മിഷൻ (കെകെഇഎം) എന്നൊരു ഏജൻസിക്ക് കേരളസർക്കാർ രൂപം നൽകിയിരിക്കുന്നത്.

വിജ്ഞാനസമ്പദ്ഘടനയുടെ പരിവർത്തനത്തിൽ നയപരമായ കാര്യങ്ങളിൽ, പ്രത്യേകിച്ച് ഇന്നവേഷൻ സംബന്ധിച്ച്, വിദഗ്ധോപദേശം ലഭ്യമാക്കുന്ന ഒരു 'തിങ്ക് ടാങ്ക്' ആയാണ് കെ-ഡിസ്ക് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. അതോടൊപ്പം ഇത്തരം വികസനമേഖലകളിൽ പല മാതൃകകൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കെ-ഡിസ്ക് ഏറ്റെടുക്കുന്നുണ്ട്. നൈപുണിപരിശീലനം, തൊഴിൽ ലഭ്യമാക്കൽ എന്നീ ധർമ്മങ്ങളിൽ കെകെഇഎം ആണ് കെ-ഡിസ്കിന്റെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്.

ഈ രീതിയിൽ വീക്ഷിക്കുമ്പോൾ കെകെഇഎം-ന് രണ്ടു ചുമതലകളുണ്ട്.

1. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണ നൽകി തൊഴിൽമേളകളിലൂടെയോ അല്ലാതെയോ തൊഴിൽ ലഭ്യമാക്കുക.
2. ഇപ്പോൾ കോളെജ്, പോളിടെക്നിക്ക്, ഐറ്റിഐ എന്നിവകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ജോലികളോടു ബന്ധപ്പെടുത്തി നൈപുണിപരിശീലനം നൽകി പഠനാവസാനം തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.

വിജ്ഞാനസമ്പദ്ഘടനയും വിജ്ഞാനസമൂഹവും

അതിനുമുമ്പ് ഒരു സങ്കല്പവുംകൂടി വ്യക്തമാക്കേണ്ടതുണ്ട്. സാധാരണഗതിയിൽ വിജ്ഞാനസമ്പദ്ഘടനയും വിജ്ഞാനസമൂഹവും പരസ്പരം മാറിമാറി ഉപയോഗിക്കുന്ന പ്രയോഗങ്ങളാണ്. നാമിതുവരെ വിജ്ഞാനസമ്പദ്ഘടനയെക്കുറിച്ചാണു പ്രതിപാദിച്ചത്. പലരും വിജ്ഞാനസമ്പദ്ഘടനയല്ല, വിജ്ഞാനസമൂഹമാണു കേരളം ലക്ഷ്യമിടേണ്ടതെന്നു പറഞ്ഞിട്ടുണ്ട്.

വിജ്ഞാനസമ്പദ്ഘടനയെന്നത് കൂടുതൽ വിശാലമായൊരു സങ്കല്പമാണ്. സമ്പദ്ഘടനയുടെ സാങ്കേതികനവീകരണത്തിൽ അത് ഒതുങ്ങുന്നില്ല. ഇത്തരം നവീകരണത്തിൽ എല്ലാവരെയും ഉൾച്ചേർക്കണം. നേട്ടം എല്ലാവർക്കും ഉണ്ടാകണം. ഇത്തരമൊരു വികസനമാണ് കേരളത്തിന്റെ പാരമ്പര്യം. ഇത് കണക്കിലെടുത്തുകൊണ്ടാണ് ഡിജിറ്റൽ ഡിവൈഡ് മറികടക്കാൻ സ്കൂൾവിദ്യാഭ്യാസത്തെ സാർവ്വത്രികമായി ഡിജിറ്റലൈസ് ചെയ്യാൻ മുൻകൈയെടുത്തത്; കെ-ഫോൺ വഴി ബിപിഎൽ വീടുകളിൽ പോലും സൗജന്യമായി ഇന്റർനെറ്റ് എത്തിക്കുന്നത്; പാർശ്വവല്ക്കരിക്കപ്പെട്ടിരിക്കുന്ന പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ്, കരിയറിൽ ബ്രേക്ക് വന്ന സ്ത്രീകൾ തുടങ്ങിയവർക്ക് നൈപുണിപരിശീലനവേളയിൽ ഇത്തരത്തിൽ പ്രത്യേക പദ്ധതികൾതന്നെ കെകെഇഎം ആവിഷ്കരിച്ചിട്ടുള്ളത്.

ശാസ്ത്രസാങ്കേതികവിദ്യകൾ പ്രചരിപ്പിച്ചാൽ മാത്രം പോരാ. ശാസ്ത്രബോധവും സൃഷ്ടിക്കപ്പെടണം. മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ പാടില്ല. പുരോഗമനചിന്തകൾക്ക് സമൂഹത്തിൽ മുൻതൂക്കം വേണം. ഉപഭോഗ ആർത്തിക്കുപകരം സാംസ്കാരിക ഉപഭോഗവും പാരിസ്ഥിതിക സൗഹൃദവും പ്രോത്സാഹിപ്പിക്കപ്പെടണം. വിജ്ഞാനസമൂഹം ജൻഡർ തുല്യതയിൽ അധിഷ്ഠിതമാകണം.

ഇവയോടൊന്നും ഒരു എതിർപ്പും ഇല്ലായെന്നു മാത്രമല്ല, കഴിയുന്നത്ര പ്രവർത്തനത്തിൽ ഉൾച്ചേർക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ ഇന്ന് നമ്മുടെ ഏറ്റവും വലിയ ദൗർബല്യം ഉല്പാദന-സേവനമേഖലകളിലെ സാങ്കേതികപിന്നാക്കാവസ്ഥയാണ്. ഈ വസ്തുത മുൻപന്തിയിലേക്കു കൊണ്ടുവരുന്നതിനായാണ് വിജ്ഞാനസമ്പദ്ഘടനയെന്ന സങ്കല്പത്തെ മുഖ്യസ്ഥാനത്തു പ്രതിഷ്ഠിച്ചിരിക്കുന്നത്.

അധ്യായം 2

വിജ്ഞാനകേരളം ജനകീയകാമ്പയിനിലേക്ക്

2021-22-ലെ ബജറ്റിൽ 20 ലക്ഷം തൊഴിലവസരങ്ങളാണ് ലക്ഷ്യമിട്ടത്. അന്നുമുതലുള്ള ഒരു ചോദ്യമാണ് ഇത് അതിശയോക്തിപരമായ എണ്ണമല്ലേയെന്നത്. കേരളത്തിലുണ്ടാകുന്ന തൊഴിലവസരങ്ങൾ ഇതിനു തികച്ചും അപര്യാപ്തമാണ്. പക്ഷേ, ദേശീയതലത്തിലും അതിലുപരി ആഗോളതലത്തിലും ഓരോ വർഷവും കോടിക്കണക്കിനു തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇവ ലോകത്തെമ്പാടുമുള്ള തൊഴിലില്ലാത്തവർക്ക് തികയുന്നില്ലായെന്നത് വാസ്തവം. അങ്ങനെ ലോകത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയില്ല. പക്ഷേ, കേരളം ചെറിയൊരു സംസ്ഥാനം മാത്രമാണ്. എല്ലാവർഷവും ലോകത്തുള്ള തൊഴിലവസരങ്ങളിൽ ഏതാനും ലക്ഷം നമുക്ക് സമാഹരിക്കാൻ കഴിഞ്ഞാൽ നമ്മുടെ ആവശ്യത്തിനു തികയും. ഒന്ന് ഓർത്താൽ മതി - ഇപ്പോൾത്തന്നെ ലക്ഷക്കണക്കിനുപേർ ഓരോ വർഷവും അവരവരുടെ സ്വന്തം മുൻകൈയിൽ പുറത്തു ജോലിക്കു പോകുന്നുണ്ട്.

എന്തുകൊണ്ടാണ് കേരളത്തിന് ഇത്തരത്തിൽ പുറത്തുനിന്നു തൊഴിലവസരങ്ങൾ സമാഹരിക്കാൻ കഴിയുമെന്ന ശുഭാപ്തിവിശ്വാസം? ഇതിനു കാരണം കേരളത്തിന് ഇന്നു ലോകത്തുള്ള നല്ല ബ്രാൻഡ് നെയിമാണ്. ഇതിനുള്ള കാരണങ്ങൾ കഴിഞ്ഞ അധ്യായത്തിൽ വിശദീകരിച്ചുകഴിഞ്ഞു. കുറഞ്ഞ ചെലവിൽ നല്ല ജീവിതനിലവാരം ലക്ഷ്യമാക്കിയ പ്രദേശമെന്ന നിലയിൽ കേരളം പ്രസിദ്ധമാണ്. കോവിഡ് പ്രതിരോധത്തിൽ കേരളം പുലർത്തിയ മികവ് ലോകശ്രദ്ധയാകർഷിച്ചു. ഇപ്പോൾ ലോകത്ത് എവിടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും റിക്രൂട്ട്മെന്റിൽ ആദ്യം പരിഗണിക്കുന്ന പേരുകളിലൊന്ന് കേരളത്തിന്റേതാണ്. നമ്മുടെ ഈ ബ്രാൻഡ് അംഗീകാരം തൊഴിലവസരസമാഹരണത്തിനു ഫലപ്രദമായി ഉപയോഗപ്പെടുത്താനാകും.

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS)

നോളജ് ഇക്കോണമി മിഷനു മുന്നിൽ നാലു ചുമതലകളാണ് ഉണ്ടായിരുന്നത്.

1. തൊഴിൽദാതാക്കളെ ബന്ധപ്പെടുക, തൊഴിലവസരങ്ങൾ സമാഹരിച്ച് കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കു ലഭ്യമാക്കുക. നോളജ് ഇക്കോണമി മിഷനിലെ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് ടീമാണ് ഈ

പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. അതിനായി സിഐഐ (കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്), ഐസിറ്റി അക്കാദമി തുടങ്ങിയ ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്.

2. ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയും പരിചയവും അഭിരുചിയും നിർണ്ണയിക്കുക.
3. തൊഴിലന്വേഷകർക്ക് ആവശ്യമായ നൈപുണിപരിശീലനവും അഭിമുഖത്തിനും മറ്റും വേണ്ടുന്ന ഭാഷാവൈഭവവും ആത്മവിശ്വാസവും നൽകുക.
4. തൊഴിൽദാതാക്കളെയും തൊഴിലന്വേഷകരെയും പരസ്പരം ബന്ധപ്പെടുത്തുക. അഭിമുഖത്തിന് അവസരമൊരുക്കുക. തൊഴിൽദാതാവിനു തൃപ്തികരമെങ്കിൽ തൊഴിൽ ലഭ്യമാക്കുക. ഇതിനായി തൊഴിൽമേളകൾ സംഘടിപ്പിക്കുക.

നോളജ് മിഷന്റെ മുഖ്യചുമതല തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും പരസ്പരം ബന്ധപ്പെടുത്തുന്നതിന് ഒരു സമഗ്ര ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമിനു രൂപം നൽകുകയായിരുന്നു. അത് ഇന്നും നിലവിലുണ്ട്. അതിന്റെ പേരാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS). ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കിയത്. പ്ലാറ്റ്ഫോമിന്റെ നവീകരണചുമതലകൾ നോളജ് മിഷന്റെ പ്ലാറ്റ്ഫോം ടീമാണു കൈകാര്യം ചെയ്യുന്നത്.

പ്ലാറ്റുഫോമുകളുടെ ഒരു സമുച്ചയമാണ് ഡി.ഡബ്ല്യൂ.എം.എസ്സ്. Foundlt എന്ന് പുനർനാമകരണം ചെയ്ത ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽദായകപ്ലാറ്റ്ഫോം - മോൺസ്റ്റർ, ഐ.റ്റി മേഖലയിലെ ഉയർന്ന സാങ്കേതികതൊഴിലുകൾ കൈകാര്യം ചെയ്യുന്ന ആഗോളകമ്പനിയുടെ ഇന്ത്യൻ ഭാഗമായ ലിങ്ക്ടിന്റെ സോഷ്യൽ മീഡിയ പ്ലാറ്റഫോം, ട്രാൻസ്ന്യൂറോൺ എൻ.എസ്സ്.ഡി.സി-ക്കുവേണ്ടി തയ്യാറാക്കിയ ഇന്ത്യയിലെ ഏറ്റവും വിപുലമായ നൈപുണ്യ പ്ലാറ്റഫോമായ ഐ-ട്രാക്ക്, ഇന്ത്യയുടെ ആദ്യത്തെ ഫ്രീലാൻസ് പ്ലാറ്റ്ഫോമായ അവിഗ്ന്, ഹമാരാ ജോബ്സ് എന്നു പുനർനാമകരണം ചെയ്ത കായിക പ്രധാനമായ ജോലികൾ കൈകാര്യം ചെയ്യുന്ന ക്യൂ ജോബ്സ് എന്നീ പ്ലാറ്റുഫോമുകൾ ഡി.ഡബ്ല്യൂ.എം.എസ്സ്-ൽ ഇഴുകിച്ചേരുന്നു. ഇങ്ങനെ നിലവിലുള്ള സംവിധാനങ്ങളുടെ ഏകോപനമാണ് എന്നത് വേഗത്തിൽ ഒരു ഡിജിറ്റൽ സംവിധാനം കെട്ടിപ്പടുക്കാൻ സഹായകരമായി. പക്ഷേ, മാറ്റങ്ങൾ വരുത്താനും നടത്തിപ്പു സുഗമമായി മുന്നോട്ടു കൊണ്ടുപോകാനുംമറ്റും സങ്കീർണ്ണതകളുണ്ട്. പ്ലാറ്റ്ഫോമുകൾ തമ്മിലുള്ള പാലങ്ങൾ എ.പി.ഐ, റിവേഴ്സ് എ.പി.ഐ എന്നിവ വഴിയാണ്.

19-നും 59-നും ഇടയ്ക്കു പ്രായമുള്ള അഭ്യസ്തവിദ്യർക്ക് (പ്ലസ് ടു, ഐറ്റിഐ, ഡിപ്ലോമ, ഡിഗ്രി, ബി.ടെക് തുടങ്ങിയവർ) DWMS-ൽ രജിസ്റ്റർ ചെയ്യാം. തൊഴിലന്വേഷകർക്കു സ്വന്തം DWMS പ്രൊഫൈലിൽ യോഗ്യത, സ്കിൽ, എക്സ്പീരിയൻസ് എന്നിവ കൃത്യമായി നൽകി രജിസ്റ്റർ ചെയ്യാം. ഇങ്ങനെ സ്വമേധയാ രജിസ്ട്രേഷൻ വേണ്ടത്ര വരാത്തതുകൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയ കാമ്പയിനിലൂടെ 18.50 ലക്ഷത്തിലേറെ തൊഴിലന്വേഷകർ ഇതിനകം ഈ പ്ലാറ്റ് ഫോമിൽ പേര് രജിസ്റ്റർ ചെയ്യുകയുണ്ടായി.

അതുപോലെതന്നെ തൊഴിൽദാതാക്കൾ അവർക്ക് ആവശ്യമുള്ള തൊഴിലുകളുടെ കൃത്യമായ യോഗ്യതയും തൊഴിൽസ്ഥലവും ശമ്പളവുമെല്ലാം സൂചിപ്പിച്ചുകൊണ്ടുള്ള വിവരങ്ങളും ഈ പ്ലാറ്റ് ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. DWMS-ൽ ഇത്തരത്തിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ കാലാവധി കഴിയുമ്പോൾ പിൻവലിക്കപ്പെടും. പുതിയ തൊഴിലുകൾ പ്രത്യക്ഷപ്പെടും. അങ്ങനെ ഏതു സമയത്തും പതിനായിരക്കണക്കിനു തൊഴിലവസരങ്ങൾ DWMS പ്ലാറ്റ് ഫോമിൽ ലഭ്യമാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകർക്കു ലഭ്യമായ തൊഴിലുകളിലേക്കു കൃത്യമായ വിവരങ്ങൾ നൽകിക്കൊണ്ട് തൊഴിലിന് അപേക്ഷിക്കാം. തുടർന്ന് തൊഴിൽദാതാവ് അപേക്ഷകരുടെ യോഗ്യതയും മറ്റു വിവരങ്ങളും പരിശോധിച്ച് അനുയോജ്യമെങ്കിൽ അഭിമുഖത്തിന് അവസരം നൽകും. അഭിമുഖം

വിജയകരമായി പൂർത്തീകരിക്കുന്നവർക്കു തൊഴിൽ നൽകും.

അഭിമുഖത്തിൽ വിജയിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്തുകൊണ്ടാണു തെരഞ്ഞെടുക്കപ്പെടാതിരുന്നത് എന്നതുസംബന്ധിച്ച ഫീഡ്ബാക്കും ഡിമാൻഡ് സൈഡ് ടീം ശേഖരിക്കും. അങ്ങനെ, തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനു പുറമേ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി വിപണിയുടെ ആവശ്യകതയെ അടിസ്ഥാനമാക്കി സ്വയം മെച്ചപ്പെടാനും നൈപുണിപരിശീലനത്തിനുമുള്ള അവസരം തൊഴിലന്വേഷകർക്കു ലഭ്യമാകുന്നു.

തൊഴിൽദാതാക്കളെയും തൊഴിലന്വേഷകരെയും നൈപുണിപരിശീലന ഏജൻസികളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്ത DWMS-ന്റെ പ്രവർത്തനത്തിന്റെ പരസ്പരബന്ധം ചിത്രം 2.1-ൽ കാണാം.



ചിത്രം 2.1
DWMS ഘടകങ്ങൾ

നാലു തരത്തിലുള്ള തൊഴിലവസരങ്ങൾ

DWMS വഴി ലഭ്യമാകുന്ന തൊഴിലവസരങ്ങളെ നാലായി തരംതിരിക്കാം.

1. തൊഴിൽദാതാക്കളും സ്റ്റാഫിങ് ഏജൻസികളും (ഫൌണ്ടിറ്റ്, ലിങ്ക്ഡ് ഇൻ തുടങ്ങിയ) അഗ്രിഗേറ്റർമാരും നേരിട്ട് പോസ്റ്റ് ചെയ്യുന്ന തൊഴിലുകൾ.

2. RTD (റിക്രൂട്ട്, ട്രെയിൻ, ഡിപ്ലോയ്) മോഡൽ - തൊഴിൽദാതാവ് അവർക്ക് ആവശ്യമുള്ള ഒഴിവിലേക്കു തൊഴിലന്വേഷകരെ വിദ്യാഭ്യാസയോഗ്യതയും നൈപുണിയും നോക്കി തിരഞ്ഞെടുക്കുകയും ആ ജോബ് റോളിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നിശ്ചിതകാലയളവിലേക്കു നൽകിയശേഷം ഓഫർ ലെറ്റർ നൽകുകയും ചെയ്യുന്നു. ഇതിലെ പരിശീലനം സൗജന്യമോ ഫീസ് ഉള്ളതോ ആകാം. തൊഴിലന്വേഷകർക്ക് തൊഴിലിന്റെയോ സ്ഥാപനത്തിന്റെയോ സ്വഭാവം മനസിലാക്കി അപേക്ഷിക്കാൻ സാധിക്കും.
3. ഫ്രീലാൻസ് തൊഴിലവസരങ്ങൾ.
4. ഇന്റേർൺഷിപ്പ്, അപ്രന്റിസ് ഷിപ്പ് അവസരങ്ങൾ ചെറിയ കാലയളവിലേക്ക്.

വളരെ വൈവിധ്യമാർന്ന തൊഴിലുകളാണ് ലഭ്യമാകുന്നത്. തൊഴിൽസ്ഥലം, ശമ്പളവും ആനുകൂല്യങ്ങളും, ജോലിസ്ഥിരത തുടങ്ങിയവയിലെല്ലാം വളരെയേറെ വ്യത്യാസങ്ങളുണ്ട്. ഇവയെക്കുറിച്ചെല്ലാം തൊഴിലന്വേഷകർക്കു വ്യക്തമായ വിവരങ്ങൾ നൽകാനുള്ള സംവിധാനങ്ങളുണ്ട്.

ക്യൂറേഷൻ (curation), കൗൺസിലിങ് സേവനങ്ങൾ

DWMS-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരെ അവരുടെ താല്പര്യത്തിനും യോഗ്യതയ്ക്കും അനുസൃതമായ തൊഴിലിലേക്കു നയിക്കാൻ സഹായിക്കാനായി വൈവിധ്യമാർന്ന കൗൺസിലിങ് പ്രോഗ്രാം കെകെഇഎം തയ്യാറാക്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. **കരിയർ കൗൺസിലിങ് ടെസ്റ്റ്:** തൊഴിലന്വേഷകർക്ക് അവരുടെ കഴിവുകളും പോരായ്മകളും മനസിലാക്കി അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കാൻ സഹായകരമാവുന്ന ഓൺലൈൻ ടെസ്റ്റ് DWMS പ്ലാറ്റ്ഫോമിൽ ലഭ്യമാണ്. 40 മിനിറ്റ് ദൈർഘ്യമുള്ള ഈ ടെസ്റ്റിൽ സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളായിരിക്കും ഉണ്ടാവുക. ടെസ്റ്റിന്റെ അവസാനം വിശദമായ റിപ്പോർട്ട് ഉടൻ ലഭ്യമാകും. അടുത്ത ഭാഗമായി ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരിയർ കൗൺസിലറുടെ സേവനം സൗജന്യമായി സ്വീകരിക്കാം. ഏതു മേഖലയിൽ തൊഴിലന്വേഷിക്കണമെന്ന് അറിയാത്തവർക്കും തെരഞ്ഞെടുത്ത തൊഴിൽ മേഖലയെപ്പറ്റി സംശയമുള്ളവർക്കും അനുയോജ്യമായ തൊഴിൽ മേഖല അറിയാൻ താല്പര്യമുള്ളവർക്കും ഈ കൗൺസിലിങ് ടെസ്റ്റ് ഉപയോഗപ്പെടുത്താം.
2. **വർക്ക് റെഡിനെസ് പ്രോഗ്രാം:** ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ആത്മവിശ്വാസമില്ലാത്തവർക്കും ഇന്റർവ്യൂവിൽ സ്വന്തം പ്രകടനം മെച്ചപ്പെടുത്താൻ താല്പര്യമുള്ളവർക്കും സഹായകരമായ ഒരു ഓൺലൈൻ പ്രോഗ്രാമാണ് വർക്ക് റെഡിനെസ് പ്രോഗ്രാം. ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ എങ്ങനെ പങ്കെടുക്കാം, ഗ്രൂപ്പ് ഡിസ്കഷൻ, മോക്ക് ഇന്റർവ്യൂ തുടങ്ങിയവയെക്കുറിച്ചുള്ള സെഷനുകൾ ഈ സൗജന്യ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലന്വേഷകർക്ക് ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ പങ്കെടുക്കാനും തൊഴിൽ നേടുന്നതിനും ഈ പ്രോഗ്രാം സഹായിക്കും.
3. **പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിങ്:** പ്രൊഫഷണൽ ഇംഗ്ലീഷ് ഭാഷയിലൂടെ തൊഴിലിടങ്ങളിലെ ആശയവിനിമയം, ഗ്രൂപ്പ് പ്രവർത്തനത്തിനുള്ള വൈദഗ്ധ്യം തുടങ്ങിയ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലന്വേഷകരെ അനുയോജ്യമായ തൊഴിലിനു സജ്ജരാക്കാനാണ് DWMS പ്ലാറ്റ്ഫോമിലൂടെ പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിങ് നൽകുന്നത്. ആശയവിനിമയ കഴിവുകൾ മെച്ചപ്പെടുത്താൻ താല്പര്യമുള്ള എല്ലാ തൊഴിലന്വേഷകർക്കും ഈ സൗജന്യസേവനം ഉപയോഗപ്പെടുത്താം. ടീം വർക്ക്, പ്രൊഫഷണൽ കമ്മ്യൂണിക്കേഷൻ, ഇംഗ്ലീഷ് ആശയവിനിമയ കഴിവുകൾ എന്നിവയുടെ സമഗ്രമായ വികസനത്തിനു പ്രത്യേക ശ്രദ്ധ നല്കിയാണ് ഈ 16 മണിക്കൂർ ട്രെയിനിങ് പ്രോഗ്രാം ഒരുക്കിയിരിക്കുന്നത്.

4. **റോബോട്ടിക് ഇന്റർവ്യൂ:** തൊഴിലന്വേഷകർ പ്രൊഫൈലിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നു മിനിറ്റ് ദൈർഘ്യമുള്ള ഡെമോ അഭിമുഖമാണ് റോബോട്ടിക് ഇന്റർവ്യൂ. തൊഴിലന്വേഷകരുടെ ഫോണിൽനിന്നോ കമ്പ്യൂട്ടറിൽനിന്നോ ഓൺലൈനായി ഈ സേവനം ഉപയോഗപ്പെടുത്താം. റോബോട്ടിക് ഇന്റർവ്യൂ വഴി തൊഴിലന്വേഷകരുടെ ആശയവിനിമയത്തിനുള്ള കഴിവു മനസ്സിലാക്കാനും സ്വന്തം ശേഷികൾ പരിചയപ്പെടുത്തിക്കൊണ്ട് തൊഴിൽദാതാക്കളുടെ മുന്നിൽ വേറിട്ടുനിൽക്കാനും ഈ സാകര്യം ഉപകാരപ്പെടും. തെരഞ്ഞെടുക്കൽ പ്രക്രിയയ്ക്കായി തൊഴിലുടമകൾക്ക് ഈ വീഡിയോ ലഭ്യമാകുകയും ചെയ്യും.
5. **ബ്രിട്ടീഷ് കൗൺസിൽ ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് ആൻഡ് സർട്ടിഫിക്കേഷൻ:** ഇംഗ്ലീഷ് പരിജ്ഞാനം അളക്കുന്നതിനുള്ള കോമൺ യൂറോപ്യൻ ഫ്രെയിംവർക്ക് ഓഫ് റഫറൻസ് (സി.ഇ.എഫ്. ആർ) സ്കെയിൽ ആസ്പദമാക്കി ബ്രട്ടീഷ് കൗൺസിൽ രൂപകല്പന ചെയ്തിരിക്കുന്ന ഓൺലൈൻ ടെസ്റ്റാണ് ഇംഗ്ലീഷ് സ്കോർ. തൊഴിലന്വേഷകരുടെ ഇംഗ്ലീഷ് പ്രാവീണ്യം തൊഴിൽദാതാക്കൾക്കു വിലയിരുത്താനും ഈ ടെസ്റ്റ് സ്കോർ സഹായിക്കും. ഈ ഓൺലൈൻ സേവനവും സൗജന്യമായി ലഭ്യമാണ്. ഈ ടെസ്റ്റ് തൊഴിലിട ആവശ്യങ്ങൾക്കുള്ളതാണ്. വിദേശയൂണിവേഴ്സിറ്റി പഠനത്തിനുള്ള അടിസ്ഥാനയോഗ്യതയായി ഈ ടെസ്റ്റ് ഉപയോഗപ്പെടില്ല.
6. ഇതിനുപുറമേ എംപ്ലോയബിലിറ്റി ടെയിനിങ്ങിനു വേണ്ടിയുള്ള 6 മുതൽ 10 വരെ മണിക്കൂറുള്ള കോഴ്സുകൾ ലഭ്യമാണ്. നൈപുണിപരിശീലനത്തിനുള്ള ഓൺലൈൻ കോഴ്സുകളും DWMS-ൽ ലഭ്യമാണ്. ഇന്റേൺഷിപ്പ് / അപ്രന്റിസ്ഷിപ് തുടങ്ങിയവയ്ക്കുള്ള സാധ്യതകൾ സംബന്ധിച്ച വിവരങ്ങളും അതിനുവേണ്ടുന്ന തയ്യാറെടുപ്പിനുള്ള സഹായവും ലഭ്യമാണ്. അവസാനമായി, സമാനതാല്പര്യങ്ങളുള്ള കുട്ടികളുടെ ലേണിങ് സർക്കിളുകൾ കോളെജുകളിൽ രൂപവത്ക്കരിച്ചാൽ അവർക്കുള്ള പിന്തുണയും DWMS-ൽനിന്നു ലഭ്യമാകും.

ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ പദ്ധതികൾ

കഴിഞ്ഞ അധ്യായത്തിൽ നോളജ് സമൂഹത്തിൽ അവസരതുല്യത എല്ലാവർക്കും ഉറപ്പുവരുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിച്ചല്ലോ. ഇതു കണക്കിലെടുത്ത് അഞ്ചു പ്രത്യേക നൈപുണിവികസനപരിപാടികൾ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് രൂപം നൽകിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. **ഉന്നതി:** പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പുമായി ചേർന്നു നടപ്പാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതിയാണിത്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകർക്ക് വിജ്ഞാനതൊഴിൽ മേഖലയിൽ അവസരങ്ങൾ ഒരുക്കുന്നു.
2. **ഒപ്പറ:** ഗോത്രവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരെ തൊഴിലിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗവികസനവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതിയാണിത്. പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ നൂൽപ്പുഴ, തിരുനെല്ലി (വയനാട്), അട്ടപ്പാടി (പാലക്കാട്), നിലമ്പൂർ (മലപ്പുറം) എന്നിവിടങ്ങളിലാണു നടപ്പിലാക്കുന്നത്.
3. **പ്രൈഡ്:** സാമൂഹികനീതിവകുപ്പുമായി ചേർന്നു നടപ്പിലാക്കുന്ന പദ്ധതിയാണിത്. ട്രാൻസ്ജെൻഡർ സമൂഹത്തിൽ വിജ്ഞാനതൊഴിലിൽ തൽപ്പരരായ, പ്ലസ് ടൂവോ അതിനുമുകളിലോ വിദ്യാഭ്യാസയോഗ്യതയുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും കണ്ടെത്തി അവർക്കായി റസിഡൻഷ്യൽ പരിശീലനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതാണ് പ്രൈഡ് പദ്ധതി.
4. **തൊഴിൽതീരം:** ഫിഷറീസ് വകുപ്പുമായും ബന്ധപ്പെട്ട മറ്റ് ഏജൻസികളുമായും ചേർന്നു മത്സ്യത്തൊഴിലാളിവിഭാഗത്തിലെ വിജ്ഞാനതൊഴിലിൽ തല്പരരായ തൊഴിലന്വേഷകർക്കായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. 18-നും 40-നും ഇടയിൽ പ്രായമുള്ള പ്ലസ് ടൂവോ അതിനു

മുകളിലോ വിദ്യാഭ്യാസയോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തി ഓൺ ലൈൻ, ഓഫ് ലൈൻ പരിശീലനത്തിലൂടെ വിവിധ ഘട്ടങ്ങളായി തൊഴിലവസരം ഒരുക്കുന്നു.

5. **സമഗ്ര:** സാമൂഹികനീതിവകുപ്പുമായി ചേർന്നു ഭിന്നശേഷിസമൂഹത്തിൽനിന്ന് വിജ്ഞാന തൊഴിലിൽ തൽപ്പരരായ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവർക്കായി വിവിധ പരിശീലനങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

ഇതിനുപുറമേ, താഴെപ്പറയുന്ന പ്രത്യേക സ്കീമുകൾക്കും നോളജ് ഇക്കോണമി മിഷൻ രൂപം നൽകിയിട്ടുണ്ട്.

1. **എന്റെ തൊഴിൽ എന്റെ അഭിമാനം 2.0:** കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ തൊഴിൽ ക്ലബ്ബുകൾ രൂപവത്ക്കരിക്കുന്നതിനും അംഗങ്ങൾക്കു പ്രത്യേക പിന്തുണ നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുമുള്ള പ്രത്യേക പദ്ധതിയാണിത്.
2. **തൊഴിലരങ്ങത്തേക്ക്:** അഭ്യസ്തവിദ്യരായ സ്ത്രീകളെ പുതിയ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തി, നൈപുണ്യപരിശീലനത്തിലൂടെ തൊഴിൽസജ്ജരാക്കുക എന്നതാണ് പദ്ധതി. എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയിലേക്കു തെരഞ്ഞെടുത്ത തദ്ദേശസ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുക.
3. **സമന്വയം:** കേരളത്തിലെ ന്യൂനപക്ഷവിഭാഗങ്ങളിലെ തൊഴിലന്വേഷകർക്ക് വിജ്ഞാന തൊഴിലവസരങ്ങൾ ലഭ്യമാക്കാനായി സംസ്ഥാന ന്യൂനപക്ഷ കമ്മിഷനുമായി ചേർന്നു നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണിത്. ക്രിസ്ത്യൻ, മുസ്ലിം, ജൈന, ബുദ്ധ, പാഴ്സി, സിഖ് എന്നിങ്ങനെ ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ട ആറു സമുദായങ്ങളിലെ പ്ലസ് ടൂവോ അതിനു മുകളിലോ വിദ്യാഭ്യാസയോഗ്യതയുള്ള 18-നും 59-നും ഇടയിൽ പ്രായുള്ളവർക്ക് പദ്ധതിയുടെ ഭാഗമാകാം.
4. **ജീവനം:** കേരളത്തിലെ ലൈഫ് മിഷൻ ഗുണഭോക്തൃകുടുംബങ്ങളിലെ അംഗങ്ങൾക്കായി മിഷൻ ലൈഫ് മിഷനുമായി ചേർന്നു നടപ്പിലാക്കുന്ന തൊഴിൽ പദ്ധതിയാണിത്.
5. **ബാക്ക് ടു വർക്ക്:** വിവിധ കാരണങ്ങളാൽ പാതിവഴിയിൽ ജോലി ഉപേക്ഷിക്കേണ്ടി വന്നതും ജോലിക്കു പോകാൻ സാധിക്കാത്തതുമായ സ്ത്രീകളെ അവർ ആഗ്രഹിക്കുന്ന ജോലിയിലേക്കു തിരികെ എത്തിക്കാൻ ലക്ഷ്യമിട്ടു നടപ്പിലാക്കുന്ന പദ്ധതിയാണിത്. കരിയർ ബ്രേക്ക് വന്ന സ്ത്രീകൾ നേരിടുന്ന തൊഴിലില്ലായ്മയും അദൃശ്യതയും ക്രിയാത്മകമായ ഇടപെടലുകളിലൂടെ ഇല്ലാതാക്കുവാനും ജീവിതഗുണനിലവാരവും സാമൂഹികാംഗീകാരവും ഉറപ്പാക്കുവാനും സാധിക്കും.

ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ വൈവിധ്യമാർന്ന ധർമ്മങ്ങൾ

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെയെല്ലാം ആധാരം ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റമാണ് (DWMS). DWMS-ന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ഒരു പൊതുരൂപം ചിത്രം 2.2-ൽ ലഭിക്കും.

തൊഴിലുടമകൾക്ക് അവരുടെ ആവശ്യകതകളെ അടിസ്ഥാനമാക്കി അനുയോജ്യരായ തൊഴിലന്വേഷകരെ കണ്ടെത്താനും തൊഴിലന്വേഷകർക്ക് വിപണിയുടെ ആവശ്യകത മനസിലാക്കി സ്വയം മെച്ചപ്പെടാനും നൈപുണിപരിശീലനം നേടാനും ജോലികൾക്ക് അപേക്ഷിക്കാനുമുള്ള അവസരം ഈ പ്ലാറ്റ് ഫോമിൽ ലഭ്യമാകും. ഇത്രയേറെ സമഗ്രമായ ഒരു തൊഴിൽ പ്ലാറ്റ്ഫോം അപൂർവ്വമായിരിക്കും. ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട പ്ലാറ്റ്ഫോമിനുള്ള ഡിജിറ്റൽ ഇന്ത്യ 2022 പ്ലാറ്റിനം അവാർഡ് ലഭിച്ചതിനും കാരണം മറ്റൊന്നല്ല. DWMS പ്ലാറ്റ്ഫോമിനെക്കുറിച്ചു കൂടുതൽ സാങ്കേതികവിശദീകരണവും ഫലപ്രദമായി ഉപയോഗിക്കാനുള്ള ഉപദേശങ്ങളും അനുബന്ധം (1)-ൽ പ്രത്യേകമായി നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇവിടെ കൂടുതൽ വിശദീകരിക്കുന്നില്ല.

ചിത്രം 2.2

ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം വഴി ലഭിക്കുന്ന സേവനങ്ങൾ

AWARDS

ഒരു ദിശാമാറ്റം

ഇത്രയേറെ സൗകര്യങ്ങൾ ഒരുക്കിയിട്ടും പ്രതീക്ഷകൾക്കനുസരിച്ച് ലക്ഷ്യങ്ങളിലേക്കു നീങ്ങാൻ കഴിഞ്ഞിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. സ്കീമുകളുടെ അഭാവമോ അവയുടെ സാങ്കേതികമികവിന്റെ കുറവോ അല്ല ഇതിനു കാരണം. നടത്തിപ്പുരീതിയിൽ സമൂലമായ മാറ്റം വേണ്ടതുണ്ട്. ജനകീയമായി ഈ സ്കീമുകൾ നടപ്പാക്കാനാവണം. യോഗങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണമല്ല, മറിച്ച് സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണവും അവരുടെ മികവുമാണു പ്രധാനം. പരിശീലനത്തിനും ഉപദേശങ്ങൾക്കും ഏജൻസികളെ മാത്രം ആശ്രയിക്കാതെ സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മെന്റർമാരെ വ്യാപകമായി ഉപയോഗപ്പെടുത്താനാകണം. പരിശീലനങ്ങളെയും ലഭ്യമാകുന്ന തൊഴിലുകളെയും കുറിച്ച് താഴേത്തട്ടിൽനിന്നുള്ള ജനകീയ ഫീഡ്ബാക്ക് അനിവാര്യമാണ്.

മുൻ മാതൃക ഇല്ലായെന്നതുകൊണ്ടും രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതിയെന്നതുകൊണ്ടും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പോരായ്മകളും വെല്ലുവിളികളും മനസ്സിലാക്കി, അവ മറികടക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി മുന്നോട്ടു പോകുന്ന രീതിയേ അവലംബിക്കാനാകൂ. ഇത്തരത്തിൽ ഇതുവരെയുള്ള അനുഭവങ്ങളെ വിലയിരുത്തി സന്നദ്ധപ്രവർത്തനവും പങ്കാളിത്തസ്വഭാവവും ഉറപ്പുവരുത്തുന്ന ഒരു ജനകീയപ്രസ്ഥാനമായിട്ട് ഇതിനെ രൂപാന്തരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിനു സഹായകരമായ ഏതാനും പരീക്ഷണങ്ങൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിൽ നടക്കുകയുണ്ടായി. അവയിലെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് വിജ്ഞാനകേരളം ജനകീയ കാമ്പയിനിനു രൂപം നൽകിയിരിക്കുന്നത്.

വിജ്ഞാന പത്തനംതിട്ട

2024 ജനുവരി മാസത്തിൽ തിരുവല്ലയിൽ നടന്ന മൈഗ്രേഷൻ കോൺക്ലേവിനെ തുടർന്നാണ് വിജ്ഞാനപത്തനംതിട്ട കാമ്പയിൻ രൂപംകൊണ്ടത്. "വിജ്ഞാനസമ്പദ്ഘടനയുടെ നിർമ്മിതിയിൽ പ്രവാസികളുടെ പങ്ക്" എന്നതായിരുന്നു ഓഫ് ലൈനായും ഓൺ ലൈനായും പതിനായിരക്കണക്കിനുപേർ പങ്കാളികളായ ഈ നാലുദിവസ പ്രവാസീസംഗമത്തിന്റെ ചർച്ചാവിഷയം. പ്രവാസീനിക്ഷേപത്തിനു പുറമേ രണ്ടു പ്രധാന ധർമ്മങ്ങൾ വിജ്ഞാനസമ്പദ്ഘടനയുടെ സൃഷ്ടിയിൽ അവർക്കു നിർവ്വഹിക്കാനാകുമെന്നു സമ്മേളനം വിലയിരുത്തി. ഒന്ന്, വിദേശത്തുള്ള പുതിയ തൊഴിലവസരങ്ങൾ തിരിച്ചറിഞ്ഞ് അറിയിക്കാൻ അവർക്കു കഴിയും. രണ്ട്, അവർ പഠിച്ച കോളെജുകളിലെ വിദ്യാർത്ഥികളുടെ നൈപുണിപരിശീലനത്തിന് മെന്റർമാരായി പ്രവർത്തിക്കാനും അവർക്കു കഴിയും.

സമ്മേളനത്തെത്തുടർന്ന് കെകെഇഎമ്മുമായി ചേർന്ന് പത്തനംതിട്ട ജില്ലയിൽ തൊഴിലന്വേഷകർക്കു പരിശീലനം നൽകുന്നതിനും തൊഴിൽമേളകളിലൂടെ അവർക്കു തൊഴിൽ നൽകുന്നതിനും കാമ്പയിൻ ആരംഭിച്ചു. 2024 സെപ്തംബർ 7-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കെ-ഡിസ്ക് - കെകെഇഎം അവലോകനയോഗത്തിൽ വിജ്ഞാനപത്തനംതിട്ട പദ്ധതി ഫലപ്രദമാണെന്നു വിലയിരുത്തുകയും നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങളുടെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിജ്ഞാനകേരളം എന്ന പേരിൽ കാമ്പയിൻ രൂപത്തിൽ പ്രവർത്തനം പുനഃസംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

എന്തൊക്കെയാണ് വിജ്ഞാന പത്തനംതിട്ടയുടെ അനുഭവ പാഠങ്ങൾ?

1. കെകെഇഎം പ്രവർത്തനങ്ങൾ ഫലപ്രദമാകണമെങ്കിൽ ജില്ലാതലത്തിലും താഴെയും ഫലപ്രദമായ സംഘടനാസംവിധാനങ്ങൾ ഉണ്ടാകണം. ഇതുവരെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കുടുംബശ്രീയുമായി ബന്ധപ്പെട്ടുള്ള ഒന്നുവീതം കമ്മ്യൂണിറ്റി അംബാസിഡർമാരും ജില്ലാതലത്തിൽ കുടുംബശ്രീയുടെ ഭാഗമായുള്ള കോർഡിനേറ്റർമാരുമാണ് ഉണ്ടായിരുന്നത്. ഇതിനു പകരം ജില്ലാതലത്തിൽ ഒരു ഡിഎംസിയുടെ നേതൃത്വത്തിൽ ഒരു പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റും അതിനു താഴെ ജോബ് സ്റ്റേഷനുകളും അനിവാര്യമാണ്. ജോബ്

സ്റ്റേഷനുകൾ ഉദ്യോഗാർത്ഥികൾക്കു പ്രാപ്യമാകണം. സംശയങ്ങൾ ദൂരീകരിക്കാനും DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാനും ജോലിക്ക് അപേക്ഷിക്കാനും അവരെ സഹായിക്കാനുള്ള പ്രാദേശികകേന്ദ്രങ്ങളാണ് അവ.

2. ജോലികൾ DWMS-ൽ പട്ടികപ്പെടുത്തിയതുകൊണ്ട് ആയില്ല. DWMS സാധാരണ തൊഴിലന്വേഷകർക്ക് അപ്രാപ്യമാണ്. തൊഴിലുകൾ പട്ടികപ്പെടുത്തുന്ന രീതി ഉപയോക്തൃസൗഹൃദമല്ല. ഇക്കാരണംകൊണ്ട്, തൊഴിലവസരങ്ങൾ പട്ടികപ്പെടുത്തുകയും വിശദമായ തൊഴിൽവിവരപത്രികകളടക്കം ജോബ് സ്റ്റേഷനുകളിലേക്കും പിഎംയുവിനും കൈമാറുകയും ഇവ ഉപയോഗിച്ച് റിസോഴ്സ് പേഴ്സൺമാർക്കും കമ്മ്യൂണിറ്റി അംബാസിഡർമാർക്കും ജോബ് സ്റ്റേഷൻ ചുമതലക്കാർക്കും പരിശീലനം നൽകുകയും ചെയ്യേണ്ടതു പ്രധാനമാണ്.
3. ജില്ലാതലത്തിലും പ്രാദേശികതലത്തിലും വലിയൊരു നിര സന്നദ്ധപ്രവർത്തകർ കെകെ ഇഎം-ന്റെ ലക്ഷ്യം നേടുന്നതിന് അനിവാര്യമാണ്. പത്തനംതിട്ടയിൽ ജില്ലയിൽനിന്നു മൈഗ്രേഷൻ കോൺക്ലേവിൽ പങ്കെടുത്തവരിൽ പലരും സന്നദ്ധപ്രവർത്തകരായി മാറി. മറ്റുള്ളവരും പിന്നീട് പങ്കാളികളായി. ഇവരാണ് ഉദ്യോഗാർത്ഥികളെ മൊബിലൈസ് ചെയ്യുന്നതിനും ലഘുപരിശീലനങ്ങൾക്കു നേതൃത്വം നൽകുന്നതിനും തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതിനും മുൻകൈയെടുത്തത്.
4. തൊഴിലവസരങ്ങളുടെ ലിസ്റ്റ് വ്യക്തമായിക്കഴിഞ്ഞാൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുക, ജോലിക്ക് അപേക്ഷിപ്പിക്കുക, ഇന്റർവ്യൂവിലെത്തിക്കുക, ജോലി ലഭിക്കുന്ന ആൾക്കാർ ജോലിയിൽ ചേരുന്നതിന് തടസ്സങ്ങൾ ഉണ്ടാവുന്നില്ലായെന്ന് ഉറപ്പ് വരുത്തുക എന്നിവയും പ്രധാനമാണ്. പ്രാദേശികമായി ജോലിക്ക് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്നവരെയും ജോലിക്കു തെരഞ്ഞെടുക്കപ്പെടുന്നവരെയും അനുമോദിക്കുന്നതും കൂടുതൽ തൊഴിലന്വേഷകരെ കാമ്പെയിനിലേക്ക് ആകർഷിക്കുന്നതിന് ആവശ്യമാണ്.
5. നൈപുണിപരിശീലനം വിദ്യാഭ്യാസസ്ഥാപനാടിസ്ഥാനത്തിലാക്കുന്നതാണ് കൂടുതൽ ഫലപ്രദം. പ്ലെയ്സ്മെന്റ് ഓഫീസർമാരെയും അധ്യാപകരെയും പൂർവ്വവിദ്യാർത്ഥികളെയും ഉപയോഗപ്പെടുത്താനാകും. ഓൺലൈനായി ക്ലാസുകൾ നടക്കുന്നതിനോടൊപ്പം നേരിട്ടുള്ള കൂടിച്ചേരലുകളും ആവശ്യമാണ്. ഇതിന് സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺമാരുടെ പ്രത്യേകസംഘം അനിവാര്യമാണ്.
6. എംഎൽഎമാരുടെ മുൻകൈ പ്രധാനമാണ്. അതുപോലെതന്നെ തദ്ദേശഭരണസ്ഥാപനങ്ങളിലെ പൂർണ്ണപിന്തുണയോടെ മാത്രമേ ഇത്തരമൊരു പദ്ധതി ജനകീയമായി നടപ്പാക്കാനാകൂ. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആളുകൊണ്ടും അർത്ഥംകൊണ്ടും കാമ്പയിനെ സഹായിക്കാനാകും

തളിപ്പറമ്പ് മണ്ഡലത്തിലെ അനുഭവങ്ങൾ

മറ്റു പല സ്ഥലങ്ങളിലും സവിശേഷമായ മുൻകൈകൾ ഉണ്ടായിട്ടുണ്ട്. ഇവയിൽ തളിപ്പറമ്പ് മണ്ഡലത്തിലെ ഇടപെടൽ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഉദ്യോഗാർത്ഥികളെ ചിട്ടയായി ബന്ധപ്പെട്ട് ജോലിയെ സംബന്ധിച്ച അവരുടെ അഭിലാഷങ്ങളും നൈപുണ്യ പരിപാടികളിൽ പങ്കാളികളാവാനുള്ള സന്നദ്ധതയും തളിപ്പറമ്പിൽ ഒരു പ്രൊഫഷണൽ ഏജൻസിയുടെ സഹായത്തോടെ കെ.കെ.ഇ.എം വിശകലനം ചെയ്തു. തുടർന്ന് ഇവരെ സൂക്ഷ്മതല പ്രാദേശിക (ഹൈപ്പർ ലോക്കൽ) ജോലികളിലേക്ക് കണക്ട് ചെയ്തു. വിദേശത്തുപോകാൻ താല്പര്യമുള്ളവരെ അത്തരം ജോലികളുമായും കണക്ട് ചെയ്തു. തളിപ്പറമ്പ് മണ്ഡലത്തിലെ പഞ്ചായത്തുതല ലൈബ്രറികളിലെ വിജ്ഞാന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ജോബ്സ്റ്റേഷനുകളുടെ ശൃംഖല ഈ പ്രവർത്തനത്തിന് വളരെ സഹായകരമായി.

ഇതു കൂടാതെ കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ്, സർ സയ്യദ് കോളേജ് അടക്കം മണ്ഡലതലത്തി

ലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അണിനിരത്തി താല്പര്യമുള്ള ഉദ്യോഗാർഥികളുടെ തുടർ പരിശീലനത്തിന് ഒരു സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതോടൊപ്പം പുതിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് വാർഡ് തല സമിതികളുടെ സംഘാടനവും നടന്നുകൊണ്ടിരിക്കുന്നു. കീഴ്ത്തട്ടിലെ സംഘടനാ സംവിധാനം, സന്നദ്ധപ്രവർത്തകർ, സന്നദ്ധ-പ്രൊഫഷണൽ മെന്റർമാർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം തുടങ്ങിയവയെല്ലാം അടിവരയിടുന്നതാണ് തളിപ്പറമ്പിലെ അനുഭവവും.

വിജ്ഞാന ആലപ്പുഴ

ആലപ്പുഴയിൽ ജില്ലാപഞ്ചായത്ത് തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതിന് പ്രത്യേക പ്രൊജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനെ കെകെഇഎം-ന്റെ നേതൃത്വത്തിലുള്ള തൊഴിൽപദ്ധതിയിൽ ഉൾച്ചേർക്കുകയാണുണ്ടായത്. ഇവിടെ എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ജോബ് സ്റ്റേഷൻ പ്രവർത്തിക്കുന്നു. ജില്ലാ-ബ്ലോക്ക്/മുനിസിപ്പാലിറ്റി-ഗ്രാമപഞ്ചായത്ത് പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുമുണ്ട്. ഈ പദ്ധതി ഡിപിസിയുടെ നേതൃത്വത്തിലുള്ള പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ജോയിന്റ് പ്രൊജക്ടായാണ വിഭാവനം ചെയ്തിരിക്കുന്നത്.

വിജ്ഞാനകേരളം കാമ്പയിൻ

മിഷന്റെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തനവും പങ്കാളിത്തസ്വഭാവവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ കൂടുതൽ ജനകീയമായ സംഘടനാരീതി സ്വീകരിക്കുന്ന രീതിയിലേക്ക് മിഷൻ ഇപ്പോൾ കടക്കുകയാണ്. ഇതിനു പ്രാദേശികസർക്കാരുകളുടെ നേതൃത്വവും നിരന്തരമായ ഇടപെടലുകളും നിർണ്ണായകമാണ്. ഇത്തരത്തിൽ കൂടുതൽ ജനകീയമായ പ്രവർത്തനത്തിലൂടെ മിഷന് ലക്ഷ്യത്തിലേക്ക് അടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജില്ലാതലത്തിൽ എംഎൽഎമാരും പൊതുപ്രവർത്തകരും അടങ്ങുന്ന സംഘാടകസമിതി, ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു രൂപവത്ക്കരിക്കുന്ന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്, ഇവരെ സഹായിക്കാൻ സജ്ജമാക്കിയിട്ടുള്ള റിസോഴ്സ് പേഴ്സൺ സംവിധാനം എന്നിവയാണ് പ്രധാനമായും പ്രാദേശികമായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ചട്ടക്കൂട്. സർക്കാരിൽനിന്നു വിരമിച്ച പരിചയസമ്പന്നരായ വിദഗ്ധരും നിലവിലുള്ളവരോ വിരമിച്ചവരോ ആയ അധ്യാപകരും പ്രവാസം ഉപേക്ഷിച്ചവരും അടങ്ങുന്നതാണ് പ്രൊഫഷണൽ റിസോഴ്സ് സംഘം. തൊഴിലന്വേഷകരെ കണ്ടെത്താനും തൊഴിലിനനുസരിച്ചുള്ള പ്രാഥമികതെരഞ്ഞെടുപ്പുകൾ നടത്താനും തൊഴിലന്വേഷകർക്ക് ആവശ്യമായ അഭിമുഖപരിശീലനം തുടങ്ങിയ പിന്തുണസംവിധാനം ഒരുക്കുവാനും ഈ റിസോഴ്സ് സംഘം സഹായിക്കും.

കേരള നോളജ് ഇക്കോണമി മിഷൻ നേരിട്ടു സംഘടിപ്പിക്കുന്ന സംവിധാനങ്ങൾ, പ്രാദേശികസർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിൽവരുത്തുന്ന കാര്യങ്ങൾ, സന്നദ്ധപ്രവർത്തകരുടെയും പ്രൊഫഷണൽ മെന്റർമാരുടെയും പിന്തുണ എന്നിങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കുന്ന ഘടകങ്ങളുടെ സമന്വയത്തിലൂടെ തൊഴിലന്വേഷകരെ തൊഴിലിലേക്ക് എത്തിക്കുന്ന രീതിയിൽ നോളജ് മിഷൻ പ്രവർത്തനങ്ങൾ പുനരാവിഷ്കരിക്കുവാനാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഈ നവീകരിച്ച പരിപാടിക്ക് വിജ്ഞാനകേരളം എന്ന പേരു നൽകാനും തീരുമാനിച്ചിട്ടുണ്ട്. ജില്ലകളിലെ കാമ്പയിനുകൾക്ക് ജില്ലകളുടെ പേരുമായി ചേർത്ത് (വിജ്ഞാന പത്തനംതിട്ട, വിജ്ഞാന ആലപ്പുഴ) നാമകരണം ചെയ്യുന്നതിനും തടസ്സമില്ല.

കെകെഇഎം-ന്റെ പ്രവർത്തനങ്ങളെ ജനകീയാസൂത്രണത്തിലെന്നപോലെ ഒരു ജനകീയ കാമ്പയിനാക്കി പുനഃസംഘടിപ്പിക്കാൻ പോവുകയാണ്. അതിന്റെ ഒരു പൊതുചട്ടക്കൂടാണ് ഇനിയുള്ള രണ്ട് അധ്യായങ്ങളിൽ വിവരിക്കുന്നത്.

അധ്യായം 3

തൊഴിൽമേളകളിൽ തൊഴിലന്വേഷകരെ അണിനിരത്തൽ

വിജ്ഞാനകേരളം കാമ്പയിൻ രണ്ട് ട്രാക്കുകളിലൂടെയാണ് മുന്നേറുക.

1. തൊഴിലന്വേഷകരെ മൊബിലൈസ് ചെയ്യലും തൊഴിൽമേളകളുടെ നടത്തിപ്പും. അടുത്ത വർഷം അവസാനത്തോടെ രണ്ടുലക്ഷം പേർക്ക് തൊഴിൽ നൽകുകയാണ് ലക്ഷ്യം.
2. തൊഴിലുകളോടു ബന്ധപ്പെടുത്തിയുള്ള നൈപുണിവികസനം. അടുത്ത വർഷം കോളെജ്, പോളിടെക്നിക്, ഐറ്റിഐകളിലെ അഞ്ചുലക്ഷം വിദ്യാർത്ഥികൾക്ക് കരിക്കുലത്തിനു പുറമേ തൊഴിലിലേക്കു നയിക്കുന്ന നൈപുണിപരിശീലനം നൽകുകയാണ് ലക്ഷ്യം. ആർറ്റിഡി, ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് പ്രോഗ്രാമുകൾ ഇതുമായി സംയോജിപ്പിക്കുക.

ഇവയിൽ ഒന്നാമത്തെ ട്രാക്കിലെ പ്രവർത്തനങ്ങളും സംഘാടനവുമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്.

മൊബിലൈസേഷൻ കാമ്പയിന്റെ ലക്ഷ്യങ്ങൾ

നാളിതുവരെ നോളേജ് മിഷൻ പ്രവർത്തനങ്ങൾ DWMS എന്ന ഡിജിറ്റൽ പ്ലാറ്റഫോം അധിഷ്ഠിതവും തൊഴിലന്വേഷകർ സ്വയം ഡിജിറ്റൽ സംവിധാനം ഉപയോഗപ്പെടുത്തി അപേക്ഷ സമർപ്പണം, നൈപുണി ആർജിക്കുവാനുള്ള പരിശീലനം, ഭാഷാപരിശീലനം ആദിയായവ സ്വയം നടത്തി തൊഴിൽ നേടുമെന്ന ധാരണയുടെ അടിസ്ഥാനത്തിൽ സൃഷ്ടിച്ചവയും ആയിരുന്നു. എന്നാൽ അത് വിഭാവനം ചെയ്തപോലെ ഫലപ്രദമായില്ലെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി രൂപം നല്കുന്ന ജോബ് സ്റ്റേഷൻ സംവിധാനം തദ്ദേശഭരണതലത്തിലെ സക്രിയയിടപെടലുകൾ, റിസോർസ് പേഴ്സൺ മാരുടെ സജീവസഹായം എന്നിവകൂടി ഉൾച്ചേർത്തു കൂടുതൽ ഫലപ്രദമാക്കാനാണ് ലക്ഷ്യമിടുന്നത്.

മൊബിലൈസേഷൻ കാമ്പയിനിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങളും പ്രവർത്തനഘട്ടങ്ങളും ഇപ്രകാരമായിരിക്കും:

1. നിലവിൽ DWMS-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും ബന്ധപ്പെട്ട് യഥാർത്ഥ തൊഴിലന്വേഷകരുടെ ലിസ്റ്റ് പഞ്ചായത്ത്/ നഗരസഭ അടിസ്ഥാനത്തിൽ തയ്യാറാക്കുക.

2. ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പുതിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കുക.
3. ഇവരുടെ അടിസ്ഥാനവിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രത്യേകയോഗങ്ങൾ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/നഗരസഭാ അടിസ്ഥാനത്തിൽ ചേർന്ന് തൊഴിലുകൾ പരിചയപ്പെടുത്തുക. വിവിധ തൊഴിൽമേളകളിലെ ഉദ്യോഗങ്ങൾക്കുവേണ്ടി അപേക്ഷിപ്പിക്കുക.
4. ഇങ്ങനെ അപേക്ഷ നൽകിയവർക്ക് ആത്മവിശ്വാസം നൽകാനുള്ള കൗൺസിലിങ് നൽകുക. മോക്ക് ഇന്റർവ്യൂസ് നടത്തുക. ക്യാപ്സ്യൂൾ കോഴ്സുകൾ നടത്തുക. സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കുന്നതിനായി ഷോർട്ട് ടേം കോഴ്സുകൾ നടത്തുക.
5. പിഎംയു ആയിരിക്കും തൊഴിൽമേള സംഘടിപ്പിക്കുക.
6. തൊഴിൽമേളയിലെ ജോലി കിട്ടാത്ത ഉദ്യോഗാർത്ഥികളെക്കുറിച്ച് ഇന്റർവ്യൂ ബോർഡ് നൽകുന്ന കമന്റുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശീലനം നൽകി വീണ്ടും തൊഴിൽമേളയിൽ പങ്കെടുപ്പിക്കുക.
7. തൊഴിൽ ലഭിച്ചവരെയും തൊഴിലിന് അർഹരായവരുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരെയും പ്രാദേശികമായ ചടങ്ങുകളിൽ അനുമോദിക്കുകയും അവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുക.
8. ലിങ്ക്ഡ് ഇൻ, ഫൗണ്ട്-ഇറ്റ് മേൽത്തരം ജോലികൾക്ക് ബയോഡേറ്റ തയ്യാറാക്കി അപേക്ഷിക്കുന്ന പ്രവർത്തനങ്ങൾകൂടി ഏറ്റെടുക്കുക.

തൊഴിൽമേളകൾ

തൊഴിൽമേള സംഘടിപ്പിക്കുക പിഎംയു ആയിരിക്കും. ഫെബ്രുവരി മുതൽ മാസത്തിൽ രണ്ടുവീതം തൊഴിൽമേളകൾ സംഘടിപ്പിക്കും. ഈ പരമ്പരയിലെ ആദ്യത്തെ മെഗാ തൊഴിൽമേള ജനുവരി 18-ന് ആലപ്പുഴയിൽ ആയിരിക്കും. ഇതിൽ 20,000 പേരെ പങ്കെടുപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം നടത്തും. ഈ മെഗാ സംസ്ഥാന തൊഴിൽമേളകൾക്കു പുറമേ DWMS ഡാറ്റാ ബെയ്സിൽ തൊഴിലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലകളിൽ പിഎംയുവിന് മിനി ജോബ് ഫെയറുകളും നടത്താവുന്നതാണ്.

ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ കെകെഇഎം-ന്റെ ഡിമാൻഡ് അഗ്രിഗേഷൻ ടീം വഴി നിരന്തരമായി ജില്ലകളിൽ എത്തിക്കൊണ്ടിരിക്കും. ഈ വിവരങ്ങൾ പിഎംയുവിലേക്കാണ് ലഭ്യമാക്കുക. പിഎംയു ഈ വിവരങ്ങൾ ജോബ് സ്റ്റേഷനുകൾ വഴി ജില്ലയിലെ എല്ലാ തൊഴിലന്വേഷകരിലേക്കും എത്തിക്കും. ഇത് ഫലപ്രദമായി നടക്കണമെങ്കിൽ ജോബ് സ്റ്റേഷനുകളുടെ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ വാർഡുതലത്തിലുള്ള ഫീൽഡ് ആക്റ്റിവിസ്റ്റുകളുടെ ഗ്രൂപ്പുകൾ സജീവമാകണം. ഓരോ പ്രദേശത്തെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഉചിതമായ വിവരവിനിമയ / മൊബിലൈസേഷൻ രീതികൾ അവലംബിക്കാവുന്നതാണ്.

ഈ തൊഴിൽമേളകളിൽ അഭ്യസ്തവിദ്യർക്കുള്ള പ്രാദേശിക തൊഴിലവസരങ്ങൾകൂടി ഉൾപ്പെടുത്താവുന്നതാണ്. ഇവ DWMS-ൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കും. പ്രാദേശികമായ മറ്റു തൊഴിൽമേളകളും വിജ്ഞാനകേരളം കാമ്പയിനുമായി ബന്ധപ്പെടുത്താൻ പരിശ്രമിക്കും.

തൊഴിൽമേളകളുടെ തയ്യാറെടുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം തൊഴിലന്വേഷകരുടെ പൊതുസ്വഭാവം തിരിച്ചറിഞ്ഞ് ജോലികൾ കണ്ടെത്തുക എന്നതാണ്. ജോലികളെ താഴെപ്പറയുന്ന വിധത്തിലാണ് DWMS-ൽ വർഗ്ഗീകരിക്കുന്നത്.

1. യോഗ്യത അനുസരിച്ച്
   a. പത്രണ്ടാംതരം
   b. ഐടിഐ
   c. ഡിപ്ലോമ

d. ഗ്രാഡ്വേറ്റ്
e. പ്രൊഫഷണൽ (എഞ്ചിനീയറിങ്, നഴ്സിങ്, മെഡിക്കൽ, അഗ്രികൾച്ചർ തുടങ്ങിയവ)
f. മറ്റുള്ളവ

2. തൊഴിലിന്റെ സ്വഭാവമനുസരിച്ച് (സമയക്രമം)
   a. മുഴുവൻസമയം കോൺട്രാക്ട്
   b. മുഴുവൻസമയം താൽകാലികം
   c. പാർട്ടൈം കോൺട്രാക്ട്
   d. പാർട്ടൈം താൽകാലികം
   e. ഇന്റേർൺഷിപ്പ്
   f. അപ്രന്റീസ്ഷിപ്പ്
3. തൊഴിലിന്റെ സ്വഭാവമനുസരിച്ച് (ജോലിസ്ഥലം)
   a. ഓഫീസിലോ ഫാക്ടറിയിലോ
   b. വർക്ക് നിയർഹോം
   c. വർക്ക് ഫ്രം ഹോം
4. തൊഴിലിടമനുസരിച്ച്
   a. കേരളത്തിനകത്ത്
   b. തെക്കേ ഇന്ത്യയിൽ
   c. ഇന്ത്യയിൽ തെക്കേ ഇന്ത്യയ്ക്കു പുറത്ത്
   d. ഇന്ത്യയ്ക്കു പുറത്ത്

മേൽസൂചിപ്പിച്ച വർഗ്ഗീകരണം അനുസരിച്ചാണ് ജോലിവിവരങ്ങൾ പിഎംയു-വിനും ജോബ് സ്റ്റേഷനും കൈമാറുക.

സൗകര്യപ്രദമായ സ്ഥലങ്ങൾ തൊഴിൽമേളയ്ക്കു കണ്ടെത്തേണ്ടതുണ്ട്. ഇന്റർവ്യൂകൾ തൊഴിൽദായകരുടെ പ്രതിനിധികൾ നേരിട്ടു പങ്കെടുത്തും വെർച്വലായും നടത്തേണ്ടതുണ്ട്. ഇക്കാരണത്താൽ മെച്ചപ്പെട്ട ഇന്റർനെറ്റ് സൗകര്യങ്ങളും കമ്പ്യൂട്ടർ സൗകര്യങ്ങളും ജോബ് ഫെയർനടത്താൻ തെരഞ്ഞെടുക്കുന്ന സ്ഥലത്ത് അനിവാര്യമാണ്. ഇന്റർവ്യൂവിനായി മുറികളും തയ്യാറാക്കേണ്ടിവരും.

അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളെ തൊഴിൽമേഖലകളിലേക്കു നയിച്ച് ഇന്റർവ്യൂവിന് എത്തിക്കുകയാണ് പ്രധാനപ്പെട്ട ഉത്തരവാദിത്തം. ഇന്റർവ്യൂവിനു ശേഷം ജോലി ലഭിച്ചവരെ ജോലിയിൽപ്രവേശിപ്പിക്കാനും ഷോർട്ട് ലിസ്റ്റ് ചെയ്തവരെ തുടർന്നുള്ള ഇന്റർവ്യൂവിന് എത്തിക്കാനും ശ്രമം നടത്തേണ്ടതുണ്ട്. ഈ ഇന്റർവ്യൂകൾ ജോബ് സ്റ്റേഷനുകളിൽ ക്രമീകരിക്കുകയായിരിക്കും അഭികാമ്യം.

മെഗാ ജോബ് ഫെയറുകൾ കൂടാതെ ജോബ് ഡ്രൈവുകളും പ്രധാനമാണ്. ഇവ ഏറിയപങ്കും വെർച്വലായിരിക്കും ഇതിനുള്ള സൗകര്യങ്ങൾ ജോബ് സ്റ്റേഷനുകളിൽ ക്രമീകരിക്കണം.

ജില്ലാതല സംഘടനാസംവിധാനം

മേൽപ്പറഞ്ഞ രണ്ട് ട്രാക്കുകൾക്കും പൊതുമേൽനോട്ടം നൽകാൻ ജില്ലയിലെ ചാർജ്ജുള്ള മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലാ വിജ്ഞാനകേരളം കൗൺസിൽ ഉണ്ടാകും. താഴെപ്പറയുന്നവർ ആയിരിക്കും ഇതിലെ അംഗങ്ങൾ.

1. ജില്ലയിലെ ചാർജ്ജുള്ള മന്ത്രി - അധ്യക്ഷ/ൻ
2. എംഎൽഎമാർ
3. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഭാരവാഹികൾ

4. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ
5. നഗരസഭാ അധ്യക്ഷർ
6. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ ചുമതലക്കാർ
7. ജില്ലാ കളക്ടർ
8. തദ്ദേശഭരണ ജോയിന്റ് ഡയറക്ടർ
9. ജില്ലാ പ്ലാനിങ് ഓഫീസർ
10. പിഎംയുവിന്റെ ഡിഎംസിയും മറ്റു പ്രധാനപ്പെട്ട അംഗങ്ങളും
11. യുവജനക്ഷേമബോർഡ് പ്രതിനിധി
12. അസാപ്പ്/കെയ്സ് എന്നിവരുടെ പ്രതിനിധികൾ
13. പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാരുടെ പ്രതിനിധികൾ

ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും നേതൃത്വം നൽകുന്നതിനും ഒരു പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് (പിഎംയു) ഉണ്ടായിരിക്കും. പിഎംയുവിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥരാണ് ഉണ്ടാവുക.

1. കെകെഇഎം നിയോഗിക്കുന്ന ഡിഎംസി
2. കെകെഇഎം നിയോഗിക്കുന്ന മറ്റ് അനുബന്ധ ഉദ്യോഗസ്ഥർ
3. ഡെപ്യൂട്ടി ഡയറക്ടർ, എൽഎസ്ജിഡി / അല്ലെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥ/ൻ
4. ജില്ലാ ഫെസിലിറ്റേറ്റർ, കില
5. ആർജിഎസ്എ ജില്ലാ കോർഡിനേറ്റർ
6. ഡിഎംസി, കുടുംബശ്രീ
7. ടാലന്റ് ക്യൂറേഷൻ എക്സിക്യൂട്ടീവ്, കെകെഇഎം
8. ജില്ലാ പ്രോഗ്രാം മാനേജർ, കെകെഇഎം, കുടുംബശ്രീ
9. ജില്ലാ പ്രോഗ്രാം മാനേജർ, ഡിഡിയുജികെവൈ, കുടുംബശ്രീ
10. കെകെഇഎം നിയോഗിക്കുന്ന കോർഡിനേറ്റർമാർ (ഇവർ ഓരോ മണ്ഡലത്തിലെയും ജോബ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കും)
11. മുഴുവൻ സമയം പ്രവർത്തിക്കാൻ തയ്യാറുള്ള ഏതാനും കീ റിസോഴ്സ് പേഴ്സൺമാരും പ്രൊഫഷൽ കമ്മ്യൂണിറ്റി മെന്റർമാരും

പിഎംയുവാണ് ജില്ലയിലെ വിജ്ഞാനകേരളം കാമ്പയിനെ സംഘടിപ്പിക്കാനും ഏകോപിപ്പിക്കാനും മോണിറ്റർ ചെയ്യാനുമുള്ള കേന്ദ്രബിന്ദു. എത്രമാത്രം ഫലപ്രദമായും പ്രതിബദ്ധതയോടെയും പിഎംയു പ്രവർത്തിക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും കാമ്പയിന്റെ വിജയം. ജോബ് സ്റ്റേഷനുകൾ ആഴ്ചതോറും നിർദ്ദിഷ്ടഫോറത്തിൽ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുകയും അവ ക്രോഡീകരിച്ച് നോളജ് മിഷനിൽ എത്തിക്കുകയും ചെയ്യേണ്ട ചുമതല പിഎംയുവിനാണ്.

ജോബ് സ്റ്റേഷനുകളുടെ ചുമതലകൾ സംബന്ധിച്ച് വിശദമായി താഴെ പ്രതിപാദിക്കുന്നുണ്ട്. അവ തുടർച്ചയായി അവലോകനം ചെയ്യുകയും ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്യേണ്ടത് പിഎംയുവാണ്. ജില്ലയിലെ പരിശീലനങ്ങളും തൊഴിൽമേളകളും സംഘടിപ്പിക്കുന്നതിനുള്ള ചുമതല പിഎംയുവിനാണ്.

ഇനി ഈ അധ്യായത്തിൽ വിജ്ഞാനകേരളത്തിന്റെ ഒന്നാം ട്രാക്കായ തൊഴിൽമേളകളും അതിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ മൊബിലൈസേഷനു വേണ്ടിയുള്ള സംഘടനയെയും പ്രവർത്തനങ്ങളെയും കുറിച്ചാണ് വിവരിക്കുന്നത്.

മൊബിലൈസേഷനും തൊഴിൽമേളയ്ക്കും വേണ്ടിയുള്ള സംഘടനാസംവിധാനം

മൊബിലൈസേഷൻ - തൊഴിൽമേള പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകൾ എന്നിവരുടെ ജോയിന്റ് പ്രൊജക്ട് ആയിരിക്കും. ഇതിന് ജോയിന്റ് നടത്തിപ്പുകമ്മിറ്റിയും ഉണ്ടാകും. ജനപ്രതിനിധികളുടെയും പൗരപ്രമുഖരുടെയും സഹായക്കമ്മിറ്റികൾക്ക് രൂപം നൽകാവുന്നതാണ്. കെകെഇഎം രൂപം നൽകുന്ന പിഎംയു ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കും.

പിഎംയുവിന്റെ കീഴിൽ എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജോബ് സ്റ്റേഷനുകൾ ഉണ്ടാകും. വലിയ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കുടുംബശ്രീ സിഡിഎസുകളുടെ അതിർത്തിയുടെ അടിസ്ഥാനത്തിൽ ഒന്നിലേറെ ജോബ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. ജനപ്രതിനിധികൾ അടങ്ങുന്ന ജനകീയ കമ്മിറ്റികൾ ഈ മദ്ധ്യതലത്തിൽ രൂപവത്ക്കരിക്കും.

അതതു മണ്ഡലത്തിലെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും എംഎൽഎമാർക്ക് മുൻകൈയെടുക്കാം. ഇതിനു സഹായകരമായി എല്ലാ മണ്ഡലത്തിലും ഒരു കോർഡിനേറ്റർ ഉണ്ടായിരിക്കും. കോർഡിനേറ്റർമാർ പിഎംയുവിന്റെ ഭാഗമായിരിക്കും.



ചിത്രം 3.1

മൊബിലൈസേഷൻ-തൊഴിൽമേള സംഘടനാസംവിധാനം

ജോബ് സ്റ്റേഷനുകളും ചുമതലകളും

ബ്ലോക്ക് ജോബ് സ്റ്റേഷനുകളിലെ അംഗങ്ങൾ താഴെപ്പറയുന്നവർ ആയിരിക്കും.

1. സീനിയർ എക്സ്റ്റൻഷൻ ഓഫീസർ / ജോയിന്റ് ബിഡിഒ / ജൂനിയർ സൂപ്രണ്ട്
2. തീമാറ്റിക് എക്സ്പേർട്ട്, കില
3. ആർജിഎസ്എ കോർഡിനേറ്റർ, കില
4. ബ്ലോക്ക് കോർഡിനേറ്റർ, കില
5. ബ്ലോക്ക് കോർഡിനേറ്റർ, ഡിഡിയുജികെവൈ, കുടുംബശ്രീ
6. കോർഡിനേറ്റർ, യുവജനക്ഷേമ ബോർഡ്
7. തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇന്റേൺസ് / റിസോഴ്സ് പേഴ്സൺസിനെ ആവശ്യമെങ്കിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

നഗരസഭകളിലെ ജോബ് സ്റ്റേഷൻ അംഗങ്ങൾ

1. NULM, സിറ്റി മിഷൻ മാനേജർ, കുടുംബശ്രീ,
2. പ്ലാൻ ഗൈഡ്ലൈൻസ് പ്രകാരം നിയമിക്കാവുന്ന പെയ്ഡ് റിസോഴ്സ് പേഴ്സൺമാർ
3. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ,
4. മുനിസിപ്പൽ/നഗരസഭ ജീവനക്കാർ
5. മറ്റ് ഇന്റേണുകൾ
6. യുവജനക്ഷേമ ബോർഡ് പ്രതിനിധി
7. തെരഞ്ഞെടുത്ത സന്നദ്ധപ്രവർത്തകർ
8. നഗരസഭ നിയോഗിക്കുന്ന ഓഫീസർ (കൺവീനർ)

ജോബ് സ്റ്റേഷനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മൂന്ന് വിഭാഗങ്ങളുണ്ടാകും.

1. കമ്മ്യൂണിറ്റി അംബാസിഡർമാർ
2. ജില്ലാ തലത്തിൽ പരിശീലനം കിട്ടിയ ജില്ലാ റിസോഴ്സ് പേഴ്സൺമാർ
3. സാക്ഷരതാ പ്രേരക്മാർ

തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ജോബ് സ്റ്റേഷനുകളുടെ ചുമതലകളും സേവനങ്ങളും താഴെപ്പറയുന്നു.

- ജോബ് സ്റ്റേഷനുകളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതല തൊഴിലന്വേഷകരെ DWMS-ൽ രജിസ്റ്റർ ചെയ്യാനും ജോലിക്ക് അപേക്ഷിക്കാനും സഹായിക്കലാണ്. ഇതിന് തൊഴിലന്വേഷകർ ജോബ് സ്റ്റേഷനിൽ വരാൻ കാത്തുനിൽക്കാതെ അവരുടെ പ്രദേശത്ത് വർക്ക്ഷോപ്പുകളും ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പ്രൊഫൈൽ പൂർത്തിയാക്കാനും സഹായിക്കുക.
- DWMS-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ലിസ്റ്റ് വാർഡ് തിരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്തിക്കുക. അവരെ അനുയോജ്യമായ ജോലികൾക്ക് അപേക്ഷിപ്പിക്കുന്നതിനും കൂടുതൽ പേരെ രജിസ്റ്റർ ചെയ്യിക്കുന്നതിനുമുള്ള ഫീൽഡ്തല പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യുകയും പിന്തുണ നൽകുകയും ചെയ്യുക.
- കേരള നോളെജ് ഇക്കോണമി മിഷൻ തൊഴിലന്വേഷകർക്കു നൽകുന്ന സേവനങ്ങളെപ്പറ്റി അറിവ് നൽകുക. കരിയർ അസസ്സ്മെന്റ് എടുക്കുന്നതിനും കരിയർ കൗൺസിലറുടെ സേവനം ഒരു ബുക്കിങ് സംവിധാനത്തിലൂടെ പ്രയോജനപ്പെടുത്തുന്നതിനുമുള്ള സൗകര്യമൊരുക്കുക. ആവശ്യമുള്ളവർക്ക് ഓൺലൈൻ കരിയർ കൗൺസിലറുടെ സേവനങ്ങൾ ലഭ്യമാക്കുക.

നൈപുണിവികസന പരിശീലനങ്ങൾക്കും ഇന്റേൺഷിപ്പ് അവസരങ്ങൾക്കും ആർറ്റിഡി (റിക്രൂട്ട്, ട്രെയിൻ, ഡിപ്ലോയ്) പ്രോഗ്രാമുകൾക്കും അപേക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കുക.

- വിവിധയിടങ്ങളിൽ ലഭ്യമായ തൊഴിലവസരങ്ങളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകുക.
- ലൈവ് ആയിട്ടുള്ള തൊഴിലവസരങ്ങൾക്ക് അപേക്ഷിച്ചിട്ടുള്ള, ജോബ് സ്റ്റേഷൻ പരിധിയിൽ വരുന്ന തൊഴിലന്വേഷകരുടെ ആദ്യഘട്ട തിരഞ്ഞെടുപ്പ്. ഇതിലൂടെ അപേക്ഷിച്ചിരിക്കുന്നത് യോജിച്ച തൊഴിലവസരങ്ങൾക്കാണോ എന്നറിയാൻ തൊഴിലന്വേഷകനെ സഹായിക്കുക.
- ഓൺലൈൻ ഇന്റർവ്യൂവുകളിൽ പങ്കെടുക്കുവാനുള്ള സൗകര്യമൊരുക്കുക.
- ഇന്റർവ്യൂവുകളിൽ തിരഞ്ഞെടുക്കപ്പെടാത്തവർക്ക് ആവശ്യമായ പ്രത്യേക മെന്റർഷിപ്പ് ലഭ്യമാക്കുകയും തൊഴിലിലേക്ക് എത്തുന്നതു വരെയുള്ള പിന്തുണ നൽകുകയും ചെയ്യുക.
- ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ പ്രോഗ്രാമിന്റെ ഭാഗമായി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്കുവേണ്ടി നോളെജ് മിഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അവരിൽ എത്തിക്കുകയും അവർക്കു പ്രത്യേക പിന്തുണ നൽകുകയും ചെയ്യുക.
- ബയോഡാറ്റ തയ്യാറാക്കുന്നതിനും ഇൻറർവ്യൂ പരിശീലനത്തിനും ജോലിക്കാവശ്യമായ വിവിധ സ്കില്ലുകൾ ആർജ്ജിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്റർ പ്രവർത്തിക്കുക.
- ജോബ് സ്റ്റേഷനിൽ എത്തുന്ന തൊഴിലന്വേഷകർക്ക്, സ്കിൽ ഗാപ് അസ്സെസ്സ്മെന്റിനെ കുറിച്ചും അത് എങ്ങനെയാണു പരിഹരിക്കേണ്ടത് എന്നതിനെക്കുറിച്ചും അറിവു നൽകുക, അതിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- നൈപുണിവികസന കോഴ്സുകൾ / RTD നടത്തുന്നതിന് സെന്ററുകൾ കണ്ടെത്തുക
- ട്രെയിനിങ് പ്രോഗ്രാമുകൾക്ക് അപേക്ഷിച്ചവർക്ക് അവ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. കൃത്യമായ ട്രെയിനിങ് ഷെഡ്യൂളുകളും ട്രെയിനിങ് എവിടെ നടക്കുന്നു എന്നുള്ള വിവരങ്ങളും അപേക്ഷിച്ച തൊഴിലന്വേഷകരെ യഥാസമയം അറിയിക്കുക.
- തൊഴിലന്വേഷകർ ആഗ്രഹിക്കുന്ന നൈപുണ്യവികസനപ്രോഗ്രാമുകൾ DWMS-ൽ ലഭ്യമല്ലെങ്കിൽ അത് സ്കില്ലിങ് ടീമിനെ അറിയിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക. ജോബ് സ്റ്റേഷനിൽ വരുന്ന തൊഴിലന്വേഷകരുടെ വിവരങ്ങൾ ശേഖരിക്കുന്ന ട്രാക്കറിൽ സ്കില്ലിങ്ങുമായി ബന്ധപ്പെട്ട പുരോഗതി കൃത്യമായി രേഖപ്പെടുത്തുകയും ADMC സ്കില്ലിങ്ങിന് ഇത് സംബന്ധിച്ച അപ്ഡേറ്റുകൾ നൽക്കുകയും ചെയ്യുക.
- ജോബ് സ്റ്റേഷനിൽ വരുന്ന ഓരോ തൊഴിലന്വേഷകരുടെയും വിവരങ്ങളും അവരുടെ പുരോഗതിയും കൃത്യമായി ഒരു ട്രാക്കറിൽ രേഖപ്പെടുത്തുക.
- ജോബ് സ്റ്റേഷനുമായി അറ്റാച്ച് ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി അംബാസിഡർമാർ, പ്രേരക്മാർ, ഡിആർപിമാർ എന്നിവരുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, ഏകോപിപ്പിക്കുക.
- ജോബ് സ്റ്റേഷൻ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ജില്ലാ ടീമിന് വേണ്ട സ്റ്റാറ്റസുകൾ കൊടുക്കുക. അതത് ജോബ് സ്റ്റേഷനുകൾ പ്രവർത്തനന ടപടിക്രമങ്ങൾ പ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- എല്ലാ ജോബ് സ്റ്റേഷനിലെയും കൺവീനർമാർ പ്രവർത്തനങ്ങൾ ആഴ്ചതോറും പിഎംയുവിന് ഔപചാരികമായി റിപ്പോർട്ട് ചെയ്യണം. പിഎംയു ഡിഎംസി ഇവ ക്രോഡീകരിച്ച് കെകെഇഎം ഹെഡ്ക്വാർട്ടേഴ്സിൽ എത്തിക്കേണ്ടതാണ്.

തൊഴിലന്വേഷകരായ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ലഭിക്കുവാൻ വേണ്ട എല്ലാ സേവനങ്ങളും സൗകര്യങ്ങളും നൽകുന്ന ഒരു വിജ്ഞാന സേവന സൗഹൃദ ഇടമായിരിക്കണം ജോബ് സ്റ്റേഷൻ.

ഫെസിലിറ്റേഷൻ സെന്ററുകളും ചുമതലകളും

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലോക്കൽ ഫെസിലിറ്റേഷൻ സെന്ററുകൾ ഉണ്ടായിരിക്കും. കമ്മ്യൂണിറ്റി അംബാസിഡറോ പഞ്ചായത്ത് തീരുമാനിക്കുന്ന ഉദ്യോഗസ്ഥരോ ആയിരിക്കും കൺവീനർ. പഞ്ചായത്തിൽനിന്നുള്ള ഡിആർപിമാരും നിയോഗിക്കപ്പെടുന്ന ഇന്റേൺമാരും ഫെസിലിറ്റേഷൻ സെന്റർ കേന്ദ്രീകരിച്ച പ്രവർത്തിക്കണം.

സാക്ഷരതാ പ്രേരക്മാരും വാർഡിൽനിന്നു രണ്ടുവീതമുള്ള ലോക്കൽ റിസോഴ്സ് പേഴ്സൺമാരും ഈ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെട്ടാണു പ്രവർത്തിക്കുക. എല്ലാ വാർഡിൽനിന്നും സജീവ കുടുംബശ്രീ പ്രവർത്തകരെയും ഉൾക്കൊള്ളിക്കാവുന്നതാണ്. ഇവർക്കുള്ള പരിശീലനം ബ്ലോക്ക് തലത്തിൽ നൽകും. ഇവരാണ് ഫീൽഡുതല പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുക.

ഇവരുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം പുതിയ തൊഴിലന്വേഷകരെ ജോബ് സ്റ്റേഷനുകളുമായി ബന്ധിപ്പിക്കുകയാണ്. ജോബ് സ്റ്റേഷനുകളിൽനിന്നു ലഭിക്കുന്ന തൊഴിൽവിവരങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ രജിസ്റ്ററിലുള്ള ലൈവായ തൊഴിലന്വേഷകരെ വിവരമറിയിച്ച് ജോലികൾക്ക് അപേക്ഷിക്കാൻ പ്രേരിപ്പിക്കേണ്ടതും ഇവരാണ്. രജിസ്റ്ററിലുള്ളവരിൽ ആരൊക്കെ ലൈവാണെന്ന് അറിയാനും ഇവർക്കേ കഴിയൂ.

കമ്മ്യൂണിറ്റി അംബാസിഡർമാർ

നോളജ് മിഷന്റെ പ്രാരംഭപ്രവർത്തനകാലം മുതൽ നിലവിലുള്ള സംവിധാനമാണ് കുടുംബശ്രീ തെരഞ്ഞെടുത്തിട്ടുള്ള കമ്മ്യൂണിറ്റി അംബാസിഡർമാർ. വളരെ ചെറിയൊരു അലവൻസും അവർക്ക് നൽകുന്നുണ്ട്. പ്രാദേശികതലപ്രവർത്തകരിൽ നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനത്തെക്കുറിച്ച് സാമാന്യധാരണയുള്ള വിഭാഗമാണ് ഇവർ. ഇവർക്ക് ആവശ്യമായ പുനഃപരിശീലനം നൽകേണ്ടതുണ്ട്. പുതിയതായി നിയമനം നടത്തുമ്പോൾ വിജ്ഞാനകേരളത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുവേണം തെരഞ്ഞെടുപ്പു നടത്താൻ. ഫീൽഡുതല പ്രവർത്തനങ്ങൾ സംബന്ധിച്ച് മുൻ ഖണ്ഡികയിൽ പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യുന്നതിനു മുൻകൈയെടുക്കേണ്ടത് കമ്മ്യൂണിറ്റി അംബാസിഡമാരാണ്.

പരിശീലനം

കീ റിസോഴ്സ് പേഴ്സൺമാരുടെ മൂന്നു ദിവസത്തെ സംസ്ഥാനപരിശീലനം നടന്നു. ആവശ്യമെങ്കിൽ പുതിയ കീറിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി പരിശീലനം നൽകും.

ജില്ലയിലെ റിസോഴ്സ് പേഴ്സൺമാരുടെ (ഡിആർപി) പരിശീലനം പിഎംയു ആണ് സംഘടിപ്പിക്കുക. ഇതിനുള്ള ചുമതല കെആർപിമാർക്ക് ആയിരിക്കും (ഒരു പഞ്ചായത്തിൽനിന്ന് ഒരാൾ. നഗരസഭകളിൽനിന്ന് ഒന്നിലേറെയാകാം. ഇതിനു പുറമേ പിഎംയു നിശ്ചയിക്കുന്നവരെയും ഡിആർപി പരിശീലനത്തിൽ പങ്കെടുപ്പിക്കാം).

ലോക്കൽ റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം ജോബ് സ്റ്റേഷനുകളാണ് സംഘടിപ്പിക്കുക. ഒരു വാർഡിൽനിന്ന് രണ്ടാളുകളെയെങ്കിലും വീതം സന്നദ്ധപ്രവർത്തകരായി കണ്ടെത്തണം.

പരിശീലനത്തിന്റെ മൊത്തം ചുമതല കിലയ്ക്ക് ആയിരിക്കും. ഒറ്റ പരിശീലനംകൊണ്ട് ഈ പ്രക്രിയ പൂർത്തിയാകില്ല. കാമ്പയിന്റെ ഓരോ ഘട്ടം കഴിയുമ്പോഴും എല്ലാ തലത്തിലും അത് അവലോകനം ചെയ്ത് പുനഃപരിശീലനം നൽകിപ്പോകണം.

കൗൺസിലിങ്ങും ലഘുനൈപുണിപരിശീലനവും

DWMS-ൽ ലഭ്യമാക്കിയിട്ടുള്ള കരിയർ തെരഞ്ഞെടുക്കാനുള്ള സൗജന്യ കൗൺസിലിങ് പ്രോഗ്രാമുകളെയും അഭിമുഖത്തിന് ആത്മവിശ്വാസം വളർത്തുന്നതിന് ആവശ്യമായ ഓൺലൈൻ കോഴ്സുകളെയും കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ വിവരിച്ചുവല്ലോ. അവ ഫലപ്രദമായി തൊഴിലന്വേഷകരോടു വിശദീകരിച്ചുകൊടുക്കാനുള്ള പ്രാപ്തി ജോബ് സ്റ്റേഷൻ പ്രവർത്തകർക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്.

ഓരോ നിയോജകമണ്ഡലത്തിലുമുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ നൈപുണ്യ പരിശീലനത്തിനുള്ള ഭൗതികസൗകര്യങ്ങൾ ഉണ്ടെങ്കിൽ അത് മിഷന്റെ ഭാഗമായ പരിശീലനപരിപാടികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയും. ഇതിനായി കണക്ട് കരിയർ ടു ക്യാമ്പസ് (Connect Career to Campus) പദ്ധതിസംവിധാനത്തെ ഉപയോഗപ്പെടുത്തും. നിലവിലുള്ള അധ്യാപകർ, വിരമിച്ച അധ്യാപകർ എന്നിവർക്ക് വിദ്യാർത്ഥികളെ നൈപുണ്യ പരിശീലനത്തിൽ സഹായിക്കാൻ കഴിയും.

ജോലിക്ക് അപേക്ഷിക്കുന്ന എല്ലാവർക്കും, നൈപുണ്യ പരിശീലനം ആവശ്യമുള്ള പക്ഷം അടിസ്ഥാനനൈപുണികളിൽ പരിശീലനം നൽകണം. ഭാഷാപരിചയം, സ്വയം പരിചയപ്പെടുത്തൽ (self-introduction) പോലുള്ള പ്രാഥമികപാഠങ്ങൾ, ഇന്റർവ്യൂ വേളയിൽ പാലിക്കേണ്ട രീതികൾ തുടങ്ങിയ പ്രാഥമികകാര്യങ്ങളാണ് ഇത്തരം പരിശീലനത്തിൽ ഉണ്ടാവുക. ഇതിന് പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റേഴ്സിലെ ഭാഷാപരിശീലനവിദഗ്ധരെ പ്രയോജനപ്പെടുത്താം.

പരിശീലനസേവനം കഴിഞ്ഞ തൊഴിലന്വേഷകരെ വീണ്ടും ഫീൽഡ് ആക്റ്റീവിസ്റ്റുകൾ ബന്ധപ്പെടും. ഇവരെ അനുയോജ്യമായ ഒഴിവുകളിലേക്കുള്ള റിക്രൂട്മെന്റ് ഘട്ടത്തിലേക്ക് കടക്കുവാൻ പ്രചോദനം നൽകും. ഓരോരുത്തരെയും അവർക്ക് അനുയോജ്യമായ ഒഴിവുകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പങ്കെടുത്തുവെന്ന് ഉറപ്പാക്കും. ഒരു ഇന്റർവ്യൂവിൽ പിന്തള്ളപ്പെടുന്നവരെ വീണ്ടും അടുത്ത തൊഴിൽ വേക്കൻസിയിൽ അപേക്ഷിപ്പിക്കണം. ഇത്തരത്തിലുള്ള നിരന്തരമായ പ്രചോദനവും കൈത്താങ്ങും ഫീൽഡ് തലത്തിൽ തുടർന്നുകൊണ്ടേയിരിക്കുക സുപ്രധാനമാണ്.

ഏതെങ്കിലും പ്രത്യേക ഒഴിവുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള തൊഴിലന്വേഷകർക്കു പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റേഴ്സിന്റെ മെന്ററിങ് ഘട്ടത്തിൽ സ്പെഷ്യലൈസ്ഡ് ആയതോ ഉയർന്ന തലത്തിലുള്ളതോ (specialised / high skilling) ആയ പരിശീലനം ആവശ്യമാണെന്നു തോന്നിയാൽ അവരെ അതിനായി ശുപാർശ ചെയ്യാവുന്നതാണ്. പിഎംയു ഇക്കാര്യം നോളേജ് മിഷന്റെ സ്കില്ലിങ് ഡിവിഷനെ അറിയിക്കുകയും ഡിവിഷൻ സമയബന്ധിതമായി അത്തരം പരിശീലനം നൽകാനുള്ള സംവിധാനം ഒരുക്കുകയും ചെയ്യും.

അടിസ്ഥാനനൈപുണി പരിശീലനത്തിന് (വിശേഷിച്ച് ഭാഷ, ഇന്റർവ്യൂ, പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് മുതലായവയ്ക്കായി) തുടക്കത്തിൽ ഒരു ബ്ലോക്കിൽ ഒരു പരിശീലനകേന്ദ്രം എന്ന ക്രമത്തിലും പിന്നീട് പഞ്ചായത്ത് / മുനിസിപ്പൽ / കോർപറേഷൻ തലങ്ങളിലും പ്രവർത്തിപ്പിക്കാൻ കഴിയണം. 2025 ജനുവരിയിൽ ആദ്യഘട്ട ബ്ലോക്കുതല പരിശീലനകേന്ദ്രം പ്രവർത്തനം ആരംഭിക്കണം. ഒരു വർഷത്തിനിടയിൽ 1000 പ്രാദേശിക വിജ്ഞാനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു.

അധ്യായം 4

നൈപുണിപരിശീലന കാമ്പയിൻ 2025

ഉദ്യോഗാർത്ഥികളുടെ മൊബിലൈസേഷനെയും തൊഴിൽമേളകളെയുംകാൾ വിജ്ഞാനകേരളത്തിന്റെ മുഖമുദ്രയാകാൻ പോകുന്നത് അതിവിപുലമായ നൈപുണിവികസന പരിപാടിയാണ്. സംസ്ഥാനത്തെ മഹാഭൂരിപക്ഷം യുവതീയുവാക്കൾ കോളെജ്, ഐടിഐ, പോളിടെക്നിക് എന്നീ സ്ഥാപനങ്ങളിൽ പഠിക്കാൻ പോകുന്നതുകൊണ്ട് ഈ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള നൈപുണിപരിശീലനമായിരിക്കും അഭികാമ്യം. എന്നാൽ ഇതിനകം പഠിച്ച് പാസ്സായി പുറത്തുപോയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നൈപുണിപരിശീലനവും ഈ കാമ്പയിന്റെ ഭാഗമായി നടത്താനാവണം.

ഓരോ വിദ്യാർത്ഥിക്കും കോഴ്സുകളുടെ ഒരു മെനു

മുകളിൽ പറഞ്ഞ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അവസാനവർഷ വിദ്യാർത്ഥികളെയാണ് നൈപുണിപരിശീലന പരിപാടിയിൽ മുഖ്യമായി ലക്ഷ്യമിടുന്നത്. വിവിധയിനം കോഴ്സുകളുടെ മെനു ഉണ്ടാകണം. കുട്ടികൾക്ക് തെരഞ്ഞെടുക്കാനാകണം. തൊഴിലുകളുടെ ആവശ്യമനുസരിച്ച് രൂപം നൽകുന്ന, പരമാവധി മൂന്നു മാസം ദൈർഘ്യമുള്ള, ടാലന്റ് ആക്സിലറേഷൻ പരിപാടികൾക്കാകും മുൻഗണന.

1. കെ-ഡിസ്കിൽ ഇപ്പോൾത്തന്നെ ലഭ്യമായ കോഴ്സേറ, ഫൗണ്ടിറ്റ്, ലിങ്ക്ഡ് ഇൻ തുടങ്ങിയവയുടെ കോഴ്സുകളുടെ സഞ്ചയം.
2. ഡൊമൈൻ ബെയ്സ്ഡ് കോഴ്സുകൾക്കു പുറമേ ഭാഷാനൈപുണിയിലും മറ്റും സോഫ്റ്റ് കോഴ്സുകൾ.
3. തൊഴിൽദാതാക്കളുടെ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകൾ.
4. അസാപ്പ്, കെയ്സ് തുടങ്ങി സംസ്ഥാനത്തെ മറ്റു പ്രധാനപ്പെട്ട നൈപുണി പരിശീലന ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള കോഴ്സുകൾ
5. ഫ്രീലാൻസ് തൊഴിലുകളിൽ തയ്യാറാകുന്നവർക്കുവേണ്ടി ഡിജിറ്റൽ നൈപുണി വർദ്ധനയിലൂന്നിയുള്ള പ്രത്യേക പരിശീലനപരിപാടികൾ.
6. കേന്ദ്രസർക്കാരിന്റെ ഇന്റേൺഷിപ്പ് സ്കീമുകൾ, അപ്രന്റിസ്ഷിപ്പ് പ്രോഗ്രാമുകൾ.

7. തൊഴിലന്വേഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഇന്റർവ്യൂകളിൽ മികച്ച പ്രകടനം നടത്താൻ തയ്യാറാക്കുന്നതിനുമായി പ്രത്യേക പരിശീലനപരിപാടി.

ഓരോ കോഴ്സും ലഭ്യമാക്കുന്ന തൊഴിലവസരങ്ങളുടെ പൊതുവിശദാംശങ്ങൾ നൽകാൻ കഴിയണം. ജോലി ലഭിക്കാനുള്ള പ്രോബബിലിറ്റി വ്യക്തമാക്കണം. പല ഉയർന്ന കോഴ്സുകളും വിജയകരമായി പൂർത്തിയാക്കിയാൽ ഉറപ്പായും തൊഴിൽ ലഭിക്കുന്നവയാണ്. ആർറ്റിഡി വിഭാഗത്തിൽപ്പെട്ട കോഴ്സുകളും ഇത്തരത്തിൽപ്പെട്ടവയാണ്. എന്നാൽ മറ്റു പലതും അങ്ങനെ ആയിരിക്കില്ല. ഇതു സംബന്ധിച്ച് പൂർണ്ണവ്യക്തതയുണ്ടാകും. കമ്പനികളുമായി ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള കോഴ്സുകൾ തയ്യാറാക്കാൻ കഴിയണം. ഇത്തരത്തിൽ വ്യവസായാവശ്യവുമായി ബന്ധപ്പെടുത്തിവേണം നൈപുണിപരിശീലനം.

ഇവയ്ക്കു പുറമേ ചില കോഴ്സുകൾക്ക് ഫീസ് നൽകേണ്ടതുണ്ട്. ആ ബാധ്യതയെക്കുറിച്ച് തുടക്കത്തിൽതന്നെ വ്യക്തതവരുത്തണം. അടുത്തവർഷത്തെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിയിൽ കുട്ടികൾക്ക് നൈപുണിപരിശീലനത്തിനു സഹായം നൽകുന്നതിനുള്ള പ്രൊജക്ടുകൾ ഉൾപ്പെടുത്തുന്നതിന് അനുവാദമുണ്ട്.

മോട്ടിവേറ്റേഴ്സ്

നാം ലക്ഷ്യമിടുന്ന തോതിൽ നൈപുണി വികസന പരിപാടിയിൽ വിദ്യാർത്ഥികൾ പങ്കാളികളാകണമെങ്കിൽ അവരെ ബോധവൽക്കരിക്കുന്നതിനും മോട്ടിവേറ്റ് ചെയ്യുന്നതിനും തുടർച്ചയായ ഇടപെടൽ ഉണ്ടാകണം. താഴെപ്പറയുന്ന വിഭാഗങ്ങളെ ഇതിനായി ആശ്രയിക്കാനാകും.

1. **മാനേജ്മെന്റുകൾ:** കേരളത്തിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാനപ്രശ്നം പല വിഷയങ്ങളിലും പഠിക്കാൻ ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലാത്തതാണ്. ഈ പ്രതിസന്ധി മറികടക്കാൻ കുറുക്കുവഴികളില്ല. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുകയും പഠനം പൂർത്തിയായാൽ പ്ലേസ്മെന്റ് നൽകാൻ കഴിയുമെന്ന് ഉറപ്പാക്കുകയും മാത്രമാണു മാർഗ്ഗം. അതുകൊണ്ട് പദ്ധതി പറഞ്ഞു മനസിലാക്കിയാൽ മാനേജ്മെന്റുകൾ സഹകരിക്കുമെന്ന് ഉറപ്പാണ്. മണ്ഡലാടിസ്ഥാനത്തിലുള്ള സ്കിൽ കൗൺസിലുകൾക്ക് ഇതിൽ വലിയ പങ്കു വഹിക്കാൻ കഴിയും. അതുപോലെ ലാബും വർക്ഷോപ്പും മറ്റും നൈപുണിപരിശീലനത്തിനു ലഭ്യമാകണമെങ്കിൽ മാനേജ്മെന്റുകളുടെ പൂർണ്ണസഹകരണം ആവശ്യമാണ്.
2. **അധ്യാപകർ:** രണ്ടാമത്തെ ഏറ്റവും വലിയ പ്രധാനപ്പെട്ട വിഭാഗം സ്ഥാപനങ്ങളിലെ അധ്യാപകരാണ്. അവരിൽ പലരും ഭയപ്പെടുന്നത് നൈപുണിപരിശീലനം സൃഷ്ടിക്കാവുന്ന അധികതൊഴിൽഭാരമാണ്. ഓൺലൈൻ പരിശീലനത്തിനു മെന്റർമാരായി കലാലയത്തിനു പുറത്തുനിന്ന് പ്രൊഫഷണലുകളുടെയും മുൻവിദ്യാർത്ഥികളുടെയും സഞ്ചയം ഉറപ്പാക്കിയാൽ ഈ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.
3. **പ്രൊഫഷണൽ സംഘടനകൾ:** ശാസ്ത്ര യുവസമിതികൾ / ഡിഎകെഎഫ് പോലുള്ള പ്രൊഫഷണൽ സംഘടനകളാണ് മറ്റൊരു പിന്തുണാവിഭാഗം. ശാസ്ത്ര യുവസമിതിയുടെ നേതൃത്വത്തിൽ വലിയ അംഗീകാരമുള്ള സ്റ്റാർട്ട് അപ്പ് സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ കോളെജ് യോഗങ്ങൾ വലിയ വിജയമായിരുന്നു. ഒരുവർഷം മുമ്പ് ഡിഎകെഎഫിന്റെ നേതൃത്വത്തിൽ നടത്തിയ ഫ്രീഡം ഫെസ്റ്റിൽ വലിയ തോതിൽ പ്രൊഫഷണൽ വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു. ഇത്തരത്തിൽ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതിന് ഏത് പ്രൊഫഷണൽ സംഘടനകൾക്കും മുൻകൈയെടുക്കാം.
4. **കമ്മ്യൂണിറ്റി പിന്തുണ:** മറ്റൊരു പ്രധാനപ്പെട്ട ഇടപെടൽ പഞ്ചായത്ത് / മുനിസിപ്പൽ അടിസ്ഥാ

നത്തിലുള്ള ജോബ് സ്റ്റേഷൻ / ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് ക്യാൻവാസ് ചെയ്യലാണ്. പ്രാദേശികാടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ യോഗം വിളിക്കാവുന്നതാണ്

പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ

സ്കിൽ കോഴ്സുകളെല്ലാം ഓൺലൈൻ പരിശീലനമാണെങ്കിലും വിദ്യാർത്ഥികൾക്ക് നേരിട്ടുള്ള സംശയദൂരീകരണക്ലാസുകളും ഓഫ് ലൈൻ / ഓൺ ലൈൻ മെന്ററിങ്ങും അനിവാര്യമാണ്. ഇതിന് അതിവിപുലമായ പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റേഴ്സിന്റെ ഒരു സേനയുണ്ടാകണം. 20,000 സന്നദ്ധ പ്രൊഫഷണലുകളെ കണ്ടെത്താനാകണം. ഏതൊക്കെ വിഭാഗങ്ങളെയാണ് നമുക്ക് ഈ സന്നദ്ധ-സാങ്കേതികസേനയിലേക്ക പ്രതീക്ഷിക്കാനാവുക?

1. **അധ്യാപകർ:** വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകരെ മുഴുവൻ മെന്റർമാരാക്കാൻ ശ്രമിക്കണം. ഇവർക്കേ നേരിട്ടുള്ള ഓഫ് ലൈൻ യോഗങ്ങൾ വിളിച്ചുകൂട്ടി പങ്കെടുക്കാനാകൂ.
2. **കോളെജിനു പുറത്തുള്ള പ്രൊഫഷണലുകളും റിട്ടയർ ചെയ്തവരും:** ജനകീയാസൂത്രണ കാലത്തെ സന്നദ്ധ-സാങ്കേതികസേനയുടെ (വോളണ്ടറി ടെക്നിക്കൽ കോർ) അനുഭവം നമുക്കുണ്ട്. ഏറ്റവും സമുന്നതരായ സാങ്കേതികവിദഗ്ധരും പ്രൊഫഷണലുകളും തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രൊജക്ടുകളും പദ്ധതിയും പരിശോധിച്ച് റിവൈസ് ചെയ്യുന്നതിനും ഡിപിസിയെ ഉപദേശിക്കുന്നതിനും അന്നു മുന്നോട്ടുവന്നു. ഇവരിൽ ഒരു വിഭാഗം സാങ്കേതികാനുമതി നൽകുന്ന സമിതികളിലും പ്രവർത്തിച്ചു. ഇതിന്റെയൊരു രണ്ടാംപതിപ്പ് കേരളത്തിൽ സംഘടിപ്പിക്കാൻ കഴിയണം.
3. **പൂർവ്വവിദ്യാർത്ഥികൾ:** എണ്ണത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിഭാഗം ഒരുപക്ഷേ, ഓരോ കോളെജിലെയും പൂർവ്വവിദ്യാർത്ഥികൾ ആയിരിക്കും. തങ്ങൾ പഠിച്ച കോളെജിലെ ഇന്നത്തെ ഒരു വിദ്യാർത്ഥിക്കുവേണ്ടി ലോകത്ത് എവിടെ ജോലി ചെയ്താലും ഓൺലൈനായി ആഴ്ചയിൽ ഒരു മണിക്കൂർവീതം മാറ്റിവയ്ക്കുന്നതിന് ഇവരിൽ വലിയൊരു വിഭാഗം തയ്യാറാകും. പ്രൊഫഷണൽ അല്ലെങ്കിൽ അക്കാദമിക് ജോലികളിൽ ഏർപ്പെടുന്നവരെ മാത്രമാണ് ഇങ്ങനെ ഉപയോഗിക്കാൻ കഴിയുക. ഓരോ കോളെജും നൈപുണിപരിശീലന തൊഴിൽപരിപാടിയെക്കുറിച്ച് ഒരു രേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അന്തർദേശീയ അലൂംനി യോഗങ്ങൾ വിളിച്ചുചേർക്കുകയും വേണം.
4. **പ്രൊഫഷണൽ സംഘടനകൾ:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയേഴ്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ പോലുള്ള പ്രൊഫഷണൽ സംഘടനകൾക്കും ഡിഎകെഎഫ്, ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള സംഘടനകൾക്കും മെന്റർമാരെ അണിനിരത്തുന്നതിൽ വലിയ പങ്കു വഹിക്കാൻ കഴിയും. പ്രതിധ്വനി പോലുള്ള ഐറ്റി പ്രവർത്തകരുടെ സംഘടനകൾക്ക് തങ്ങളുടെ തൊഴിൽമേഖലയിൽ മെന്റർമാരെ സമാഹരിക്കാൻ ക്യാമ്പയിൻ ചെയ്യാനാകും.
5. **മലയാളികൾ അല്ലാത്ത മറ്റു പണ്ഡിതർ:** നമ്മൾ ഇപ്പോൾ ഏറ്റെടുക്കാൻ പോകുന്ന സ്കിൽ ദൗത്യത്തിന് സമാനമായ സംരംഭങ്ങൾ ലോകത്തെവിടെയും ഉണ്ടായതായി അറിവില്ല. കേരളമെന്ന ആശയത്തിന് അന്തർദേശീയതലത്തിലുള്ള പിന്തുണ ഉപയോഗപ്പെടുത്തി പുരോഗമന ജനാധിപത്യ വിശ്വാസികളായ എല്ലാ വിഭാഗത്തിൽപ്പെട്ട പണ്ഡിതരെയും മെന്റർസേനയിലേക്ക് ആകർഷിക്കാൻ പരിപാടി തയ്യാറാക്കണം.

സംഘടന

വിജ്ഞാനകേരളം നൈപുണിപരിശീലന കാമ്പയിനിന് ഉന്നതവിദ്യാഭ്യാസമന്ത്രിയുടെയും തൊഴിൽ മന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ വിവിധ സ്കിൽ ഏജൻസികളുടെയും സർവ്വകലാശാല, പോളിടെക്നിക്, ഐറ്റിഐ എന്നിവയുടെയും പ്രതിനിധികളും സർവ്വകലാശാലാ യൂണിയൻ പ്രതിനിധികളും അധ്യാപകസംഘടനാ പ്രതിനിധികളും ഡിപ്പാർട്ട്മെന്റൽ ഉദ്യോഗസ്ഥരും കെ-ഡിസ്ക്, കെകെഇഎം പ്രതിനിധികളും ഉൾപ്പെട്ട സംസ്ഥാനതലസമിതി ഉണ്ടാകും. കാമ്പയിനിന്റെ തയ്യാറെടുപ്പും പുരോഗതിയും ഈ സമിതി കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നോട്ടുപോകും.

കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതലത്തിൽ നിലവിലുള്ള സ്കിൽ കൗൺസിലിൽ ആവശ്യമായ വിപുലീകരണം നടത്തി ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള വേദിയായി പ്രവർത്തിക്കും.

മണ്ഡലാടിസ്ഥാനത്തിൽ എംഎൽഎ ചെയർമാനായി മണ്ഡല സ്കിൽ കൗൺസിലുകൾ രൂപവത്ക്കരിക്കും. ബ്ലോക്ക്/മുനിസിപ്പൽ അധ്യക്ഷർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രതിനിധികൾ, പ്ലെയ്സ്മെന്റ് ഓഫീസർമാർ, പിഎംയു കോർഡിനേറ്റർ, പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ, യൂത്ത് വെൽഫയർ ബോർഡ് പ്രതിനിധി, ജോബ് സ്റ്റേഷൻ പ്രതിനിധികൾ എന്നിവരടങ്ങുന്നതാകും ഈ കൗൺസിൽ.

വിദ്യാഭ്യാസസ്ഥാപന മാനേജ്മെന്റുമായി ചർച്ച ചെയ്യുകയും മോട്ടിവേഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും ആവശ്യമായ പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാരെ റിക്രൂട്ട് ചെയ്യാൻ സഹായിക്കുകയും കൗൺസിലിന്റെ ചുമതലയാണ്. കെകെഇഎം കോർഡിനേറ്റർ വഴി പിഎംയുവിന് പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ എത്തിക്കേണ്ടതാണ്.

ഇതിനു പുറമേ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്കിൽ സെന്ററുകൾ ഉണ്ടാകും. ആ സ്ഥാപനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ സ്കിൽ സെന്ററാണ് ആസൂത്രണം ചെയ്യുകയും മേൽനോട്ടംവഹിക്കുകയും ചെയ്യുന്നത്.

ചിത്രം 4.1

സ്കിൻ കാമ്പയിൻ സംഘാടനം

അന്തർദേശീയ കേരള സ്കിൽ കോൺഗ്രസ്

മെയ് / ജൂൺ മാസത്തിൽ വിപുലമായ നൈപുണിപരിശീലന കാമ്പയിൻ ആരംഭിക്കും. ഇതിനു തുടക്കംകുറിച്ചുകൊണ്ട് ഹൈബ്രിഡ് മോഡലിൽ കേരളത്തിലെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളെയും പ്രൊഫഷണൽ സംഘടനകളെയും ബന്ധപ്പെടുത്തി ഒരു സ്കിൽ കോൺഗ്രസ് സംഘടിപ്പിക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് കേന്ദ്രങ്ങളിൽ സമാന്തരമായി സമ്മേളനങ്ങൾ നടക്കും.

രണ്ടുലക്ഷം പേർ കേരളത്തിൽനിന്നും പുറത്തുനിന്നും ഓൺലൈനായും ഈ കോൺഗ്രസിൽ പങ്കെടുക്കും. ഇതിൽ പങ്കെടുക്കാം എന്നുള്ളതുകൊണ്ട് വിദേശത്തുള്ള പ്രൊഫഷണലുകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും പങ്കെടുപ്പിക്കുന്നതിനും ഇപ്പോഴേ പ്രവർത്തനങ്ങൾ ആരംഭിക്കണം. നീണ്ട പ്രസംഗങ്ങൾക്കു പകരം ലഘുസംവാദങ്ങളും അഭിമുഖങ്ങളും 10 മിനിറ്റ് അവതരണങ്ങളുമെല്ലാം അടങ്ങുന്ന ഒരു നൂതന നൈപുണിവികസന സമ്മേളനമായിരിക്കും ഇത്. നൈപുണിപരിശീലന പരിപാടിയുടെ ഔപചാരികമായ ലോഞ്ച് ഇതിലാണു നടത്തുക.

പൈലറ്റ് പ്രൊജക്ട്

നടപ്പ് അക്കാദമിക് വർഷത്തിൽത്തന്നെ ഒരു പൈലറ്റ് നൈപുണിപരിശീലനപരിപാടി ആരംഭിക്കുന്നതാണ്. 20,000 വിദ്യാർത്ഥികളെയാണ് ഇതിൽ പങ്കാളികളാക്കുക. അടുത്ത ആഗസ്റ്റ്-സെപ്തംബർ ആകുമ്പോഴേക്കും ഇവരെ തൊഴിൽ അഭിമുഖങ്ങളിലേക്ക് എത്തിക്കാൻ കഴിയും. ഇവരിൽ മഹാഭൂരിപക്ഷം പേർക്കും പ്ലെയ്സ്മെന്റ് നൽകാൻ കഴിഞ്ഞാൽ അത് 2025-ലെ സ്കിൽ കാമ്പയിനിന് വലിയ ഊർജ്ജം പകരും.

കമ്മ്യൂണിറ്റി സംവിധാനം ഏകോപിപ്പിക്കാൻ കഴിയുന്നവിധത്തിൽ പ്ലാറ്റ്ഫോമിൽ മാറ്റങ്ങൾ വരുത്തണം. ഫ്രീലാൻസ് അവസരങ്ങളും ആർറ്റിഡി അവസരങ്ങളും കൊണ്ടുവരാൻ ശ്രമങ്ങൾ നടത്തണം. റോഡ്-ഷോകൾ നടത്തി കൂടുതൽ ജോലികൾ കൊണ്ടുവരണം. ഇതിനായി ഒഡേപക്, കെയ്സ്, കുടുംബശ്രീ, നോർക്ക, ഐസിടി, സിഐഐ എന്നിവരുടെ സംവിധാനം ഉണ്ടാകണം. എൻഎസ്ടിസി, ആർടിഡി പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികൾ മറ്റു സ്റ്റാഫിങ് കമ്പനികളെ അണിനിരത്തണം.

എഐ ഉപയോഗിച്ച് റെസ്യും നന്നാക്കുവാനും സ്കിൽ ഗ്യാപ്പ് നിർദ്ദേശിക്കുവാനും സൗകര്യങ്ങൾ ഉണ്ടാകണം. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി നൽകണം. മറ്റുള്ളവരിൽനിന്നു ഫീസ് ഈടാക്കേണ്ടതുമാണ്. അതനുസരിച്ച് പ്ലാറ്റ്ഫോമിൽ പേയ്മെന്റ് സംവിധാനം ഉണ്ടാവണം. ടിഎസ്ആർ ഏജൻസികളെ ഒരുമിപ്പിച്ച് സ്കോളർഷിപ്പുകൾ ചാനലൈസ് ചെയ്യണം. ഗ്രീവൻസ് ഹാൻഡിലിങ് ഹെൽപ്പ് ഡെസ്ക് ഏകോപിപ്പിക്കുന്ന കാൾ സെന്റർ ഉണ്ടാകണം.

അധ്യായം 5

ഉപസംഹാരം

അടുത്ത ഒരു വർഷത്തേക്കുള്ള വിജ്ഞാനകേരളം കാമ്പയിൻ പ്രവർത്തനങ്ങളാണ് കഴിഞ്ഞ അധ്യായങ്ങളിൽ അവതരിപ്പിച്ചത്. ഈ കാമ്പയിൻ ഒരു വർഷംകൊണ്ട് തീരുന്നതല്ല. തുടർച്ച വേണ്ടിവരും. എന്നുവരെ? ജോലിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക നൈപുണിപരിശീലനം ഔപചാരിക പഠനകോഴ്സിന്റെ ഭാഗമാകുന്നതുവരെ തുടരേണ്ടിവരും. നമ്മുടെ സർവകലാശാലകളിൽ നാലുവർഷ ബിരുദകോഴ്സിന്റെ ലക്ഷ്യങ്ങളിലൊന്ന് ഇതാണല്ലോ.

ഭാവിയിലും ഇങ്ങനെ പുറത്തുള്ള തൊഴിലുകൾക്കു പ്രാപ്തരാക്കുകയല്ല പഠനത്തിന്റെയും നൈപുണിപരിശീലനത്തിന്റെയും ലക്ഷ്യമെന്നു പറയേണ്ടതില്ലല്ലോ. അത്തരം തൊഴിലുകൾ കേരളത്തിൽത്തന്നെ സൃഷ്ടിക്കപ്പെടണം. അതിനു കേരളത്തിലെ ഉല്പാദന-സേവന വ്യവസ്ഥയുടെ സാങ്കേതികാടിത്തറ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കപ്പെടണം. കേരളം വിജ്ഞാനസമ്പദ്ഘടനയാകണം. അത്തരമൊരു സമ്പദ്ഘടനയിൽ അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലുകൾ കേരളത്തിൽത്തന്നെ സൃഷ്ടിക്കപ്പെടും. ഇതിനുള്ള പ്രവർത്തനങ്ങളാണ് കേരളസർക്കാർ നടത്തുന്നത്.

അവയുടെ ഭാഗമാണ് നൈപുണിപരിശീലനവും തൊഴിൽ ലഭ്യമാക്കലും. ഈ പ്രവർത്തനമാണ് 'വിജ്ഞാനകേരളം ജനകീയ കാമ്പയിൻ' ഏറ്റെടുത്തിട്ടുള്ളത്. ഒരു വർഷംകൊണ്ട് ചെയ്യാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളുടെ വൈപുല്യം ഏതൊരാളെയും വിസ്മയിപ്പിക്കാൻ പോന്നതാണ്: അഞ്ചുലക്ഷം വിദ്യാർത്ഥികൾക്കു പഠനത്തോടൊപ്പം നൈപുണിപരിശീലനം നൽകുക; അഭ്യസ്തവിദ്യരായ 10 ലക്ഷം തൊഴിലന്വേഷകരെ രജിസ്റ്റർ ചെയ്യിച്ച് ലഘുപരിശീലനം നൽകി തൊഴിൽമേളകളിൽ പങ്കെടുപ്പിക്കുക; പരമാവധി പേർക്ക് തൊഴിൽ നൽകുക.

ജനകീയ കാമ്പയിനിന്റെ വൈപുല്യം

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിന് 20,000 പ്രൊഫഷണലുകളെയെങ്കിലും മെന്റർമാരായി സന്നദ്ധപ്രവർത്തനത്തിന് അണിനിരത്തണം. വിദ്യാർത്ഥികളെ നൈപുണിപരിശീലനത്തിനു പ്രചോദിപ്പിക്കുന്നതിനും തൊഴിലന്വേഷകരെ തൊഴിൽമേളകളിൽ അണിനിരത്തുന്നതിനും മറ്റൊരു 30,000 സന്നദ്ധപ്രവർത്തകർ വേണ്ടിവരും. ഇതിനു പുറമേ 5,000 ഉദ്യോഗസ്ഥരെങ്കിലും ഈ

പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കും. മുഴുവൻ ജനപ്രതിനിധികൾക്കും ഇതിൽ പങ്കുണ്ടാവും.

ഏതാനും മാസംകൊണ്ട് ഇത്രയധികം പേരെ അണിനിരത്താനും പ്രവർത്തനക്ഷമമാക്കാനും കഴിയുമോയെന്നതാണ് പലരുടെയും മനസിൽ വരാവുന്ന ചോദ്യം.

ഇങ്ങനെ സന്നദ്ധപ്രവർത്തകരെ സമാഹരിച്ചിട്ടുള്ള അനുഭവം കേരളത്തിനുണ്ട്. ഏതാനും മാസങ്ങൾകൊണ്ടാണ് സാക്ഷരതാപ്രവർത്തനത്തിന് ഒരുലക്ഷത്തിലേറെ പേരെ അണിനിരത്തിയത്. സമ്പൂർണ്ണസാക്ഷരത കൈവരിക്കുംവരെ ഒരു വർഷക്കാലം അവർ പ്രവർത്തിക്കുകയും ചെയ്തു.

മറ്റൊരു അനുഭവം ജനകീയാസൂത്രണപ്രസ്ഥാനത്തിന്റേതാണ്. 1996-ലെ സർക്കാർ അധികാരത്തിൽവന്ന് ഏതാനും മാസങ്ങൾകൊണ്ടാണ് 500-ൽപ്പരം കെആർപിമാരെയും പതിനായിരത്തോളം ഡിആർപിമാരെയും ഒരുലക്ഷത്തിൽപ്പരം എൽആർപിമാരെയും പരിശീലനം നൽകി രംഗത്തിറക്കിയത്. ഒരുവർഷംകൊണ്ട് പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ കഴിയുമെന്നായിരുന്നു തുടക്കത്തിൽ കരുതിയത്. അഞ്ചുവർഷം ഇടതടവില്ലാതെ പ്രവർത്തിക്കേണ്ടിവന്നു. ഒരു കൊഴിഞ്ഞുപോക്കും ഉണ്ടായില്ല.

ഇപ്പോൾ നമ്മൾ ലക്ഷ്യമിടുന്ന പ്രൊഫഷണൽ മെന്റർമാർക്ക് സമാനമായ ഒരു സംഘമായിരുന്നു ജനകീയാസൂത്രണത്തിലെ സന്നദ്ധ-സാങ്കേതികസേന. വളരെ ഉയർന്ന ഉദ്യോഗസ്ഥതലങ്ങളിലും പ്രൊഫഷണൽ ജോലികളിലും ഏർപ്പെട്ടിരുന്നവരടക്കം 10,000 പേരാണ് ഈ സന്നദ്ധപ്രവർത്തനത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചത്. അതിൽനിന്ന് 2000 പേരെ തെരഞ്ഞെടുക്കുകയാണു ചെയ്തത്.

പ്രവർത്തനത്തിന്റെ വൈപുല്യം കണ്ട് ആരും ഭയപ്പെടേണ്ടതില്ല. ഈ വലുപ്പം തന്നെയാണ് ആളുകളെ പ്രചോദിപ്പിക്കുക. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്കുമുഴുവൻ തൊഴിൽ ഉറപ്പാക്കുക; ഉന്നതവിദ്യാഭ്യാസ മേഖലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനവേളയിൽ തന്നെ നൈപുണിപരിശീലനം നൽകുക. ഉന്നതവിദ്യാഭ്യാസമേഖലയുടെ പുനഃസംഘാടനത്തിനു വലിയൊരു കുതിപ്പായിരിക്കും ഈ കാമ്പയിൻ സൃഷ്ടിക്കുക.

ഇത്തരമൊരു ദേശാഭിമാനപരമായ പ്രവർത്തനത്തിന് ആളുകൾ മുന്നോട്ടുവരികതന്നെ ചെയ്യും. ഇതിൽ പ്രധാനപ്പെട്ട ഒരു കാര്യം പ്രൊഫഷണൽ മെന്റർമാരിൽ മഹാഭൂരിപക്ഷം അവരവർ പഠിച്ച കോളെജ്, ഐറ്റിഐ, പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികളെ സഹായിക്കാനാണ് സന്നദ്ധരായി വരുന്നത് എന്നുള്ളതാണ്. അവർ ഇപ്പോൾ ജോലി ചെയ്യുന്നത് എവിടെ ആയിരുന്നാലും ഓൺലൈനായി വിദ്യാർത്ഥികളെ മെന്റർ ചെയ്യാം. തങ്ങൾ പഠിച്ച വിദ്യഭ്യാസസ്ഥാപനത്തിന് ഇത്തരത്തിൽ ഒരുകൈ പിന്തുണ നൽകുന്നതിന് ഒട്ടേറെപ്പേർ തയ്യാറാകും. എല്ലാ സ്ഥാപനങ്ങളിലും അലൂംനി അസോസിയേഷനുകൾ മുൻകാലങ്ങളിലേക്കാൾ സുശക്തവുമാണ്.

വിശാലയോജിപ്പ്

വിജ്ഞാനകേരളം ജനകീയകാമ്പയിന്റെ വിജയത്തിന് മറ്റൊരു ഉപാധി കേരളം ഈ പ്രവർത്തനത്തിൽ ഒന്നിക്കണമെന്നുള്ളതാണ്. സാക്ഷരതയിലും ജനകീയാസൂത്രണത്തിലും ഈ വിശാലമായ യോജിപ്പ് അനുഭവവേദ്യമായിട്ടുണ്ട്. വിജ്ഞാനകേരളം ജനകീയകാമ്പയിനും അതുപോലൊരു അനുഭവമായിരിക്കും.

മൂന്നാം അധ്യായത്തിൽ കണ്ടതുപോലെ തൊഴിൽ കാമ്പയിൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സംയുക്ത പ്രൊജക്ടാണ്. കേരളത്തിൽ എല്ലാ രാഷ്ട്രീയപാർടികൾക്കും തദ്ദേശഭരണത്തിൽ പങ്കുണ്ട്. സ്റ്റാൻഡിങ് കമ്മിറ്റികളിൽ പ്രൊപ്പോർഷണൽ പ്രാതിനിധ്യം ആയതുകൊണ്ട് എല്ലാവർക്കും പങ്കാളിത്തമുണ്ട്. ജില്ലാ പഞ്ചായത്ത് ഭരിക്കുന്നവർ ആകണമെന്നില്ല ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലും. ഈ എല്ലാ തലങ്ങളിലും താരതമ്യേന സ്വാതന്ത്ര്യമുള്ള ജനകീയസമിതികളും സംഘടനാസംവിധാനങ്ങളുമുണ്ട്. അങ്ങനെ എല്ലാവർക്കും പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഒരു

ജനകീയകാമ്പയിനാണിത്.

സ്കിൽ കാമ്പയിനിൽ അതതു മണ്ഡലത്തിലെ എംഎൽഎമാർ അധ്യക്ഷർ ആയിട്ടുള്ള സ്കിൽ സമിതികളാണുള്ളത്. ജില്ലാതലത്തിൽ സ്കിൽ സമിതികളിലും എംഎൽഎമാർക്കും ജനപ്രതിനിധികൾക്കും പ്രാതിനിധ്യമുണ്ട്.

അല്ലെങ്കിൽ നാട്ടിൽ തൊഴിൽ നൽകുന്നതിനും വിദ്യാർത്ഥികൾക്ക് നൈപുണിപരിശീലനം ഉറപ്പുവരുത്തുന്നതിനും കക്ഷി-രാഷ്ട്രീയാടിസ്ഥാനത്തിൽ ഭിന്നനിലപാട് എടുക്കുന്നതിന് എന്ത് പ്രസക്തി? രാഷ്ട്രീയവ്യത്യസ്ഥതകൾ നിലനിൽക്കുമ്പോൾത്തന്നെ നാട്ടിലെ എല്ലാവർക്കും വേണ്ടുന്ന ഈ കാര്യങ്ങൾ ചെയ്യുന്നതിന് എല്ലാവർക്കും യോജിച്ചു പ്രവർത്തിക്കാനാകണം. ഇങ്ങനെയൊരു പുത്തൻ വികസനസംസ്കാരമാണ് നാടിന് അഭികാമ്യം.

പ്രചാരണം

അന്തരീക്ഷസൃഷ്ടിയിൽ മാധ്യമങ്ങൾക്കു സുപ്രധാന പങ്കുവഹിക്കാനാകും. പത്രങ്ങളുടെയും ചാനലുകളുടെയും മേധാവികളെ സംസ്ഥാനതലത്തിൽ ബന്ധപ്പെടുന്നതിന് മുൻകൈയെടുക്കുന്നുണ്ട്. പ്രാദേശികചാനലുകൾക്കും കാമ്പയിനിന്റെ പ്രചാരണത്തിൽ വലിയ പങ്കുവഹിക്കാനാകും.

സോഷ്യൽ മീഡിയയാണ് ഏറ്റവും പ്രധാനപ്പെട്ടത്. വിജ്ഞാനകേരളത്തെ പിന്തുണയ്ക്കാൻ ഇൻഫ്ലുവൻസർമാർ മുന്നോട്ടുവരുമെന്നാണു പ്രതീക്ഷിക്കുന്നത്. കുടുംബശ്രീ വാട്സാപ്പ് ഗ്രൂപ്പുകളും ജനപ്രതിനിധികളുടെ വാട്സാപ്പ് ഗ്രൂപ്പുകളും കാമ്പയിനിന്റെ പ്രധാനപ്പെട്ട സന്ദേശവാഹകരായിരിക്കും.

കാമ്പയിനിലൂടെ തൊഴിൽ ലഭിക്കുന്നവരുടെ അനുഭവസാക്ഷ്യങ്ങളുടെ വീഡിയോകൾ വലിയ പ്രചോദനമാകും. ഇത്തരത്തിൽ അതിവിപുലമായ പ്രചാരണമായിരിക്കും ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ടു നടക്കുക.

അടിയന്തര പ്രവർത്തനങ്ങൾ

എല്ലാ സംസ്ഥാന-ജില്ലാ-ബ്ലോക്ക് പ്രാദേശികതലത്തിലുള്ള എല്ലാ ജനകീയ സമിതികളും സംഘടനാസംവിധാനങ്ങളും ഫെബ്രുവരിമാസം അവസാനിക്കുംമുമ്പ് പ്രവർത്തനക്ഷമമാകും. അതുപോലെതന്നെ കെആർപി, ഡിആർപി, എൽആർപിമാരുടെ പരിശീലനവും പിഎംയു, ജോബ് സ്റ്റേഷൻ പ്രവർത്തകരുടെ പരിശീലനവും ഫെബ്രുവരിയിൽ പൂർത്തീകരിക്കും. ഇവ ജനുവരിയിൽത്തന്നെ പൂർത്തീകരിക്കുന്ന ആലപ്പുഴയിൽ വച്ചായിരിക്കും ഫെബ്രുവരി 1-ന് ആദ്യത്തെ മെഗാ തൊഴിൽമേള.

പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാരെ ബന്ധപ്പെടുന്നതിനുള്ള പ്രവർത്തനം ജനുവരി 1-ന് ആരംഭിക്കും. ഇതിനുവേണ്ടി വിദ്യാഭ്യാസസ്ഥാപനങ്ങൾ, അലൂംനി അസോസിയേഷനുകൾ, പ്രൊഫഷണൽ സംഘടനകൾ എന്നിവയുടെ യോഗങ്ങളായിരിക്കും ആദ്യം നടക്കുക. പ്രൊഫഷണൽ മെന്റർമാരുടെ ഡാറ്റാ ബെയ്സ് മെയ് മാസത്തോടെ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യർക്കു മുഴുവൻ തൊഴിൽ നൽകുന്നതിനും വിദ്യാർത്ഥികളെ തൊഴിൽ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഈ ജനകീയയജ്ഞത്തിൽ പങ്കാളികളാകുന്നതിന് ലോകത്തെമ്പാടുമുള്ള മലയാളിപ്രൊഫഷണലുകളോടും വിദഗ്ധരോടും കേരളത്തിന്റെ അഭ്യുദയകാംക്ഷികളോടും മുഖ്യമന്ത്രി ഓൺലൈനായി അഭ്യർത്ഥിക്കും. മുന്നോട്ടുവരുന്നവരുമായി സമ്പർക്കം പുലർത്തുന്നതിനും വിശദീകരണങ്ങൾ നൽകുന്നതിനും വിപുലമായൊരു കാൾ സെന്റർ ഉണ്ടാകും.

ജനുവരിയിൽ നൈപുണിപരിശീലന പൈലറ്റ് പ്രൊജക്ട് ആരംഭിക്കും. ജൂണിൽ നടക്കുന്ന അന്തർദേശീയ കേരള സ്കിൽ കോൺഗ്രസോടെ അഞ്ചുലക്ഷം വിദ്യാർത്ഥികൾക്കുള്ള നൈപുണിപരിശീലനകാമ്പയിനും ആരംഭിക്കും.

പ്രാദേശികസാഹചര്യങ്ങൾ കണക്കിലെടുത്ത് ഓരോ ജില്ലയ്ക്കും പരമാവധി പ്രവർത്തന സ്വാതന്ത്ര്യം

നൽകുന്ന രീതിയിലായിരിക്കും സംഘാടനം. ജില്ലകളും പ്രദേശങ്ങളും തമ്മിൽ ഒരു മത്സരാന്തരീക്ഷം സൃഷ്ടിച്ചാൽ മാത്രമേ പദ്ധതി വിജയിക്കൂ. അഥവാ ഇതൊരു ഡിമാൻഡ് ഡ്രിവൺ പരിപാടി ആയിരിക്കും.

അതുപോലെതന്നെ വിജ്ഞാന കേരളം കാമ്പയിൻ ഇന്നത്തെ രീതിയിൽ അടുത്ത മൂന്ന് വർഷമേ നിലനിൽക്കൂ. ഇപ്പോഴത്തെ നാല് വർഷ വിദ്യാർത്ഥികൾ അവസാനവർഷം എത്തുമ്പോഴേക്കും നൈപുണി പരിശീലനം സ്ഥാപനങ്ങളിൽ വ്യവസ്ഥാപിതമായിക്കഴിഞ്ഞിരിക്കും. അതുപോലെ തന്നെ തൊഴിലന്വേഷകരുടെ ഇന്നത്തെ ബാക്ക് ലോഗ് ഗണ്യമായി ഇല്ലാതായിക്കഴിഞ്ഞാൽ തൊഴിൽമേളകൾ അടക്കമുള്ള പ്രവർത്തനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തന മണ്ഡലത്തിന്റെ ഭാഗമാകും. ചുരുക്കത്തിൽ കാമ്പയിന്റെ വിജയത്തോടെ പ്രസ്ഥാനമെന്ന നിലയിലുള്ള പ്രവർത്തനങ്ങൾ അവസാനിക്കും.

സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ മുതലുള്ള പുരോഗമനപ്രസ്ഥാനങ്ങളുടെ ജനകീയ ഇടപെടലുകൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും മറ്റുപല മൂന്നാംലോകരാജ്യങ്ങളിൽനിന്നും വേറിട്ടൊരു വികസനാനുഭവം കേരളത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. ഈ പാരമ്പര്യത്തെ മുന്നോട്ടു കൊണ്ടുപോകുവാനും പുതിയ വികസനവെല്ലുവിളികളെ തരണംചെയ്യുവാനുമാകണം. അങ്ങനെ വേറിട്ടൊരു ലോകം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങളുടെ ഭാഗമാണ് വിജ്ഞാനകേരളം ജനകീയകാമ്പയിൻ. ഇതിൽ പങ്കാളികളാകാൻ എല്ലാവരും മുന്നോട്ടുവരണം.

അനുബന്ധങ്ങൾ

K-DISC-ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച എംപ്ലോയർസ് കോൺക്ലേവ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. കമ്പനികളുമായി റിക്രൂട്ട് ട്രെയിൻ ഡിപ്ലോയ് മാതൃകയിൽ തൊഴിൽ നൽകാൻ കരാറിൽ ഏർപ്പെട്ടു.

പുരോഗതിയുടെ അഭിമാന നിമിഷങ്ങൾ

തൃശൂർ എഞ്ചിനീയറിംഗ് കോളേജിൽ കേരള നോളജ് ഇക്കണോമി മിഷന്റെ കണക്റ്റ് കരിയർ ടു കാമ്പസ് പരിപാടിയുടെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പും സാമൂഹ്യനീതി വകുപ്പും കൈകാര്യം ചെയ്യുന്ന മന്ത്രി ഡോ. ആർ.ബിന്ദു നിർവഹിച്ചു.



തദ്ദേശസ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം. ബി രാജേഷ് കെ.കെ.ഇ.എം .'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായുള്ള ജില്ലാതല തൊഴിൽമേള പാലക്കാട് നാഗലശ്ശേരി ഗവൺമെന്റ് ഹൈസ്കൂളിൽ വച്ച് ഉദ്ഘാടനം ചെയ്തു.



KKEM

തൊഴിൽ മേള

നൈപുണി പരിശീലനം

K-DISC
Kerala Development and Innovation Strategic Council

KERALA KNOWLEDGE ECONOMY MISSION



ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം

KKEM

ഡി.ഡബ്ല്യു.എം.എസ്സ്

പരിശീലന ലഘു ലേഖ

2

ഉള്ളടക്കം

(ഭാഗം 1) 4
നോളജ് ഇക്കണോമി മിഷന്റെ പ്ലാറ്റ്ഫോമിൽ എങ്ങനെ രജിസ്റ്റർ ചെയ്യാം ? 4
ഭാഗം 1.1: തൊഴിലന്വേഷകന്റെ പൊതു വിവരങ്ങൾ നൽകുക: 8
ഭാഗം 1.2: മുൻ തൊഴിൽ പരിചയ വിശദാംശങ്ങൾ ഡി.ഡബ്ല്യൂ.എം.എസി ൽ രേഖപ്പെടുത്തുക: 10
ഭാഗം 1.3:തൊഴിൽ പരിചയ വിശദാംശങ്ങൾ ഡി.ഡബ്ല്യൂ.എം.എസിൽ രേഖപ്പെടുത്തുക - ചേർക്കുക/തിരുത്തുക 10
ഭാഗം 1.4: നൈപുണ്യങ്ങൾ : നൈപുണ്യ മേഖലയുടെ സൂചനകൾ ഡി.ഡബ്ല്യൂ.എം.എസിൽ നൽകുക . 12
ഭാഗം 1.5: വിദ്യാഭ്യാസ യോഗ്യത : 12
ഭാഗം 1.6: തൊഴിൽ മുൻഗണന 14
(ഭാഗം 2) 19
തൊഴിൽ കണ്ടെത്തലും അപേക്ഷ സമർപ്പിക്കലും 19
ഭാഗം 2.1 : ഡി.ഡബ്ല്യൂ.എം.എസിൽ ലഭ്യമായ തൊഴിലവസരങ്ങൾ എവിടെ കാണാം? 20
ഭാഗം 2.2 : ഡി.ഡബ്ല്യൂ.എം.എസിൽ തൊഴിലവസരങ്ങൾ എങ്ങനെ കണ്ടെത്താം ? 20
സെർച്ച് ബട്ടൺ :ഡി.ഡബ്ല്യൂ.എം.എസിൽ താല്പര്യമുള്ള തൊഴിലുകൾ തിരയുന്നതിനായി Search ബട്ടൺ ലഭ്യമാക്കിയിട്ടുണ്ട്. 20
ഭാഗം 2.3 : ഡി.ഡബ്ല്യൂ.എം.എസിൽ തൊഴിലൊഴിവിലേക്ക് അപേക്ഷ സമർപ്പിക്കൽ 22
ഭാഗം 2.4 : ഡി.ഡബ്ല്യൂ.എം.എസിൽ അപേക്ഷ സമർപ്പിക്കപ്പെട്ട തൊഴിലുകൾ (അപ്ലൈഡ് ജോബ്സ്) 24
സേവ്ഡ് ജോബ്സ് 24
ഭാഗം 2.5 : ഡി.ഡബ്ല്യൂ.എം.എസിൽ തൊഴിലൊഴിവിലേക്ക് അപേക്ഷസമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട മറ്റു സൗകര്യങ്ങൾ 24
1. Recommended Jobs 25
2. Job Fair 25
3. RTD (Recruit Train and Deploy) റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് മോഡൽ. 26
ഭാഗം 2.6 : ഡി.ഡബ്ല്യൂ.എം.എസ് തൊഴിൽ പ്ലാറ്റഫോം പങ്കാളികൾ ? 27
പ്ലാറ്റഫോം പങ്കാളികൾ ലഭ്യമാക്കുന്ന തൊഴിലവസരങ്ങൾ 27
ഫൗണ്ടിറ്റ് - പ്ലാറ്റ്ഫോം തൊഴിലവസരങ്ങൾ 29
ഹമാരാ ജോബ്സ് - പ്ലാറ്റ്ഫോം തൊഴിലവസരങ്ങൾ 30

[ഭാഗം 1]

നോളജ് ഇക്കണോമി മിഷന്റെ പ്ലാറ്റ്ഫോമിൽ എങ്ങനെ രജിസ്റ്റർ ചെയ്യാം ?

കേരളത്തിലെ തൊഴിലന്വേഷകർക്ക് യുക്തമായ തൊഴിൽ കണ്ടെത്തുന്നതിന് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിൻറെ (കെഡിസ്ക്ക്) നേതൃത്വത്തിൽ നടപ്പാക്കുന്ന കേരള നോളേജ് ഇക്കണോമി മിഷൻ തയ്യാറാക്കിയട്ടുള്ള പ്ലാറ്റ്ഫോമാണ് ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റമാണ് (ഡി.ഡബ്ല്യു.എം.എസ്.). കേരള നോളേജ് ഇക്കണോമി മിഷനിലൂടെ (കെ .കെ ഇ. എം.) ലഭ്യമാവുന്ന തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനം.

കേരള നോളേജ് ഇക്കണോമി മിഷനിലൂടെ ലഭ്യമാവുന്ന തൊഴിലവസരങ്ങൾ പട്ടികപ്പെടുത്തുകയും വിശദമായ തൊഴിൽവിവരപത്രികകളടക്കം ഡി.ഡബ്ല്യു.എം.എസ്. പ്ലാറ്റഫോമിൽ ലഭ്യമാക്കുകയുംചെയ്യും. തൊഴലന്വേഷകർക്ക് തന്റെ താത്പര്യമുള്ള തൊഴിലും, തൊഴിൽ മേഖലയും തൊഴിലിൽ മുൻപരിചയമുണ്ടെങ്കിൽ അവയും ഉൾപ്പെടുത്തി ഡി.ഡബ്ല്യു.എം.എസിൽ തൊഴിലിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. തൊഴിലന്വേഷകർക്ക് ഡി.ഡബ്ല്യു.എം.എസ്. പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദേശങ്ങളും , ഡി.ഡബ്ല്യു.എം.എസ് പ്ലാറ്റ്ഫോമിലൂടെ തൊഴിൽ അവസരം എങ്ങനെ കണ്ടെത്താമെന്നതും, തൊഴിലിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങളുമാണ് ഇവിടെ വിശദീകരിക്കുന്നത് .

തൊഴിലന്വേഷകർക്ക് ഡി.ഡബ്ല്യു.എം.എസ്. പ്ലാറ്റഫോംമിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദേശങ്ങൾ.

ഒരു തൊഴിൽ അന്വേഷകന് ഡി.ഡബ്ല്യു.എം.എസ്.ൽ രജിസ്റ്റർ ചെയ്യുന്നതിന് ബ്രൌസർ~(ലാപ്ടോപ്/ഡെസ്ക്ടോപ്/മൊബൈൽ)~വഴി :https://knowledgemission.kerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്യണം. തൊഴിലന്വേഷകന്റെ ഇമെയിൽ ഐഡി ഉപയോഗിച്ച് ഓ.ടി.പി.(One Time Password) സ്ഥിരീകരണത്തിനായി നൽകി ശേഷം, തൊഴിലന്വേഷകന്റെ മൊബൈൽ നമ്പർ ഉപയോഗിച്ച് ഓ.ടി.പി. സ്ഥിരീകരണം നൽകി ഡിഡബ്ല്യൂഎംഎസിൽ രജിസ്റ്റർ ചെയ്യാം. കെ.കെ.ഇ.എം മൊബൈൽ അപ്ലിക്കേഷനായ ഡിഡബ്ല്യൂഎംഎസ് കണക്ട്

ആപ്പ് ഇൻസ്റ്റാൾ ചെയ്തും ഡിഡബ്ല്യൂഎംഎസ് സേവനങ്ങൾ ഉപയോഗിക്കാൻ സൗകര്യമുണ്ട്.

DWMS Registration



തൊഴിൽ അന്വേഷകൻ ഡിജിറ്റൽ പ്ലാറ്റഫോമിൽ രജിസ്റ്റർ ചെയുമ്പോൾ നൽകിയ ഈ-മെയിൽ,പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ചുകൊണ്ട് എപ്പോൾ വേണമെങ്കിലും ഡിഡബ്ല്യൂഎംഎസ് ൽ ലോഗിൻ ചെയ്യാവുന്നതാണ്.

തൊഴിൽ അന്വേഷകന് സ്വന്തം ഡിഡബ്ല്യൂഎംഎസ് പ്രൊഫൈലിൽ Education,Experience, Skills എന്നിവ കൃത്യമായി രേഖപ്പെടുത്തിട്ടിയാൽ, അവർക്ക് അനുയോജ്യമായ തൊഴിലുകൾ ഏതൊക്കെ എന്ന് കണ്ടെത്തുവാൻ സാധിക്കുന്നതാണ് . ജോബ് സെർച്ച് ചെയ്തു താത്പര്യമുള്ള തൊഴിലിനു അപേക്ഷിക്കുക എന്നതും, ഇന്റർവ്യൂവിൽ മികവ് തെളിയികുക എന്നതും അനുയോജ്യമായ തൊഴിലുകൽ കരസ്ഥമാക്കുന്നതിന് പ്രധാനമായ കാര്യങ്ങളാണ്.

DWMS പ്രൊഫൈൽ രജിസ്ട്രേഷൻ:

രജിസ്ട്രേഷൻ സമയത്ത് നേരത്തെ കൊടുത്തിട്ടുള്ള ഇമെയിൽ വിലാസത്തിൽ ലഭിക്കുന്ന ഓ ടി പി സ്ഥിരീകരണത്തിന് ശേഷം,ഡി.ഡബ്ല്യു.എം.എസ്. പ്ലാറ്റ്ഫോമിൽ പ്രൊഫൈൽ വിശദശാംശങ്ങൾ സ്വയം ചേർക്കുന്നതിനുള്ള നിർദേശങ്ങൾ താഴെ പറയുന്നു.

തൊഴിലന്വേഷകന്റെ ഡി.ഡബ്ല്യൂ.എം.എസ്സ് പ്രൊഫൈൽ തയ്യാറാക്കൽ - പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :
തൊഴിലന്വേഷകന്റെ വിവരങ്ങൾ 5 ഉപ വിഭാഗങ്ങളായിട്ടാണ് രേഖപ്പെടുത്തേണ്ടത്. :

ഡിഡബ്ല്യു.എം.എസ്. https://knowledgemission.kerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിലേക്ക് പോകുക.
ആദ്യമായ് ഉപയോഗിക്കുന്നവർ സൈൻ അപ് അല്ലെങ്കിൽ "രജിസ്റ്റർ" ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഇമെയിൽ ഐഡി ഉപയോഗിച് സൈൻ ഇൻ ചെയ്യുകയും ശേഷം മൊബൈൽ നമ്പരിൽ വരുന്ന OTP സ്ഥിരീകരിച്ചു ലോഗിൻ പൂർത്തിയാക്കുക . ഒരിക്കൽ രജിസ്റ്റർ ചെയ്തവർ , രെജിസ്ട്രേഷൻ സമയത്ത് ഉപയോഗിച്ച അതേ ഇമെയിൽ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ചുവേണം ലോഗിൻ ചെയ്യണ്ടത്

തൊഴിലന്വേഷകൻ സ്വന്തംവിവരങ്ങൾ ഡി.ഡബ്ല്യൂ.എം.എസ്സ് പ്രൊഫൈലിൽ ചേർക്കുമ്പോൾ നൂറ് ശതമാനം കൃത്യമാണ് എന്ന് ഉറപ്പ് വരുത്തുക

1. **തൊഴിലന്വേഷകന്റെ പൊതുവിവരങ്ങൾ:** ഡി.ഡബ്ല്യൂ.എം.എസ്സ്ൽ തൊഴിലന്വേഷകന്റെ പൊതുവിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുക .
2. **തൊഴിൽ പരിചയം (എക്സ്പീരിയൻസ്):** ഇവിടെ നിങ്ങളുടെ മുൻ പ്രവൃത്തിപരിചയം വിശദമായി ചേർക്കാം. കമ്പനിയുടെ പേര്, പദവി, തൊഴിൽ പരിചയ കാലാവധി (ആരംഭിച്ച തീയതി, അവസാന തീയതി) വേതനത്തെ പറ്റിയുള്ള വിശദാംശങ്ങൾ എന്നിവ ചേർക്കുക.
3. **നൈപുണ്യം (സ്കിൽ)** : ഇവിടെ തൊഴിലന്വേഷകന്റെ നൈപുണ്യം രേഖപ്പടുത്താൻ സാധിക്കും. ഉദാഹരണത്തിന് (SKILLS) നു നൽകിയിരിക്കുന്ന ടെക്സ്റ്റ് ബോക്സിൽ നിങ്ങളുടെ കഴിവുകൾ ചേർക്കാൻ കഴിയും.: ആശയവിനിമയ വൈദഗ്ധ്യം, പ്രോഗ്രാമിംഗ്, അക്കൗണ്ടിംഗ്, അദ്ധ്യാപനം മുതലായവ ഓരോ നൈപുണ്യവും ചേർത്ത് കഴിഞ്ഞ് എന്റർ കീ അമർത്തുക. ഇവിടെ ഒന്നിലധികം കഴിവുകൾ ചേർക്കാൻ കഴിയും. ഉദ്യോഗാർത്ഥി ഇവിടെ

ചേർത്തിട്ടുള്ള നൈപുണ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അനുയോജ്യമായ തൊഴിലവസരങ്ങൾ ശുപാർശ ചെയ്യുന്നത്.

4. **വിദ്യാഭ്യാസ യോഗ്യത -** ഇവിടെ ഉദ്യോഗാർത്ഥി നേടിയിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയും അനുബന്ധ വിശദാംശങ്ങളും ചേർക്കാം. ഉദ്യോഗാർത്ഥി നേടിയിട്ടുള്ള യോഗ്യത ചേർക്കുമ്പോൾ , അനുബന്ധ മേജർ സ്ട്രീം ചേർക്കണം. ഉദാഹരണത്തിന് ഗ്രാജുവേഷൻ യോഗ്യയെങ്കിൽ അതിന്റെ മേജർ സ്ട്രീം (ബിഎ/ബിടെക്/എംകോം) എന്നിവ ചേർക്കുക. സ്പെഷ്യലൈസേഷൻ മേഖല അതുപോലെ സർട്ടിഫികറ്റിൽ നൽകിയിട്ടുള്ളത് പോലെ തന്നെ ടൈപ്പ് ചെയ്ത് ചേർക്കുക. ഉദാഹരണത്തിന് - സ്പെഷ്യലൈസേഷൻ (ഇക്കണോമിക്സ് / മാത്സ് / മെക്കാനിക്കൽ എഞ്ചിനീയറിംഗ്). യോഗ്യത നൽകിയ , യൂണിവേഴ്സിറ്റി / ബോർഡ്, എന്നിവയുടെ പേരും നേടിയ ആകെ മാർക്കിന്റെ ശതമാനവും, നേടിയ വർഷവും ചേർക്കുക.
5. **തൊഴിൽ മുൻഗണന**: നിങ്ങൾ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന സ്ഥലം ,തൊഴിൽ മേഖല, മുൻഗണന, ഇഷ്ടപ്പെട്ട ഫംഗ്ഷൻ ഏരിയ, ഇഷ്ടപ്പെട്ട റോൾ എന്നിവ ചേർക്കുക.

മറ്റു വിവരങ്ങൾ :

- നേരത്തെ എർപ്പെട്ടിരുന്ന തൊഴിലിൽ തുടരാനാകാതെ വന്നിട്ടുണ്ടെങ്കിൽ (കരിയർ ബ്രേക്ക്) സംഭവിച്ചിട്ടുണ്ടോയെന്ന് രേഖപെടുത്തണം.
- 'പ്രൊഫൈൽ അബ്സ്ട്രാക്ഷൻ' എന്നത് അനുയോജ്യമായ തൊഴിലുകൾ ശുപാർശ ചെയ്യുന്നതിനായുള്ള തൊഴിലന്വേഷകന്റെ വൈദഗ്ധ്യങ്ങൾ, വിദ്യാഭ്യാസം, പ്രവർത്തിപരിചയം എന്നിവയുടെ സംഗ്രഹമാണ്.



സ്ക്രീനിന്റെ ഇടത് ഭാഗത്തു കൊടുത്തിട്ടുള്ള ഡാഷ്ബോർഡ് സെക്ഷനിൽ ക്ലിക്ക് ചെയ്ത് ഇവിടെ നൽകിയ വിവരങ്ങൾ എപ്പോൾ വേണമെങ്കിലും അപ്ഡേറ്റ് ചെയ്യുവുന്നതാണ് .

ഭാഗം 1.1: തൊഴിലന്വേഷകന്റെ പൊതു വിവരങ്ങൾ നൽകുക:

അനിവാര്യമായ വിവരങ്ങൾ (*)- സൂചിപ്പിക്കുന്നവ ഫീൽഡുകൾ നിർബന്ധമായും പൂരിപ്പിക്കുക.

ഫസ്റ്റ് നെയിം: നിങ്ങളുടെ പേര് നൽകുക (ഉദാ., ബാബു).

ലാസ്റ്റ് നെയിം: നിങ്ങളുടെ പൂർണ്ണ നാമം അല്ലെങ്കിൽ വീട്ടുപേര് നൽകുക

ഇമെയിൽ: ഉദ്യോഗാർത്ഥി സ്ഥിരമായി ഉപയോഗിക്കുന്ന ഒരു ഇമെയിൽ വിലാസം നൽകുക (ഉദാ., rishu@gmail.co.in).

ഇന്ത്യൻ മൊബൈൽ നമ്പർ: നിങ്ങളുടെ മൊബൈൽ നമ്പർ നൽകുക

ലിംഗഭേദം: ഡ്രോപ്ഡൗൺ മെനുവിൽ നിന്നു നിങ്ങളുടെ ലിംഗഭേദം തിരഞ്ഞെടുക്കുക (ഉദാ., പുരുഷൻ,സ്ത്രീ ,ട്രാൻസ്ജെൻഡർ).

ജനന തീയതി: നിങ്ങളുടെ ജനന തീയതി dd/mm/yyyy രൂപത്തിൽ നൽകുക (ഉദാ., 31/10/1988).

വൈവാഹിക സ്ഥിതിവിവരം: ഡ്രോപ്ഡൗൺ മെനുവിൽ നിന്ന് തിരഞ്ഞെടുക്കുക (ഉദാ., വിവാഹിതൻ).

ഭിന്നശേഷി സ്ഥിതിവിവരം?: ഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്ക് വ്യവസ്ഥകൾക്കനുസൃതമായി ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെട്ട വിവരം



നൽകുക (ഉദാ., ഇല്ല, അന്ധത, ബധിരത, മൂകത, അസ്ഥിഭംഗം ഉണ്ടെങ്കിൽ അത് നിശ്ചിത മെഡിക്കൽ ബോർഡിൽ നിന്നും സർട്ടിഫിക്കറ്റ് രേഖയിലുള്ളതുപോലെ ചേർക്കുക).

വിഭാഗം (ക്യാറ്റഗറി) - : ലഭ്യമായ ഓപ്ഷനുകളിൽ നിന്ന് ആവശ്യമെങ്കിൽ വിഭാഗം തിരഞ്ഞെടുക്കുക (ഉദാ. എസ്. സി./എസ്. ടി. / ഫിഷർമെൻ എന്നിവ).

വിലാസം:
നിങ്ങളുടെ വിലാസം സംബന്ധിച്ച വിശദാംശങ്ങൾ നൽകുക:

ജില്ല: ഡ്രോപ്ഡൗൺ മെനുവിൽ നിന്ന് നിങ്ങളുടെ ജില്ല തിരഞ്ഞെടുക്കുക (ഉദാ. പത്തനംതിട്ട).

തദ്ദേശ സ്ഥാപനങ്ങളുടെ സ്ഥാപന തരം: തരം തിരഞ്ഞെടുക്കുക (ഉദാ. കോർപ്പറേഷൻ, മുൻസിപ്പാലിറ്റി,ഗ്രാമപഞ്ചായത്ത്). . (ഉദാ.കായംകുളം മുനിസിപ്പാലിറ്റി)

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് : നിങ്ങളുടെ പ്രാദേശിക തദ്ദേശ സ്ഥാപനങ്ങളുടെ പേര് തിരഞ്ഞെടുക്കുക (ഉദാ., .കായംകുളം).

തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക വാർഡ്: നിങ്ങളുടെ വാർഡിന്റെ പേര് നൽകുക (ഉദാ., കാക്കനാട്).

പിൻകോഡ്: നിങ്ങളുടെ പ്രദേശത്തെ പിൻകോഡ് നൽകുക (ഉദാ., 690502.).

കേരള വിലാസം: നിങ്ങളുടെ പൂർണ്ണ വിലാസം നൽകുക (ഉദാ., റാന്നി ഹൗസ്).

ഭാഗം 1.2: മുൻ തൊഴിൽ പരിചയ വിശദാംശങ്ങൾ ഡി.ഡബ്ല്യൂ.എം.എസി ൽ രേഖപ്പെടുത്തുക:

നിങ്ങളുടെ മുൻ തൊഴിൽ പ്രവൃത്തിപരിചയ വിശദാംശങ്ങൾ നൽകുക:

ജോലിയിലെ മുൻതൊഴിൽ പരിചയ എക്സ്പീരയൻസ്ട് ,അല്ലെങ്കിൽ ഫ്രഷർ തെഞ്ഞെടുക്കുക.
മുൻതൊഴിൽ പരിചയത്തിന്റെ ആകെ കാലാവധി വർഷങ്ങൾ, മാസങ്ങൾ എന്ന രീതിയിൽ നൽകുക. നിങ്ങൾ ജോലി ചെയ്ത ആകെ വർഷങ്ങളുടെ എണ്ണം നൽകുക ,മാസങ്ങൾ എന്നിവ ചേർക്കുക.

ഭാഗം 1.3:തൊഴിൽ പരിചയ വിശദാംശങ്ങൾ ഡി.ഡബ്ല്യൂ.എം.എസിൽ രേഖപ്പെടുത്തുക - ചേർക്കുക/തിരുത്തുക



10

നിങ്ങളുടെ മുൻ പ്രവൃത്തിപരിചയത്തിൽ സ്ഥാപനത്തിന്റെ പേര്, പദവി, ആരംഭിച്ച തീയതി, അവസാന തീയതി, പ്രതിഫലത്തെ പറ്റിയുള്ള വിശദാംശങ്ങൾ എന്നിവ ചേർക്കാം .

സ്ഥാപനത്തിന്റെ വിശദാംശങ്ങൾ നൽകുക .നിങ്ങൾ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ പേര് നൽകുക.

ഇപ്പോഴും അതേ സ്വാപനത്തിൽ തന്നെ തുടരുകയാണെങ്കിൽ അതെ **അല്ലെങ്കിൽ** ഇല്ല എന്നത് തെരഞ്ഞെടുക്കുക..

പദവി നിങ്ങളുടെ പദവി അതായത് തസ്തികയുടെ പേര്, വ്യക്തമാക്കുക.

തൊഴിൽ കാലയളവ് നൽകുക: തൊഴിൽ പരിചയ കാലയളവ് രേഖപ്പെടുത്തുന്നതിന് തൊഴിൽ ആരംഭിച്ച തീയതി: തീയതി തിയ്യതി /മാസം / വർഷം. (dd/mm/yyyy)രൂപത്തിൽ നൽകുക.അവസാന തീയതി: (ഇപ്പോൾ ജോലി ചെയ്യുകയാണെങ്കിൽ ഇത് ശൂന്യമാക്കുക).

നിലവിലെ **മാസവേതനം**: നിങ്ങളുടെ മാസവേതനം വ്യക്തമാക്കുക.
ഇപ്പോൾ ജോലിചെയ്യുന്ന സ്ഥാപനത്തിൽ **നോട്ടിസ് കാലയളവ്**: ഡ്രോപ്ഡൗൺ മെനുവിൽ നിന്ന് യോജിച്ച നോട്ടിസ് കാലയളവ് തെഞ്ഞെടുക്കുക.



11

ഭാഗം 1.4: നൈപുണ്യങ്ങൾ : നൈപുണ്യ മേഖലയുടെ സൂചനകൾ ഡി.ഡബ്ല്യൂ.എം.എസിൽ നൽകുക .



തൊഴിലിൽ ഏർപ്പെടുന്നതിനാവശ്യമായ നൈപുണ്യം(Skills) തൊഴിൽ. കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആവശ്യമായ ഉപ-നൈപുണ്യങ്ങൾ എന്നിവ ഇവിടെ നൽകാം. ഓരോ നൈപുണ്യവും ടൈപ്പ് ചെയ്ത ശേഷം "ENTER" കീ അമർത്തി അത് നിങ്ങളുടെ പ്രൊഫൈലിൽ ചേർക്കുക.

ഭാഗം 1.5: വിദ്യാഭ്യാസ യോഗ്യത :

വിദാഭ്യാസ യോഗ്യത വിശദാംശങ്ങൾ ഡി.ഡബ്ല്യൂ.എം.എസിൽ നൽകുക: ഉദ്യോഗാർത്ഥിയുടെ അടിസ്ഥാന വിദാഭ്യാസ യോഗ്യത തിരഞ്ഞെടുക്കുക (ഉദാ., പന്ത്രണ്ട് /വി.എച്ച്.എസ്.ഇ, ,ഡിപ്ലോമ, ഡിഗ്രി, പോസ്റ്റ് ഗ്രേഡുയേഷൻ) .പൂർത്തിയാക്കൽ സ്ഥിതി യോഗ്യത നേടിയോ അതോ തുടരുകയാണോ എന്ന് (കംപ്ലീഷൻ സ്റ്റാസ്റ്റസിൽ) വ്യക്തമാക്കുക

12





യോഗ്യതാ നേടിയ വിഷയം ഏത് വിഷയത്തിലാണ് വിദ്യാഭ്യാസ യോഗ്യത നേടിയത് എന്നത് സർട്ടിഫിക്കറ്റുകൾ വേരിഫൈ ചെയ്ത് രേഖപ്പെടുത്തുക,ജോലിക്ക് ആവശ്യമായ സർട്ടിഫിക്കേഷനുകൾ നിങ്ങളുടെ പക്കലുണ്ടോ എന്ന് തൊഴിലുടമകൾ നോക്കും . വിദ്യാഭ്യാസ സ്പെഷ്യലൈസേഷൻ (ഉദാഹരണം - വിദ്യാഭ്യാസ യോഗ്യത പോസ്റ്റ് ഗ്രേഡുയേഷൻ , മേജർ സ്ട്രീം എംഎസ്ഡബ്ല്യു, സൈക്യാട്രിയിൽ സ്പെഷ്യലൈസേഷൻ) വിഷയം അല്ലെങ്കിൽ പ്രൊഫഷണൽ വിഷയ വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യുക.

സ്ഥാപന വിശദാംശങ്ങൾ നൽകുക: സർവകലാശാല വിദ്യാലയം/സ്ഥാപനം/ബോർഡ്: നിങ്ങളുടെ സർവകലാശാല, സ്ഥാപനം, അല്ലെങ്കിൽ ബോർഡിന്റെ പേര് നൽകുക.

മാർക്കുകളുടെ ശതമാനം: ലഭിച്ച മാർക്കുകളുടെ ശതമാനം നൽകുക.

പാസായ വർഷം: യോഗ്യത പാസായ വർഷം നൽകുക.

ഭാഗം 1.6: തൊഴിൽ മുൻഗണന

നിങ്ങൾക്ക് ഏതൊക്കെ മേഖലകളിലാണ് താൽപര്യമുള്ളതെന്നും, ഏതൊക്കെ ജോലികളാണ് നിങ്ങൾക്ക് ആസ്വാദ്യകരവും ആവേശകരവുമായി തോന്നുന്നതെന്നും സ്വയം വിലയിരുത്തുക .നിങ്ങൾ ജോലി ചെയ്യാനാഗ്രഹിക്കുന്ന സ്ഥലം , വ്യവസായം , തൊഴിൽ മേഖല (ഫംഗ്ഷൻ ഏരിയ),ഇഷ്ടപ്പെട്ട റോൾ,എന്നീ മുൻഗണനകൾ രേഖപ്പെടുത്താവുന്നതാണ്.

തൊഴിൽ ചെയ്യാൻ താത്പര്യമുള്ള സ്ഥലങ്ങൾ:താത്പര്യമുള്ള സ്ഥലങ്ങൾ: ഡ്രോപ്ഡൗൺ മെനുവിൽ നിന്ന് താത്പര്യമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുക.

പ്രവാസി / നോൺ-റെസിഡന്റ് കേരളയിയൻ ആണോ ?: അതെ അല്ലെങ്കിൽ/ അല്ല തെരഞ്ഞെടുക്കുക.

തൊഴിൽ ചെയ്യാൻ താത്പര്യമുള്ള വ്യവസായ മേഖല, ഇഷ്ട വ്യവസായം തെരഞ്ഞെടുക്കുക:പരമാവധി രണ്ട് പ്രവർത്തന മേഖലകൾ തെരഞ്ഞെടുക്കുക.

തൊഴിൽ ചെയ്യാൻ താത്പര്യമുള്ള പ്രവർത്തന മേഖല:പരമാവധി രണ്ട് പ്രവർത്തന മേഖല തെരഞ്ഞെടുക്കുക,

തൊഴിൽ ചെയ്യാനാഗ്രഹിക്കുന്ന ഇഷ്ടപ്പെട്ട പദവി തിരഞ്ഞെടുക്കുക: പരമാവധി രണ്ട് താത്പര്യമുള്ള പദവികൾ തെഞ്ഞെടുക്കുക.

തൊഴിൽ ചെയ്യാൻ താത്പര്യമുള്ള ജോലി പങ്കാളിത്ത രീതി :താത്പര്യമുള്ള തൊഴിൽ പങ്കാളിത്തം തിരഞ്ഞെടുക്കുക: ഫുൾ-ടൈം, പാർട്ട്-ടൈം, അല്ലെങ്കിൽ ഫ്രീലാൻസ് എന്നത് രേഖപ്പെടുത്തുക..

കരിയർ ബ്രേക്ക്: 6 മാസത്തിലധികം കരിയർ ബ്രേക്ക് എടുത്തിട്ടുണ്ടോ?: അതെ അല്ലെങ്കിൽ ഇല്ല തെരഞ്ഞെടുക്കുക. കരിയർ ബ്രേക്ക് ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് ഇവിടെ വ്യക്തമാക്കുക. (ഉദാഹരണത്തിന് ചില പ്രത്യേക സന്ദർഭങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയോ, കുട്ടികളെ വളർത്താൽ വേണ്ടി വീട്ടിൽ നിന്ന് വിട്ടുനിൽക്കാൻ പറ്റാതെ സാഹചര്യം വരികയോ ചെയ്താൽ കരിയർ ബ്രേക്ക് സംഭാവിക്കാം, ചില സ്ഥാപനങ്ങൾ കരിയർ ബ്രേക്ക് നിയമനത്തിൽ ന്യായമായ കാരണത്താൽ കരിയർ ബ്രേക്ക് സംഭവിച്ച സ്ത്രീകൾക്ക് മുൻഗണന നൽകും).

കരിയർ ബ്രേക്കിന് കാരണങ്ങൾ (ഐച്ഛികം): നിങ്ങളുടെ ബ്രേക്കിന്റെ കാരണം വ്യക്തമാക്കുക (ഉദാ., ഞാൻ കഴിഞ്ഞ വർഷമായി ഏതു റോളിൽ പ്രവർത്തിക്കുന്നു, ഇപ്പോൾ എന്തെല്ലാം കാര്യങ്ങളിൽ പ്രവർത്തിക്കുന്നു).



15

നൽകുന്ന എല്ലാ വിവരങ്ങളും നൂറുശതമാനം കൃത്യമായിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രം പ്രൊഫൈൽ സമർപ്പിക്കുക..നിങ്ങൾ തയ്യറാക്കിയ പ്രൊഫൈലിനെ അടിസ്ഥാനമാക്കി ജോലികളുടെ ലിസ്റ്റ് നിങ്ങൾക്കു ദൃശ്യമാക്കുന്നു .നിങ്ങൾക്ക് താൽപര്യമുള്ള ജോലിക്ക് അപേക്ഷിക്കാൻ ശ്രമിക്കുക .

പ്രൊഫൈലിൽ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് സഹായകരമായ തരത്തിൽ വളരെ വിശദമായി തന്നെ കേരള നോളജ് മിഷന്റെ -Kerala Knowledge Mission-എന്ന യൂട്യൂബ് ചാനെലിൽ 5 ഭാഗങ്ങളായി DWMS പ്ലാറ്റ്ഫോമിനെക്കുറിച്ച് വീഡിയോ വീഡിയോയിൽ വിശദീകരിക്കുന്നുണ്ട് ഫുൾ വീഡിയോ -Kerala Knowledge Mission-എന്ന യൂട്യൂബ് ചാനെലിൽ ലഭ്യമാണ്. 'How to register on Knowledge Economy Mission, DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാം' Watch full video എന്ന് ടൈപ്പ് ചെയ്യാം ലിങ്ക്: How to register on Knowledge Economy Mission, DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ...

16

ഭാഗം 1 - അഭ്യസന ലക്ഷ്യങ്ങളും, പഠന ഫലങ്ങളും (Learning Goals and Outcomes)

നോളജ് ഇക്കണോമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ എങ്ങിനെ രജിസ്റ്റർ ചെയ്യാം? അഭ്യസന ലക്ഷ്യങ്ങൾ- (ഭാഗം 1) ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ വിവരങ്ങൾ രേഖപ്പെടുത്തൽ	
1	തൊഴിലന്വേഷകന്റെ പൊതുവിവരങ്ങൾ ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ രേഖപ്പെടുത്തുക
2	മുൻ തൊഴിൽ പരിചയ വിശദാംശങ്ങൾ ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ രേഖപ്പെടുത്തുക
3	നൈപുണ്യങ്ങൾ ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ രേഖപ്പെടുത്തുക
4	വിദ്യാഭ്യാസ യോഗ്യത - ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ ചേർക്കുക/തിരുത്തുക
5	തൊഴിൽ മുൻഗണനാ ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ രേഖപ്പെടുത്തുക

(ഭാഗം 1) ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ വിവരങ്ങൾ രേഖപ്പെടുത്തൽ അഭ്യസ്തലക്ഷ്യങ്ങൾക്കനുസരിച്ച് പരിശീലനത്തിലെ ഫലപ്രാപ്തി പരിശോധന	
1	തൊഴിലന്വേഷകന്റെ എല്ലാ അടിസ്ഥാന വിവരങ്ങളും (പേര്, വയസ്സ്, ഐഡന്റിഫിക്കേഷൻ, ബന്ധപ്പെടാനുള്ള വിവരങ്ങൾ) ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ പ്രോഫൈലിൽ പൂർണ്ണമായി അപ്ഡേറ്റ് ചെയ്യപ്പെട്ടിരിക്കും.
2	എല്ലാ മുൻ തൊഴിൽ പരിചയ വിശദാംശങ്ങൾ (ജോലി ശീർഷകം, കമ്പനി പേര്, പ്രവൃത്തി കാലം) ശരിയായി ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ പ്രോഫൈലിൽ രേഖപ്പെടുത്തപ്പെട്ടിരിക്കും.
3	തൊഴിലന്വേഷകന്റെ പ്രാഥമിക നൈപുണ്യങ്ങൾ (പൊതുവായോ/പ്രവൃത്തിപരമായോ) , ശരിയായി ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ പ്രോഫൈലിൽ രേഖപ്പെടുത്തപ്പെട്ടിരിക്കും.

4	തൊഴിലന്വേഷകന്റെ വിദ്യാഭ്യാസ യോഗ്യതകൾ പൂർണ്ണമായും (, ഇൻസ്റ്റിറ്റ്യൂട്ട്, പാസ്സിംഗ് വർഷം) അപ്ഡേറ്റ് ചെയ്യപ്പെട്ടിരിക്കുമെന്നും, ഡി.ഡബ്ല്യൂ.എം.എസ്സ് പ്രോഫൈലിൽ ശരിയായി രേഖപ്പെടുത്തിയിരിക്കുമെന്നും ഉറപ്പാക്കും.
5	തൊഴിലന്വേഷകന്റെ തൊഴിലിന്റെ മുൻഗണന ക്രമീകരണങ്ങൾ (വ്യവസായം, സ്ഥലം, ജോലി ശൈലി) DWMS-ൽ രേഖപ്പെടുത്തപ്പെട്ടിരിക്കുമെന്നും അവയ്ക്ക് അനുയോജ്യമായ അവസരങ്ങൾ ലഭ്യമാക്കുമെന്നും ഉറപ്പാക്കും.

സാക്ഷ്യപ്പെടുത്തൽ:

നോളജ് ഇക്കണോമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ എങ്ങിനെ രജിസ്റ്റർ ചെയ്യാം എന്ന പരിശീലനത്തിന്റെ ഭാഗമായി തൊഴിലന്വേഷകന്റെ പൊതുവിവരങ്ങൾ DWMS ൽ വിജയകരമായി സ്വയം രേഖപ്പെടുത്തുക ,തൊഴിൽ അന്വേഷകന് സ്വന്തം DWMS പ്രൊഫൈലിൽ രേഖപ്പെടുത്തുക എന്ന പ്രക്രിയയുടെ പ്രധാന്യം ഞാൻ സമ്പൂർണമായി മനസിലാക്കുന്നു .	
പരിശീലനത്തിലെ പ്രകടനം വിലയിരുത്തുന്നതിന്റെ ഭാഗമായി നടത്തിയ അവലോകനത്തിന്റെ ഫലപ്രാപ്തി പരിശോധിച്ചു റിപ്പോർട്ട് ചെയ്യുന്നു	
പേര്,ഒപ്പ് ,തീയതി :	
ജോലി :	
ഇമെയിൽ ഐഡി :	
വാട്ട്സ്ആപ്പ് നംബർ :	
DWMS ID :	
പ്രതിനിധാനം ചെയുന്ന ജില്ലാ :	
പ്രതിനിധാനം ചെയുന്ന LSGD യൂണിറ്റ് :	

പ്രതികരണങ്ങളും നിർദ്ദേശങ്ങളും:

18

(ഭാഗം 2)

തൊഴിൽ കണ്ടെത്തലും അപേക്ഷ സമർപ്പിക്കലും

തൊഴിലന്വേഷകൻ DWMS പ്ലാറ്റ്ഫോമിൽ തന്റെ പ്രൊഫൈൽ വിവരങ്ങൾ കൃത്യമായും പൂർണ്ണമായും നൽകിക്കഴിഞ്ഞാൽ അടുത്തഘട്ടം ജോലിക്കുവേണ്ടി അപേക്ഷ സമർപ്പിക്കലാണ്. DWMS പ്ലാറ്റ്ഫോമിൽ ലഭ്യമായ തൊഴിലവസരങ്ങൾ പരിശോധിച്ച്, തനിക്ക് അനുയോജ്യമായ ജോലിക്ക് വേണ്ടി അപേക്ഷ സമർപ്പിക്കാനുള്ള നടപടിക്രമങ്ങളാണ് ഈ ഭാഗത്തു വിശദീകരിക്കുന്നത്.

പ്ലസ്ടു, ഐടിഐ, ഡിപ്ലോമ, ഗ്രാഡ്വേറ്റ്, പ്രൊഫഷണൽ (എഞ്ചിനീയറിങ്, നഴ്സിങ്, മെഡിക്കൽ, അഗ്രികൾച്ചർ തുടങ്ങിയവ) എന്നിങ്ങനെ വിവിധ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള വിവിധങ്ങളായ തൊഴിലവസരങ്ങൾ DWMS-ൽ ലഭ്യമാണ്.

തൊഴിലന്വേഷകന് തൊഴിലവസരങ്ങൾ തുറന്നു കാട്ടുന്നതിന് മെഗാ ജോബ് ഫെയറുകളും ജോബ് ഡ്രൈവുകളും നടത്തപ്പെടുന്നു. ഇങ്ങനെ, അഭിമുഖത്തിനുശേഷം അർഹരായവരെ ജോലിയിൽ പ്രവേശിപ്പിക്കാനും ഷോർട്ലിസ്റ്റ് ചെയ്തവരെ തുടർന്ന് ഇന്റർവ്യൂവിന് എത്തിക്കാനും ജോബ്സ്റ്റേഷൻ മുഖാന്തരം സൗകര്യം ഒരുക്കുന്നു.

ഭാഗം 2.1 : ഡി.ഡബ്ല്യൂ.എം.എസിൽ ലഭ്യമായ തൊഴിലവസരങ്ങൾ എവിടെ കാണാം?



Direct Job Openings എന്ന തലക്കെട്ടിന്റെ കീഴിൽ കാണുന്ന VIEW ALL JOBS ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ അടുത്ത Tab-ൽ അനുയോജ്യമായ തൊഴിലുകളുടെ പട്ടിക കാണാവുന്നതാണ്.

ഭാഗം 2.2 : ഡി.ഡബ്ല്യൂ.എം.എസിൽ തൊഴിലവസരങ്ങൾ എങ്ങനെ കണ്ടെത്താം ?

സെർച്ച് ബട്ടൺ :ഡി.ഡബ്ല്യൂ.എം.എസിൽ താല്പര്യമുള്ള തൊഴിലുകൾ തിരയുന്നതിനായി Search ബട്ടൺ ലഭ്യമാക്കിയിട്ടുണ്ട്.



തൊഴിലിന്റെ പേരോ,ഒഴിവിന്റെ ജോബ് ഐഡിയോ നൽകിയാൽ ബന്ധപ്പെട്ട തൊഴിലിന്റെ വിശദാംശങ്ങൾ കാണാൻ സാധിക്കും.

20

ഡി.ഡബ്ല്യു.എം.എസിൽ ലഭ്യമായ തൊഴിലുകൾ തരംതിരിച്ചു (ഫിൽറ്റർ) എങ്ങനെ കണ്ടെത്താം

സെർച്ച് ബട്ടണിനോട് ചേർന്ന് നൽകിയിരിക്കുന്ന ഫിൽറ്റർ ബട്ടൺ ക്ലിക്ക് ചെയ്താൽ, തൊഴിൽമേഖല, തൊഴിലിന്റെ തരം,

, തൊഴിൽ സ്ഥലം, ആവശ്യമായ നൈപുണ്യം,തൊഴിൽ പരിചയ വിശദാംശങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ലഭ്യമായ തൊഴിലുകൾ തരംതിരിച്ചു കാണാൻ സാധിക്കും.



തൊഴിലിന്റെ തരം (ജോബ് ടൈപ്പ്) : ഫുൾ ടൈം , പാർട്ട് ടൈം , കോൺട്രാക്ട് , ഫ്രീലാൻസ് , ഓൺ ഡിമാൻഡ് , വർക്ക് ഫ്രം ഹോം തുടങ്ങിയവയാണ് വിവിധതരം തൊഴിലുകൾ.

തൊഴിൽ സ്ഥലം (ലൊക്കേഷൻ) : ജില്ലകളുടെയും സംസ്ഥാനങ്ങളുടെയും പേരുകൾ നൽകിയാൽ അതനുസരിച്ചുള്ള തൊഴിലുകൾ ലിസ്റ്റ് ചെയ്യപ്പെടും.

തൊഴിൽ പരിചയ വിശദാംശങ്ങൾ (എക്സ്പീരിയൻസ്) : തൊഴിൽ പരിചയ വിശദാംശങ്ങൾ 0-1, 1-2, 2-3 എന്ന രീതിയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇത് സെലക്ട് ചെയ്തു അപ്ലൈ ബട്ടൺ ക്ലിക്ക് ചെയ്താൽ , നൽകിയ തൊഴിൽപരിചയത്തിനു അനുയോജ്യമായ തൊഴിലുകൾ ലിസ്റ്റ് ചെയ്യപ്പെടും.

ഭാഗം 2.3 : ഡി.ഡബ്ല്യു.എം.എസിൽ തൊഴിലൊഴിവിലേക്ക് അപേക്ഷ സമർപ്പിക്കൽ

Quick Apply ബട്ടൺ ക്ലിക്ക് ചെയ്തു തൊഴിലിനെ കുറിച്ചുള്ള വിവരങ്ങൾ ഒറ്റ ക്ലിക്കിൽ ലഭ്യമാകും.



ഇതിലൂടെ തൊഴിലുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കാണാൻ സാധിക്കും. പ്രതിമാസ ശമ്പളം , തൊഴിൽ സ്ഥലം , ആവശ്യമായതൊഴിൽപരിചയം, പ്രായപരിധി മുതലായ വിവരങ്ങൾ തൊഴിലന്വേഷകന് കാണാൻ സാധിക്കും.





22

ജോലി ലിസ്റ്റിംഗിന്റെ (ജോബ് ഡിസ്ക്രിപ്ഷൻ) നിങ്ങളുടെ വിദ്യാഭ്യാസ ചരിത്രം, തൊഴിൽപരിചയം, യോഗ്യതകൾ, കഴിവുകൾ എന്നിവ ജോബ് ഡിസ്ക്രിപ്ഷനു കീഴിൽ ലിസ്റ്റുചെയ്തിട്ടിട്ടുണ്ട് .ഈ കാര്യങ്ങൾ തോഴിൽ ദായകന്റെ ആവശ്യകതകകളാണ് . ഈ പ്രസക്തമായ വിശദാംശങ്ങളും അനുസരിച്ച് ,അതുണ്ടെന്നു ഉറപ്പാക്കുക, ഇതിന് ശേഷം Apply ബട്ടൺ ക്ലിക്ക് ചെയ്തു തൊഴിലേക്കു അപേക്ഷ സമർപ്പിക്കാവുന്നതാണ്.



തൊഴിലൊഴിവിലേക്ക് അപേക്ഷ സമർപ്പിച്ചു കഴിയുമ്പോൾ തന്നെ അപേക്ഷിക്കപ്പെട്ട തൊഴിൽ, തൊഴിൽ ദായകൻ , തൊഴിലന്വേഷകന്റെ ഐഡി എന്നിവ അടങ്ങിയ വിവരങ്ങൾ ഇമെയിലിലൂടെ തൊഴിലന്വേഷകന് ലഭിക്കും.





ഭാഗം 2.4 : ഡി.ഡബ്ല്യൂ.എം.എസിൽ അപേക്ഷ സമർപ്പിക്കപ്പെട്ട തൊഴിലുകൾ (അപ്ലൈഡ് ജോബ്സ്)

ഒരു തൊഴിലന്വേഷകന്, താൻ അപേക്ഷിച്ചിട്ടുള്ള തൊഴിലുകളുടെ വിവരങ്ങൾ അപ്ലൈഡ് ജോബ്സ് എന്ന ബട്ടൺ ക്ലിക്ക് ചെയ്യുന്നതിലൂടെ കാണാൻ സാധിക്കും.





ഇങ്ങനെ കാണുന്ന പട്ടികയിൽ മുമ്പ് നൽകിയിട്ടുള്ള അപേക്ഷയുടെ ഇപ്പോഴത്തെ സ്ഥിതിയും അതാത് തൊഴിലിനോടൊപ്പം കാണാൻ സാധിക്കും.

സേവ്ഡ് ജോബ്സ്

അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടിയോ പിന്നീട് അതേ തൊഴിൽ വിശദാംശങ്ങൾ കാണുന്നതിനോ തിരഞ്ഞെടുക്കാനോ ഉള്ള സൗകര്യമാണ് സേവ്ഡ് ജോബ്സിൽ ലഭ്യമാക്കിയിട്ടുള്ളത്.

ഭാഗം 2.5 : ഡി.ഡബ്ല്യൂ.എം.എസിൽ തൊഴിലൊഴിവിലേക്ക് അപേക്ഷസമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട മറ്റു സൗകര്യങ്ങൾ

1. *Recommended Jobs*

   രജിസ്റ്റർ ചെയ്യുമ്പോൾ തൊഴിലന്വേഷകന്റെ പ്രൊഫൈലിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, എ ഐ അനുയോജ്യമായ തൊഴിലുകൾ ശുപാർശ ചെയ്യുന്ന ജോലികൾ റെക്കമെൻഡഡ് ജോബ്സ് ടാബിന് കീഴിൽ കാണാവുന്നതാണ്.

2. *Job Fair*

   തൊഴിൽ മേളയിൽ പങ്കെടുക്കാൻ www.knowledgemission.kerala.gov.in, dwms connect ആപ്പ് വഴിയുള്ള രെജിസ്ട്രേഷൻ , ജോബ് സെർച്ച് , ജോബ് അപ്ലിക്കേഷൻ നടപടികൾ പൂർത്തീകരിക്കണം.ഓരോ ദിവസവും നടത്തപ്പെടുന്ന ജോബ്ഫെയറുകളും അതിലേക്കു പങ്കെടുക്കുന്ന കമ്പനികളുടെയും തൊഴിലുകളുടെയും വിവരങ്ങളും ജോബ് ഫെയർ കലണ്ടറിലൂടെ കാണാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ജോബ് സ്റ്റേഷൻ ഓഫീസറുമായ ബന്ധപ്പെടേണ്ടതാണ് .





25



ഫെബ്രുവരി മാസത്തിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന തൊഴിൽ മേളയാണ് ചിത്രത്തിൽ കാണുന്നത്.

3. RTD (Recruit Train and Deploy) റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് മോഡൽ.

ഓഫർ ലെറ്റർ നൽകി തൊഴിലിലേക്കു പ്രവേശിക്കുക എന്ന പരമ്പരാഗത സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി, ഒരു ട്രെയിനിങ് വിജയകരമായി പൂർത്തീകരിക്കുന്നതുവരെ കണ്ടിഷണൽ ഓഫർ ലെറ്ററും ശേഷം തൊഴിലിലേക്കുള്ള റിക്രൂട്ട് ചെയ്ത് ഓഫർ ലെറ്ററും നൽകി വിന്യസിക്കുക എന്ന മാതൃകയാണ് റിക്രൂട്ട് ട്രെയിൻ ആൻഡ് ഡിപ്ലോയ് മോഡൽ.

തൊഴിലിന് വേണ്ടി തെരഞ്ഞെടുക്കുക, പരിശീലനം നൽകുക തൊഴിലിലേക്കു നിയോഗിക്കുക എന്ന പുതിയ രീതിയാണ് ആർ.ടി.ഡി മാതൃകയിലൂടെ നൽകുന്നത്. തെരഞ്ഞെടുക്കപെടുന്നവർക്ക് ഉപാധിയോടെ നിയമന ഉത്തരവ് നൽകുകയും, വിജയകരമായ പരിശീന പൂർത്തീകരണത്തിന് ശേഷം, തൊഴിലന്വേഷകനെ തൊഴിലിടത്തിലേക്ക് നിയോഗിക്കുകയുമാണ് ഈ മാതൃകയിലൂടെ നടപ്പാക്കുന്നത്.

ഭാഗം 2.6 : ഡി.ഡബ്ല്യൂ.എം.എസ് തൊഴിൽ പ്ലാറ്റഫോം പങ്കാളികൾ ?

പ്ലാറ്റഫോം പങ്കാളികൾ ലഭ്യമാക്കുന്ന തൊഴിലവസരങ്ങൾ

വളരെ വിപുലമായ സാധ്യതകളിലേക്ക് വാതായനം തുറക്കുന്ന ആകർഷകമായ തൊഴിലവസരങ്ങൾ ഡി.ഡബ്ല്യൂ.എം.എസ് തൊഴിൽ പ്ലാറ്റഫോം പങ്കാളികൾ വഴി കെ കെ ഇ എം ലഭ്യമാക്കുന്നുണ്ട് . ഡി.ഡബ്ല്യൂ.എം.എസ് തൊഴിൽ പ്ലാറ്റഫോം വഴി പ്രാവീണ്യം തെളിയിക്കാനുള്ള സാധ്യതകൾ ഏറെയുണ്ടെങ്കിലും അതിനുമപ്പുറമുള്ള അവസരങ്ങളുടെ ചക്രവാളങ്ങൾ വികസിക്കുന്നുണ്ട് എന്ന് കൂടി തിരിച്ചറിയാനും പ്രധാന സാധ്യതകൾ കണ്ടെത്താനും അതു നേടാനും ഇതു സഹായിക്കുന്നു . .

ലിങ്ക്ഡ്ഇൻ.- പ്ലാറ്റ്ഫോം തൊഴിലവസരങ്ങൾ

തൊഴിൽ ദാതാക്കളായ വ്യവസായങ്ങൾക്കും ഉദ്യോഗാർത്ഥികൾക്കും വേണ്ടിയുള്ള സോഷ്യൽ നെറ്റ് വർക്കിങ് സേവനമാണ് ലിങ്ക്ഡ്ഇൻ.കോർപറേറ്റ് അവസരങ്ങൾ, പ്രൈവറ്റ് മേഖലയിലെ ഒഴിവുകൾ, മറ്റു പുതിയ തൊഴിലവസരങ്ങൾ പര്യവേക്ഷണം ചെയ്യാനും ഉയർന്ന സാങ്കേതിക തൊഴിലുകൾ കൈകാര്യം ചെയ്യുന്ന ആഗോള കമ്പനിയുടെ ഇന്ത്യൻ ഭാഗമായ LinkedIn എന്ന സോഷ്യൽ മീഡിയ പ്ലാറ്റഫോം വഴിയുള്ള തൊഴിലവസരങ്ങൾ ഡി.ഡബ്ല്യൂ.എം.എസിൽ ലഭ്യമാണ്. ലിങ്ക്ഡ്ഇന്നിന്റെ ബൃഹത്തായ തൊഴിൽ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്നതിനും ഏറ്റവും ഫലപ്രദമായ ലിങ്ക്ഡ്ഇനിൽ മികച്ച ഓൺലൈൻ ജോലികളിൽ സ്വന്തമാക്കാനും നിങ്ങൾക്ക് ഒരു ലിങ്ക്ഡ്ഇൻ പ്രൊഫൈൽ ആവശ്യമാണ്.നമ്മുടെ രാജ്യത്ത് പ്രസിദ്ധപ്പെടുത്തുന്ന എല്ലാ തൊഴിലുകളിലേക്കു , DWMS വഴി അപേക്ഷിക്കാം.

വിജ്ഞാനകേരളം ടാബ് , ക്ലിക്ക് ചെയ്താൽ ലിങ്കെടിൻ LinkedIn റ്റാബ് കാണാൻ സാധിക്കും.

27



ലിങ്കെടിനിലെ തൊഴിലവസരങ്ങളിലേക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അപേക്ഷകന് ലിങ്ക്ഡ്ഇൻ പ്രൊഫൈൽ രജിസ്ട്രേഷൻ നിർബന്ധമാണ്.



വിദ്യാഭ്യാസ യോഗ്യതയനുസരിച്ചല്ല ലിങ്കെടിനിൽ തൊഴിലവസരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് എങ്കിലും , ജോബ് ഫങ്ക്ഷൻ , ലോക്കേഷൻ എന്നിവയ്ക്ക് അനുസൃതമായി ഫിൽറ്റർ ഉപയോഗിച്ച് തൊഴിലവസരങ്ങൾ തിരയാം, എന്നാൽ അപേക്ഷ നൽകണമെങ്കിൽ ലിങ്കെടിൻ പ്രൊഫൈലിൽ ലോഗിൻ ചെയ്തു കൊണ്ട് തന്നെ അപേക്ഷ സമർപ്പണം പൂർത്തിയാക്കണം.



നിങ്ങളുടെ വൈദഗ്ധ്യത്തിന് അനുയോജ്യമായ (ജോബ് ഫങ്ക്ഷന്സ്) ജോലി ലിങ്ക്ഡ്ഇൻൽ തിരയുക .ഉദാഹരണം , നിങ്ങൾ ഒരു എഴുത്തുകാരനാണെങ്കിൽ,

(ജോബ് ഫങ്ക്ഷന്സ്) -റൈറ്റിംഗ് ആണ് -ഇതുപോലുള്ള റോളുകൾക്കായി നിങ്ങൾക്ക് പ്രസക്തമായ ജോബ് ഫങ്ക്ഷന്സ് ക്ലിക്ക് ചെയ്തു തിരയാം കോൺടെന്റ് റൈറ്റർ -ഉള്ളടക്ക എഴുത്തുകാരൻ,സോഷ്യൽ മീഡിയ മാനേജർ എന്നീ അനുബന്ധ ജോലികളാണ് ലിസ്റ്റിൽ വരുക .

ഫൗണ്ടിറ്റ് - പ്ലാറ്റ്ഫോം തൊഴിലവസരങ്ങൾ

ഫൗണ്ടിറ്റ് എന്ന് പുനഃനാമകരണം ചെയ്ത ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽദായക പ്ലാറ്റ്ഫോം - മോൺസ്റ്റർ-നെയും DWMS-ൽ കൂട്ടിച്ചേർത്തിട്ടുണ്ട്.വിജ്ഞാനകേരളം ടാബ് , ക്ലിക്ക് ചെയ്താൽ ഫൗണ്ടിറ്റ് റ്റാബ് കാണാൻ സാധിക്കും.

തൊഴിലന്വേഷകന്റെ മൊബൈൽ നമ്പർ ഉപയോഗിച്ച് ഓ.ടി.പി. സ്ഥിരീകരണം നൽകി ഫൗണ്ടിറ്റിൽ രജിസ്റ്റർ ചെയ്യാം. അനിവാര്യമായ വിവരങ്ങൾ (*)- സൂചിപ്പിക്കുന്ന ഫീൽഡുകൾ അനുയോജ്യമായ വിവരങ്ങൾ നൽകി പൂരിപ്പിക്കുക.



പ്രിഫറൻസുകൾ രേഖപ്പെടുത്തി പ്രോഫൈൽ സമർപ്പിക്കുക.



29



Search തെരഞ്ഞെടുക്കൽ



ഇവിടെ നൽകിയിരിക്കുന്ന സെർച്ച് ബാറിൽ തൊഴിലിന്റെ തലക്കെട്ട് നൽകി FIND JOBS ബട്ടൺ അമർത്തിയാൽ ഫൗണ്ടിറ്റ് പ്ലാറ്റഫോമിൽ പോസ്റ്റ് ചെയ്തിരിക്കുന്ന തൊഴിലുകൾ കാണാനും VIEW & APPLY ബട്ടൺ അമർത്തി അപേക്ഷ സമർപ്പിക്കാനും സാധിക്കും.

ഹമാരാ ജോബ്സ് - പ്ലാറ്റ്ഫോം തൊഴിലവസരങ്ങൾ

ഇന്ത്യയിലെ പ്രധാന നഗരങ്ങളിലുടനീളം ലഭ്യമായ തൊഴിൽ ഒഴിവുകളിൽ ജോലി കണ്ടെത്തുക ഹമാരാ ജോബ്സ് എന്ന പ്ലാറ്റ്ഫോം അനായാസമാക്കിയിരിക്കുന്നു. വിജ്ഞാനകേരളം ടാബ് , ക്ലിക്ക് ചെയ്താൽ ഹമാരാ ജോബ്സ് ടാബ് കാണാൻ

30

സാധിക്കും. നഗരത്തെ അടിസ്ഥാനമാക്കിയോ - (ബെംഗളൂരു, ചെന്നൈ, ഡൽഹി, മുംബൈ) അല്ലെങ്കിൽ റോൾ അടിസ്ഥാനമാക്കിയോ തൊഴിലവസരങ്ങൾ ഫിൽട്ടർ ചെയ്യാൻ സഹായിക്കുന്നു. നൈപുണ്യ പരിശോധനകൾ നടത്തി, പ്രീ-സ്ക്രീനിംഗ് നടത്തിയിട്ടായിരിക്കും ഹമാരാ ജോബ്സ് ഇന്റർവ്യൂവിന് അവസരങ്ങൾ നൽകുക .



അപ്ലൈ ബട്ടൺ ക്ലിക്ക് ചെയ്താൽ ഡിജിറ്റൽ ഇന്റർവ്യൂ വഴി നൈപുണ്യ പരിശോധനകൾ നടത്തി, പ്രീ-സ്ക്രീനിംഗ് നടത്തിയിട്ടായിരിക്കും ഹമാരാ ജോബ്സ് ഇന്റർവ്യൂവിന് അവസരങ്ങൾ നൽകുക .അനിവാര്യമായ വിവരങ്ങൾ ആവശ്യപെടുമ്പോൾ അനുയോജ്യമായ വിവരങ്ങൾ നൽകി പൂരിപ്പിക്കുക





31

ഭാഗം 2.- പഠന ലക്ഷ്യങ്ങളും, പഠന ഫലങ്ങളും (Learning Goals and Learning Outcomes): നോളജ് ഇക്കണോമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ എങ്ങനെ തൊഴിലേക്കു അപേക്ഷിക്കാം ?

പ്ലാറ്റ്ഫോം അറിവ് (Platform Familiarity):	
1	DWMS പ്ലാറ്റ്ഫോമിന്റെ അടിസ്ഥാന ഘടകങ്ങൾ മനസിലാക്കുക.
2	തൊഴിൽ തിരയുന്നതിനും അപേക്ഷിക്കുന്നതിനും ആവശ്യമായ ടൂൾസും ഓപ്ഷനുകളും ഉപയോഗിക്കാൻ അഭ്യസ്തത നേടുക.
തൊഴിൽ ലിസ്റ്റിംഗും വിവരവും (Job Listing & Details):	
1	തൊഴിൽ പട്ടികയും വിശദവിവരങ്ങൾ കണ്ടെത്തുക. തൊഴിലിന്റെ പേര് , ഒഴിവുകളുടെ എണ്ണം, തൊഴിൽ ദായകന്റെ പേര് , തൊഴിലിന്റെ തരം , തൊഴിലിന്റെ ആനുകൂല്യങ്ങളും, വേതന വിവരങ്ങളും , തെരഞ്ഞെടുപ്പ് രീതി, യോഗ്യതയും മുൻപരിചയവും.
അപേക്ഷ നിർവഹിക്കൽ (Application Process):	
1	തൊഴിൽ അവസരങ്ങൾ ഫിൽറ്റർ ചെയ്യുന്നതിനും Quick Apply ഓപ്ഷൻ ഉപയോഗിക്കുന്നതിൽ പ്രാവീണ്യം നേടുക.
2	തൊഴിലിന്റെ വിശദമായ വിവരങ്ങൾ, ജോലി വിവരണം (Job Description), എന്നിവ മനസിലാക്കുക.
3	പ്രത്യേക ആവശ്യം നിറവേറ്റുന്ന തൊഴിൽ അവസരങ്ങൾ തെഞ്ഞെടുക്കുക.
4	അപേക്ഷ ട്രാക്കിംഗും ഫീഡ്ബാക്കും:
5	Applied Jobs വിഭാഗത്തിലൂടെ അപേക്ഷിച്ച തൊഴിലുകൾ കണ്ടെത്തുക.
6	അപേക്ഷിച്ച തൊഴിലുകളിൽ പുരോഗതി പരിശോധിക്കുക.
7	വ്യത്യസ്ത മാർഗങ്ങൾ ഉപയോഗിച്ച് അപേക്ഷ നൽകൽ:
8	LinkedIn പോലുള്ള പ്ലാറ്റ്ഫോമുകൾ വഴിയുള്ള അപേക്ഷ നയങ്ങൾ മനസിലാക്കുക.

ഭാഗം 2- പഠന ലക്ഷ്യങ്ങൾക്കനുസരിച്ച്: പഠന ഫലങ്ങൾ (Learning Outcomes)	
അഭ്യസന ലക്ഷ്യങ്ങൾ	**പഠന ഫലങ്ങൾ**
പ്ലാറ്റ്ഫോം പരിചയം	ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ പ്രവർത്തനങ്ങളിലേക്ക് ലഭ്യമായ തൊഴിലുകളുടെ ലിസ്റ്റ് - സ്വയം പ്രവേശിക്കാനുള്ള കഴിവ്.
തൊഴിൽ അപേക്ഷ പ്രക്രിയയുടെ അറിവ്	ഫിൽറ്റർ ഓപ്ഷനുകൾ ഉപയോഗിച്ച് ആവശ്യങ്ങൾക്കനുസരിച്ചുള്ള തൊഴിൽ സാധ്യതകൾ കണ്ടെത്തൽ.
വിവര സംഗ്രഹനം-ജോബ് ഡെസ്ക്രിപ്ഷൻ മനസിലാക്കുക	ജോബ് ഡെസ്ക്രിപ്ഷൻ മനസിലാക്കുക, പ്രവർത്തന പ്രാവീണ്യത്തിനും യോഗ്യതയ്ക്കും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുക.
അപേക്ഷ ട്രാക്കിംഗും ഫീഡ്ബാക്കും	അപ്ലിക്കേഷൻ സ്റ്റാറ്റസ് തരംതിരിച്ച് ശേഖരിക്കൽ, Applied Jobs ഓപ്ഷൻ ഫലപ്രദമായി ഉപയോഗിക്കൽ.
വ്യത്യസ്ത മാർഗങ്ങൾ ഉപയോഗിച്ച് അപേക്ഷ നൽകൽ	LinkedIn പോലുള്ള വൈവിധ്യമാർഗ്ഗങ്ങൾ ഉപയോഗിച്ച് അപേക്ഷ നിർവഹിക്കൽ.

ഭാഗം 2-പരിശോധന വിഭാഗങ്ങൾ		
1. പ്ലാറ്റ്ഫോം അറിവ് (Platform Familiarity):		
	പരിശോധന കാര്യങ്ങൾ	സ്ഥിതി -o- വൃത്താകൃതി ക്കുള്ളിലാക്കുക
1	DWMS പ്ലാറ്റ്ഫോം ഉപയോഗിച്ച് അറിയാമോ?	■/✕
2	തൊഴിലന്വേഷകന്റെ തൊഴിലിന്റെ മുൻഗണന ക്രമീകരണങ്ങൾ filter ഉപയോഗിച്ച് തൊഴിൽ തിരയാൻ കഴിവുണ്ടോ , അറിവുണ്ടോ?	■/✕
3	Search ബട്ടൺ ഉപയോഗിച്ച് തൊഴിൽ തിരയാൻ കഴിവുണ്ടോ?	■/✕
4	Filter ഓപ്ഷനുകൾ ഉപയോഗിച്ച് തൊഴിൽ തിരയാൻ അറിയാമോ?	■/✕
2. തൊഴിൽ ലിസ്റ്റിംഗും വിവരവും (Job Listing & Details):		
	പരിശോധന കാര്യങ്ങൾ	സ്ഥിതി
1	ലഭ്യമായ തൊഴിലുകളുടെ ലിസ്റ്റ് കാണാനാവുമോ?	■/✕
2	തൊഴിൽ വിവരണങ്ങൾ (Job Description) മനസിലാക്കാൻ കഴിവുണ്ടോ?	■/✕
3	Quick Apply ഓപ്ഷൻ ഉപയോഗിക്കാൻ അറിയാമോ?	■/✕
3. അപേക്ഷ നിർവഹിക്കൽ (Application Process):		
	പരിശോധന കാര്യങ്ങൾ	സ്ഥിതി
1	Apply ബട്ടൺ ക്ലിക്ക് ചെയ്ത് തൊഴിൽ അപേക്ഷിക്കാൻ അറിയാമോ?	■/✕
2	DWMSവഴി LinkedIn അപേക്ഷ നടത്താൻ കഴിവുണ്ടോ?	■/✕
3	അപേക്ഷിച്ച തൊഴിലുകളുടെ പട്ടിക Applied Jobs-ൽ ട്രാക്ക് ചെയ്യാമോ?	■/✕
വ്യക്തിഗത കാഴ്ചപ്പാടുകൾ (User Insights) :		
		സ്ഥിതി
1	സാധാരണ ആയി നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്താനായോ?	■/✕
2	career Page ഉപയോഗിക്കുന്നതിൽ ആശങ്കകളുണ്ടോ?	■/✕
3	ട്രെയിനിങ് ഫലമായി മുൻപരിചയമില്ലാത്ത പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കുന്നു?	
പ്രതിരൂപനം (Feedback):		
	പരിശോധന കാര്യങ്ങൾ	സ്ഥിതി

34

1	ട്രെയിനിങ് ഫലപ്രദമായതായി തോന്നുന്നുണ്ടോ?	■/✕
2	പ്ലാറ്റ്ഫോമിന്റെ പ്രയോജനങ്ങളിൽ (Ease of Use) സംതൃപ്തമാണോ?	■/✕
3	ഭാവിയിൽ കൂടുതൽ പരിശീലന ആവശ്യകതകളുണ്ടോ?	■/✕

സാക്ഷ്യപ്പെടുത്തൽ:

നോളജ് ഇക്കണോമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ എങ്ങിനെ രജിസ്റ്റർ ചെയ്യാം എന്ന ട്രൈനിങ്റ്റ ഭാഗമായി തൊഴിലന്വേഷകന്റെ പൊതുവിവരങ്ങൾ DWMS ൽ വിജയകരമായി സ്വയം രേഖപ്പെടുത്തുക ,തൊഴിൽ അന്വേഷകന് സ്വന്തം DWMS പ്രൊഫൈലിൽ രേഖപ്പെടുത്തുക എന്ന പ്രക്രിയയുടെ പ്രധാന്യം ഞാൻ സമ്പൂർണമായി മനസിലാക്കുന്നു .

പേര്,ഒപ്പ് ,തീയതി :

ജോലി :
ഇമെയ്യിൽ ഐഡി :
വാട്ട്സ് ആപ്പ് നംബർ :

പ്രതിനിധാനം ചെയുന്ന ജില്ലാ :
പ്രതിനിധാനം ചെയുന്ന LSGD യൂണിറ്റ് :

പ്രതികരണങ്ങളും നിർദ്ദേശങ്ങളും:

35